# പതിനഞ്ചാം കേരള നിയമസഭ

# പന്ത്രണ്ടാം സമ്മേളനം

2024 ഒക്ടോബർ 9, ബുധൻ

**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--382]**

| **മറുപടി നൽകുന്ന മന്ത്രിമാർ** | **ചോദ്യ നമ്പർ** |
|---|---|
| പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി | : 795 മുതൽ 905 വരെ |
| വനം-വന്യജീവി വകുപ്പ് മന്ത്രി | : 906 മുതൽ 970 വരെ |
| ജലവിഭവ വകുപ്പ് മന്ത്രി | : 971 മുതൽ 1100 വരെ |
| മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി | : 1101 മുതൽ 1176 വരെ |

## പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പ്രവർത്തനങ്ങൾ

795 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സ്വന്തമായി ഭൂമിയും വീടും എന്ന സ്വപ്നം യഥാർത്ഥ്യമാക്കുവാൻ വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പേർക്ക് ഭൂമിയുടെ കൈവശാവകാശ രേഖകൾ കൈമാറിയിട്ടുണ്ട്; വിശദമാക്കാമോ;

(സി) നിയമപരമായ സങ്കീർണ്ണതകൾ മൂലം അപരിഹാര്യമായി തുടരുന്ന ഭൂപ്രശ്നങ്ങൾ പരിഹരിക്കുവാനാവശ്യമായ നടപടികൾ വേഗത്തിലാക്കുവാൻ നടപടി സ്വീകരിക്കുമോ?

## പട്ടികജാതി വികസന വകുപ്പിന്റെ ധനസഹായത്തോടെ വാങ്ങിയ ഭൂമി കൈമാറ്റം

796 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിന്റെ ഫണ്ടിൽ നിന്നുമുള്ള ധനസഹായത്തോടെ വീട് വയ്ക്കുന്നതിന് വാങ്ങിയ സ്ഥലം, വെള്ളം കയറുന്നതിനാൽ വീട് പണിയുന്നതിന് സാധ്യമാകാത്ത സാഹചര്യത്തിൽ, പ്രസ്തുത ഭൂമി കൈമാറുന്നതിന് ഗുണഭോക്താവിന് പ്രത്യേക അനുമതി ലഭ്യമാക്കുമോ;

(ബി) പുതുക്കാട് ഗ്രാമ പഞ്ചായത്ത്, കൊടകര ബ്ലോക്ക്, ചെങ്ങാലൂർ കണ്ണമ്പത്തൂർ നിവാസിയായ ശ്രീ.രമേഷ് റ്റി.ആർ. പട്ടികജാതി വികസനവകുപ്പിന്റെ

ധനസഹായത്തോടെ വാങ്ങിയ ഭൂമി വീട് വയ്ക്കുന്നതിന് യോഗ്യമല്ലാത്തതിനാൽ ഉപാധികളോടെയെങ്കിലും പ്രസ്തുത ഭൂമി കൈമാറ്റം ചെയ്യുന്നതിനായി സമർപ്പിച്ച അപേക്ഷയിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ;

(സി) വീട് വയ്ക്കാൻ കഴിയാത്ത പ്രസ്തുത സ്ഥലം വിൽക്കുന്നതിന് ഉപാധികളോടെയാണെങ്കിലും ടിയാന് അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

## <u>ലൈഫ് പദ്ധതി പ്രകാരം ആദിവാസി കുടുംബങ്ങൾക്ക് അനുവദിച്ച വീടുകൾ</u>

797 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് പദ്ധതി പ്രകാരം എത്ര ആദിവാസി കുടുംബങ്ങൾക്ക് വീട് നൽകിയിട്ടുണ്ട്; എത്രയെണ്ണം പൂർത്തീകരിച്ചു; ഇനി എത്രയെണ്ണം പൂർത്തീകരിക്കാനുണ്ട്; വ്യക്തമാക്കുമോ,;

(ബി) പ്രസ്തുത ആവശ്യത്തിന് ലൈഫ് പദ്ധതിയിൽ നിന്നും എത്ര തുക വകയിരുത്തി; അതിൽ എത്ര അനുവദിച്ചു; കണക്കുകൾ ലഭ്യമാക്കുമോ;

(സി) പട്ടികവർഗ്ഗ വികസന വകുപ്പ് ഇതുവരെ ലൈഫ് മിഷന് എത്ര തുക അനുവദിച്ചു; പദ്ധതി ആരംഭിച്ച ശേഷം ഓരോ വർഷവും അനുവദിച്ച തുകയുടെ കണക്കുകൾ ലഭ്യമാക്കുമോ?

## <u>ലാന്റ് ബാങ്ക് പദ്ധതി</u>

798 **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്ന ലാന്റ് ബാങ്ക് പദ്ധതിയിലേക്ക് ഏറ്റെടുത്ത വൈപ്പിൻ മണ്ഡലത്തിലെ എളങ്കുന്നപ്പുഴ പഞ്ചായത്തിലെ 32.10 ആർ ഭൂമി പട്ടികവർഗ്ഗക്കാർക്ക് വിതരണം ചെയ്യുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ;

(ബി) പ്രസ്തുത ഭൂമി രജിസ്ട്രേഷൻ നടത്തി പ്ലോട്ടുകളാക്കി വിതരണം നടത്തുന്നതിന് നേരിടുന്ന കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിപ്രകാരം ഭൂമി നൽകേണ്ട അർഹരായ പട്ടികവർഗ്ഗ കുടുംബങ്ങളെ തെരഞ്ഞെടുത്തിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) പ്രസ്തുത പഞ്ചായത്തിൽ വെള്ളക്കെട്ടിനാൽ ബുദ്ധിമുട്ടുന്ന ചാപ്പകടപ്പുറത്തെ പതിമൂന്ന് കുടുംബങ്ങൾക്ക് പ്രസ്തുത ഭൂമിയിൽ പ്ലോട്ടുകൾ ലഭ്യമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ;

(ഇ) പ്രസ്തുത ഭൂമി എന്നത്തേക്ക് അർഹരായ കുടുംബങ്ങൾക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

## <u>അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി</u>

799 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് മണ്ഡലത്തിൽ പാട്യം പഞ്ചായത്തിലെ അമ്മാറമ്പ് സങ്കേതത്തിലെ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ ഇഴഞ്ഞു നീങ്ങുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പൂർത്തീകരിച്ച പ്രവൃത്തികൾ ഒന്നും തന്നെ കാര്യക്ഷമമല്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) സാംസ്കാരിക നിലയം നിർമ്മാണം, ഭവന നവീകരണം, ഭവന നിർമ്മാണം, നടപ്പാത നിർമ്മാണം തുടങ്ങിയ പ്രവൃത്തികൾ ഫലപ്രദമായി പൂർത്തിയാക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ;

(ഡി) മുണ്ടയോട് സങ്കേതത്തിൽ കാലപ്പഴക്കമുള്ള സാംസ്കാരിക നിലയം കെട്ടിടം പൊളിച്ച് മാറ്റി വെൽനസ് സെന്റർ ഉൾപ്പെടെ അത്യാധുനിക സൗകര്യത്തോടെ പുനർ നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിക്കുമോ; വിശദമാക്കുമോ?

## <u>അംബേദ്കർ ഗ്രാമം പദ്ധതി</u>

800 **ശ്രീ . മുഹമ്മദ് മുഹസിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരമേറ്റശേഷം പട്ടാമ്പി മണ്ഡലത്തിൽ എത്ര നഗറുകളെയാണ് അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്നതിന് തെരഞ്ഞെടുത്തിട്ടുള്ളതെന്നും ഓരോ നഗറിനും എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത നഗറുകളുടെ നവീകരണം സംബന്ധിച്ച പുരോഗതി അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

## <u>അംബേദ്കർ ഗ്രാമം പദ്ധതി</u>

801 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈപ്പമംഗലം മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം അനുവദിക്കപ്പെട്ട പൊന്നാംപടി നഗർ, എസ്.ബി. നഗർ, എടവിലങ്ങ് പന്ത്രണ്ടാം വാർഡ് നഗർ എന്നിവയുടെ നിർമ്മാണ പുരോഗതി വിലയിരുത്താമോ;

(ബി) പ്രസ്തുത നഗറുകളുടെ നിർമ്മാണം എത്രയും വേഗത്തിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ?

## <u>അംബേദ്കർ ഗ്രാമം പദ്ധതി മാനദണ്ഡങ്ങളിലെ ഭേദഗതി</u>

802 **ശ്രീ. പി. ടി. എ. റഹീം** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി നഗറുകളുടെ സമഗ്ര വികസനത്തിന് വിഭാവനം ചെയ്ത അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നഗറുകൾ തെരഞ്ഞെടുക്കാനുള്ള മാനദണ്ഡങ്ങളിൽ ഭേദഗതി വരുത്താൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നഗറുകളെ തെരഞ്ഞെടുക്കുമ്പോൾ പട്ടികജാതി കുടുംബങ്ങളുടെ എണ്ണം കൂടുതലുള്ള നഗറുകൾക്ക് മുൻഗണന നൽകാനുള്ള വ്യവസ്ഥ ഉൾപ്പെടുത്തുമോ; വ്യക്തമാക്കുമോ?

## കുറ്റ്യാടി മണ്ഡലത്തിലെ അംബേദ്കർ ഗ്രാമ വികസന പദ്ധതി

803 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമ പദ്ധതിയുടെ ഭാഗമായി അനുമതി ലഭിച്ച കുറ്റ്യാടി മണ്ഡലത്തിലെ കുളിക്കുന്ന്, ചോയിമഠം, വാളാഞ്ഞിക്കുളങ്ങരത്ത് പട്ടികജാതി നഗർ പദ്ധതികളുടെ നിലവിലെ അവസ്ഥ അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് അംഗീകാരം ലഭിച്ചതെന്നാണെന്നും പദ്ധതികൾ ആരംഭിക്കാൻ വൈകുന്നത് എന്തുകൊണ്ടാണെന്നും വിശദമാക്കാമോ;

(സി) കുളിക്കുന്ന് പട്ടികജാതി നഗറിന്റെ സാങ്കേതിക അനുമതി ലഭ്യമായിട്ടുണ്ടോ; എങ്കിൽ കരാർ വെച്ച് അടിയന്തരമായി പ്രവൃത്തി തുടങ്ങുന്നതിന് നടപടികൾ സ്വീകരിക്കാമോ?

## ചേലേമ്പ്ര പഞ്ചായത്തിലെ നഗറുകളുടെ നവീകരണം

804 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലേമ്പ്ര പഞ്ചായത്തിലെ നീലിതൊടി നഗർ, ചോലയിൽ പുറായി നഗർ, പള്ളിക്കൽ പഞ്ചായത്തിലെ കുന്നത്ത്പറമ്പ് നഗർ എന്നിവ ഭവനസുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്നതിന് ഫണ്ട് അനുവദിക്കുവാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നഗറുകൾ നവീകരിക്കുന്നതുമായി ബന്ധപ്പെട്ട് വകുപ്പ് തലത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

## കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ പട്ടികജാതി പട്ടികവർഗ നഗറുകളുടെ അടസ്ഥാന സൗകര്യ വികസനം

805 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാലാച്ചിറ സെറ്റിൽമെന്റ് നഗർ നിവാസികളുടെ റോഡ് സൗകര്യം, കുടിവെള്ള ലഭ്യത, വൈദ്യുതി കണക്ഷൻ എന്നിവയിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയ പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗക്കാരുടെ വീടുപണി പൂർത്തിയാക്കാത്ത സാഹചര്യം പരിശോധിക്കുമോ; വിശദീകരിക്കാമോ;

(സി) നഗറുകളിൽ ദീർഘകാലമായി താമസിക്കുന്നവർക്ക് പട്ടയം, ഉടസ്ഥാവകാശം എന്നിവ നൽകുന്നതുമായി ബന്ധപ്പെട്ട പ്രശ്നം ഏത് രീതിയിൽ പരിഹരിക്കുവാനാണ് സർക്കാർ ശ്രമിക്കുന്നത്; വിശദമാക്കാമോ;

(ഡി) കടപ്ലാമറ്റം പഞ്ചായത്തിലെ ഇലയ്ക്കാട് നഗർ നിവാസികളുടെ പട്ടയ പ്രശ്നത്തിന് പരിഹാരം കണ്ടെത്തുന്നതിനായി സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(ഇ) കടുത്തുരുത്തി പഞ്ചായത്തിലെ മധുരവേലി അംബേദ്കർ ഗ്രാമം പദ്ധതിക്ക് ഇതുവരെയും തുടക്കംകുറിക്കാൻ കഴിയാത്ത പ്രശ്നം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(എഫ്) ആച്ചിക്കൽ അംബേദ്കർ ഗ്രാമം പദ്ധതി താമസംവിനാ പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ;വ്യക്തമാക്കാമോ;

(ജി) നഗറുകളിൽ ദീർഘകാലമായി താമസിക്കുന്നവർക്ക് പട്ടയം നൽകുന്നതിനും, റേഷൻ കാർഡ് ഇല്ലാത്ത മുഴുവൻ കുടുംബങ്ങൾക്കും ബി.പി.എൽ റേഷൻ കാർഡ് നൽകുന്നതിനും വകുപ്പ് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

## അമ്പലപ്പുഴ മണ്ഡലത്തിലെ നഗറുകളുടെ നവീകരണത്തിനായി അനുവദിച്ച ഫണ്ട്

806 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമവികസന പദ്ധതിയിലുൾപ്പെടുത്തി അമ്പലപ്പുഴ മണ്ഡലത്തിലെ ഏതൊക്കെ നഗറുകളുടെ നവീകരണത്തിനായി ഫണ്ട് അനുവദിച്ചുവെന്നും, എത്ര രൂപ വീതമാണ് ഓരോ നഗറുകൾക്കും അനുവദിച്ചിട്ടുള്ളതെന്നും, വർഷം, അനുവദിച്ച തുക എന്നിവ സഹിതം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നഗറുകളുടെ നവീകരണം നടത്താൻ സർക്കാർ ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി ഏതൊക്കെ നഗറുകൾക്കാണ് തുക അനുവദിച്ചത്; എത്ര തുക വീതമാണ് അനുവദിച്ചതെന്നും, ഏത് ഏജൻസിക്കാണ് നഗറുകളുടെ നവീകരണ ചുമതല നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

## എലപ്പുള്ളി പഞ്ചായത്തിലെ അംബേദ്കർ ഗ്രാമ വികസന പദ്ധതി

807 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള മലമ്പുഴ മണ്ഡലത്തിലെ എലപ്പുള്ളി പഞ്ചായത്തിലെ കാരാങ്കോട്, കള്ളാംതോട് എന്നീ രണ്ട് നഗറുകളുടെ നവീകരണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നഗറുകളുടെ നവീകരണത്തിനായി വകുപ്പ് ഡയറക്ടർക്ക് സമർപ്പിച്ച വിശദമായ എസ്റ്റിമേറ്റിന്മേൽ പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## ചിപ്പിലിത്തോട്-കരിനാട് ഉന്നതിയിലെ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി

808 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ടു വർഷം മുമ്പ് അനുമതി ലഭിച്ച കോഴഞ്ചേരി പഞ്ചായത്തിലെ ചിപ്പിലിത്തോട്-കരിനാട് പട്ടികവർഗ്ഗ ഉന്നതിയിലെ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി പ്രവൃത്തികൾ ഇനിയും ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കുമോ;

(ബി) പട്ടികവർഗ്ഗ ഡയറക്ടറേറ്റിൽ നിന്നും വിശദ പദ്ധതി രൂപരേഖയ്ക്ക് അനുമതി ലഭിക്കുന്നതിന് കാലതാമസം നേരിടുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പ്രവൃത്തി എപ്പോൾ തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

## നെയ്യാറ്റിൻകര മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി

809 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതിയിൽ 2021 മുതൽ നാളിതുവരെ എത്ര നഗറുകൾ നവീകരിക്കുന്നതിനു വേണ്ടി ഫണ്ട് അനുവദിച്ചിട്ടുണ്ട്; അനുവദിച്ച ഫണ്ട് എത്രയെന്നു വിശദമാക്കാമോ;

(ബി) അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെട്ട ഏതൊക്കെ പ്രവൃത്തികളാണ് പൂർത്തീകരിച്ചത് എന്ന് വ്യക്തമാക്കാമോ; പ്രവൃത്തി ആരംഭിക്കാത്ത നഗറുകൾ ഏതൊക്കെയെന്ന് വിശദമാക്കാമോ?

## പൂഞ്ഞാർ മണ്ഡലത്തിലെ പട്ടികവർഗ്ഗ നഗർ വികസനം

810 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പൂഞ്ഞാർ മണ്ഡലത്തിലെ എരുമേലി എരുത്വാപ്പുഴ മലവേടർ പട്ടികവർഗ്ഗ നഗർ, തുമരംപാറ പട്ടികവർഗ്ഗ നഗർ എന്നിവയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ?

## അംബേദ്കർ ഗ്രാമം, അംബേദ്കർ സെറ്റിൽമെന്റ് പദ്ധതികൾ

811 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമം, അംബേദ്കർ സെറ്റിൽമെന്റ് പദ്ധതികൾ പൂർത്തീകരിക്കുന്നതിൽ കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതികളുടെ എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിന് ജില്ലാ കളക്ടർ അദ്ധ്യക്ഷനായ പ്രത്യേക സമിതിയെ ചുമതലപ്പെടുത്തുന്നതിൽ തടസ്സമുണ്ടോ; വിശദമാക്കുമോ?

## കോങ്ങാട് മണ്ഡലത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ നഗറുകൾ

812 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിൽ എത്ര പട്ടികജാതി-പട്ടികവർഗ്ഗ നഗറുകൾ ഉണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നഗറുകളിൽ എത്ര കുടുംബങ്ങൾ താമസിക്കുന്നുണ്ടെന്ന് നഗർ തിരിച്ച് വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പ്രസ്തുത നഗറുകളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നത് ഉൾപ്പെടെ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

## അംബേദ്കർ ഗ്രാമം പദ്ധതിയുടെ മാനദണ്ഡങ്ങൾ

813 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമം പദ്ധതിയുടെ മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; പ്രസ്തുത മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) പ്രസ്തുത മാനദണ്ഡങ്ങൾ അനുസരിച്ച് നിശ്ചിത എണ്ണം കുടുംബങ്ങൾ ഇല്ലാത്ത പട്ടികജാതി നഗറുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് പദ്ധതിയുണ്ടോ; വിശദമാക്കാമോ?

## അംബേദ്കർ ഗ്രാമം പദ്ധതി

814 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വരടിയം അംബേദ്കർ ഗ്രാമത്തിന്റെ നവീകരണത്തിൽ ഉൾപ്പെടുത്തിയിരുന്ന 87 വീടുകളിൽ നിർമ്മാണം പൂർത്തിയാകാത്ത ശേഷിക്കുന്ന 30 വീടുകളുടെ നിർമ്മാണ പ്രവൃത്തിയുടെയും കോൺക്രീറ്റ് റോഡിന്റെ നിർമ്മാണ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

## അംബേദ്കർ സ്വയം പര്യാപ്ത ഗ്രാമം പദ്ധതി

815 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ സ്വയം പര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെട്ട കാട്ടാക്കട മണ്ഡലത്തിലെ ളുങ്ങാംപാറ നഗർ നവീകരണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ; പദ്ധതി എന്ന് പൂർത്തീകരിക്കാനാകുമെന്ന് വിശദമാക്കാമോ?

## വെള്ളമാന്നൂർക്കോണം, മുതുവല്ലൂർ പയർ വിളാകം നഗർ നവീകരണം

816 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ സ്വയം പര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെട്ട കാട്ടാക്കട മണ്ഡലത്തിലെ വെള്ളമാന്നൂർക്കോണം നഗർ നവീകരണം, മുതുവല്ലൂർ പയർവിളാകം നഗർ നവീകരണം എന്നീ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) മുതുവല്ലൂർ പയർവിളാകം നഗർ നവീകരണ പദ്ധതിക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതി എപ്പോൾ ഭരണാനുമതിക്കായി സമർപ്പിക്കാനാകുമെന്ന് അറിയിക്കാമോ?

**<u>വൈപ്പിൻ മണ്ഡലത്തിൽ 2021-24 കാലഘട്ടത്തിലെ അംബേദ്കർ ഗ്രാമ വികസന പദ്ധതി പ്രവൃത്തികൾ</u>**

817 **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിൽ 2021-24 കാലഘട്ടത്തിൽ അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച നഗറുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(സി) നായരമ്പലം ഗ്രാമപഞ്ചായത്തിലെ തേങ്ങാത്തറ നഗറിലെ പ്രവൃത്തികൾ ആരംഭിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

**<u>പട്ടികജാതി-പട്ടികവർഗ്ഗ ഉന്നതികളിലെ വികസന പ്രവർത്തനങ്ങൾ</u>**

818 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ ഉന്നതികളുടെ വിശദാംശങ്ങൾ ഗ്രാമപഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ; ഈ നഗറുകളിൽ നിലവിൽ എത്ര കുടുംബങ്ങളാണ് താമസിച്ചുവരുന്നത്; വിശദമാക്കാമോ;

(ബി) 2016 മുതൽ നാളിതുവരെ പ്രസ്തുത മണ്ഡലത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ ഉന്നതികളിൽ നടത്തിയിട്ടുള്ള വികസന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ?

**<u>അംബേദ്കർ ഗ്രാമ വികസന പദ്ധതി</u>**

819 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 2023-24, 2024-25 വർഷങ്ങളിൽ മലപ്പുറം ജില്ലയിലെ എത്ര സദ്ഗ്രാമങ്ങളിൽ (നഗറുകളിൽ) നവീകരണ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ടെന്ന് ബ്ലോക്ക് തിരിച്ച് വിവരം ലഭ്യമാക്കുമോ;

(ബി) നവീകരണ പ്രവൃത്തികൾ നടന്നുവരുന്ന സദ്ഗ്രാമങ്ങളുടെ ബ്ലോക്ക് തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവൃത്തി ആരംഭിച്ച പെരിന്തൽമണ്ണ മണ്ഡലത്തിലെ സദ്ഗ്രാമങ്ങളിലെ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

**<u>വാഴപ്പള്ളി സെറ്റിൽമെന്റ് നഗർ നവീകരണം</u>**

820 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി ചങ്ങനാശ്ശേരി മണ്ഡലത്തിൽ അനുവദിച്ച വാഴപ്പള്ളി സെറ്റിൽമെന്റ് നഗറിലെ നവീകരണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കാമോ;

(സി) പ്രസ്തുത ഏജൻസി എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസം നേരിടുന്നതിനുള്ള കാരണം വിശദമാക്കാമോ?

## <u>കോന്നി മണ്ഡലത്തിലെ നഗറുകളിലെ നിർമ്മാണ പുരോഗതി</u>

821 **ശ്രീ കെ യു ജനീഷ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി മണ്ഡലത്തിൽ പട്ടികജാതി കോർപ്പസ് ഫണ്ടിൽ നിന്നും തുക അനുവദിച്ച് പ്രവൃത്തി ആരംഭിച്ച കലഞ്ഞൂർ പഞ്ചായത്തിലെ പാടം-ഇരുട്ടുതറ ലക്ഷംവീട് നഗർ പ്രവൃത്തി, പ്രമാടം പഞ്ചായത്തിലെ കൈതക്കര പട്ടികവർഗ്ഗ നഗർ പ്രവൃത്തി, അരുവാപുലം പഞ്ചായത്തിലെ കാട്ടാത്തി കോട്ടാംപാറ പട്ടികവർഗ്ഗ നഗർ പ്രവൃത്തി എന്നിവയുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

## <u>വനാവകാശ നിയമപ്രകാരം വിതരണം ചെയ്ത ഭൂമി</u>

822 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പട്ടിക വർഗ്ഗക്കാർക്കായി വനാവകാശ നിയമപ്രകാരം എത്ര ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ടെന്നും എത്ര കുടുംബങ്ങൾക്ക് ഈ പദ്ധതി പ്രയോജനകരമായിട്ടുണ്ടെന്നും അറിയിക്കാമോ?

## <u>നെന്മാറ മണ്ഡലത്തിൽ വനവകാശ നിയമപ്രകാരം പതിച്ചു നൽകിയ ഭൂമിയുടെ കണക്ക്</u>

823 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നെന്മാറ മണ്ഡലത്തിലെ എത്ര പട്ടികവർഗ്ഗ കുടുംബങ്ങൾക്കാണ് വനവകാശ നിയമപ്രകാരം ഭൂമി പതിച്ച് നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഇനി എത്ര കുടുംബങ്ങൾക്കാണ് ഭൂമി കൊടുക്കാൻ തീരുമാനിച്ചിട്ടുള്ളതെന്നും ഇതിനായുള്ള ഭൂമി കണ്ടെത്തിയിട്ടുണ്ടോയെന്നും വിശദമാക്കുമോ?

## <u>പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയാൻ നടപടി</u>

824 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. എൻ. ഷംസുദ്ദീൻ**

**ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ പഠനം പൂർത്തിയാക്കുന്നതിന് മുമ്പ് സ്കൂളുകളിൽ നിന്നും കൊഴിഞ്ഞുപോകുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഇത്തരം കുട്ടികളെ തിരികെ സ്കൂളുകളിൽ എത്തിക്കുന്നതിനും അവരുടെ തുടർ വിദ്യാഭ്യാസത്തിനും സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) ആദിവാസി മേഖലയിലെ വിദ്യാർത്ഥികൾക്ക് യാത്രാസൗകര്യം ഒരുക്കുന്നതിനും പ്രഭാത ഭക്ഷണം നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ആദിവാസി വിദ്യാർത്ഥികളുടെ പഠന നിലവാരം അവലോകനം ചെയ്യുന്നതിനും കുട്ടികളുടെ പങ്കാളിത്തം സ്കൂളുകളിൽ ഉറപ്പാക്കുന്നതിനും ആവിഷ്കരിക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

## <u>പട്ടികജാതി വിദ്യാർഥികൾക്കുള്ള പഠനസഹായം</u>

825 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സെൽഫ് ഫിനാൻസിംഗ് കോളേജുകളിലെ ബിരുദ കോഴ്സുകളിൽ പ്രവേശനം ലഭിച്ച പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനസഹായം നൽകി വരുന്നുണ്ടോ; വിശദമാക്കാമോ;

(ബി) എങ്കിൽ പ്രസ്തുത പഠനസഹായം നൽകുന്നത് എന്തിന്റെയെല്ലാം അടിസ്ഥാനത്തിലാണെന്ന് വിശദമാക്കാമോ;

(സി) നിലവിലെ വാർഷിക വരുമാന പരിധിയായ രണ്ടര ലക്ഷം രൂപ എന്നത് വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ഡി) പഠനസഹായത്തിനുള്ള ഇത്തരം ആനുകൂല്യങ്ങൾ സമയബന്ധിതമായി വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

## <u>ഉന്നതി സ്കോളർഷിപ്പിനുള്ള മാനദണ്ഡങ്ങൾ</u>

826 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന ഉന്നതി ഓവർസീസ് സ്കോളർഷിപ്പിനുള്ള അർഹത നേടാനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ?

## <u>പ്രൊഫഷണൽ എൻട്രൻസ് പഠനത്തിനുള്ള പദ്ധതികൾ</u>

827 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി വിഭാഗ വിദ്യാർത്ഥികളിൽ നിന്നും പ്രൊഫഷണൽ എൻട്രൻസ് പഠനത്തിന് എത്തുന്നവർക്ക് ഏതെല്ലാം പദ്ധതികളിൽ നിന്നാണ് സഹായം ലഭ്യമാകുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പഠനത്തിനായി ആശ്രയിക്കാവുന്ന സ്ഥാപനങ്ങളിൽ എംപാനൽ ചെയ്യപ്പെട്ടതും വിദ്യാർത്ഥികൾക്ക് സഹായം ലഭിക്കുമെന്ന് ഉറപ്പുള്ളതുമായ സ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന് വിദ്യാർത്ഥികൾക്ക് അറിയാനായി എന്തെല്ലാം മാർഗ്ഗങ്ങളാണ് വകുപ്പ് ഒരുക്കിയിട്ടുള്ളത്; വിശദമാക്കുമോ?

## <u>പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിൽ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കാൻ പദ്ധതി</u>

828 **ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീ. ലിന്റോ ജോസഫ്**
**ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിൽ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിനായി ഏതൊക്കെ പദ്ധതികളാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ;

(ബി) പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനവും സഹായവും നൽകുന്ന വിവിധ പദ്ധതികൾക്കായുള്ള ബജറ്റ് വിഹിതം നടപ്പ് സാമ്പത്തിക വർഷം വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാസമ്പന്നർക്കിടയിൽ സംരംഭകത്വത്തിനും സ്റ്റാർട്ടപ്പുകൾക്കും പ്രോത്സാഹനം നൽകുന്നതിന് വിഭാവനം ചെയ്ത ഉന്നതി പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ?

## <u>ലംപ്സം ഗ്രാന്റ് സംബന്ധിച്ച്</u>

829 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ സർക്കാർ, എയ്ഡഡ്, അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിലും പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികളുടെ ലംപ്സം ഗ്രാന്റ് ഓരോ ക്ലാസ്സിലും എത്ര രൂപ വീതം ഒരോ കുട്ടിയ്ക്കും നൽകിവരുന്നു എന്ന് വിശദമാക്കാമോ;

(ബി) കേരള സംസ്ഥാനം രൂപീകൃതമായത് മുതൽ ഇന്ന് വരെ ഈ കുട്ടികൾക്ക് നൽകി വരുന്ന ലംപ്സം ഗ്രാന്റിന്റെ തുക എപ്പോഴൊക്കെയാണ് വർദ്ധിപ്പിച്ച് നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) ഒരു വർഷത്തേയ്ക്ക് ഇത്രയും ചെറിയ തുക നൽകുന്നത് കൊണ്ട് വിദ്യാർത്ഥികൾക്ക് എന്ത് ഗുണം ലഭിക്കും എന്ന് വിശദമാക്കാമോ;

(ഡി) ലംപ്സം ഗ്രാന്റിന്റെ തുകയിൽ എന്തുകൊണ്ട് വർദ്ധനവ് വരുത്താൻ കഴിയുന്നില്ലെന്ന് വിശദമാക്കാമോ?

## <u>പട്ടികജാതി-പട്ടികവർഗ്ഗ മേഖലകളിലെ വിദ്യാഭ്യാസ നിലവാരം വർദ്ധിപ്പിക്കാൻ നടപടി</u>

830 **ശ്രീ ആന്റണി രാജു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിലെ വിദ്യാഭ്യാസനിലവാരം വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; ഇവയുടെ പ്രവർത്തന പുരോഗതി വിശദമാക്കുമോ;

(ബി) വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകൾ കൃത്യമായി വിതരണം ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) പഠനമുറി പദ്ധതി വിപുലീകരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നറിയിക്കുമോ;

(ഡി) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗ വിദ്യാർത്ഥികൾക്ക് ഡിജിറ്റൽ പഠനം ഉറപ്പാക്കുന്നതിനും അവരുടെ തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനുമായി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ?

## <u>പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ</u>

831 **ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ മുടങ്ങിയതു കാരണം നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ട്യൂഷൻ ഫീസ്, യൂണിഫോം അലവൻസ്, ഹോസ്റ്റൽഫീസ് തുടങ്ങിയ ആനുകൂല്യങ്ങൾ മുടങ്ങിയതിനാൽ വിദ്യാർത്ഥികൾ പഠനം ഉപേക്ഷിക്കുന്ന ഗുരുതര പ്രതിസന്ധി പരിഹരിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(സി) ഫണ്ടിന്റെ അപര്യാപ്തത മൂലമാണോ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ മുടങ്ങിയിട്ടുള്ളതെന്നും ഈ ആവശ്യത്തിനായി ഉൾപ്പെടുത്തിയിട്ടുള്ള ബജറ്റ് വിഹിതം എത്രയാണെന്നും നാളിതുവരെ എത്ര രൂപ ഇതിനായി ചെലവഴിച്ചിട്ടുണ്ടെന്നും അറിയിക്കുമോ ;

(ഡി) അടിയന്തരമായി ഫണ്ട് അനുവദിച്ചുകൊണ്ട് മുഴുവൻ കുടിശ്ശികയും വിതരണം ചെയ്യുവാൻ സർക്കാർ തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ ?

## <u>പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗ വിദ്യാർത്ഥികളുടെ ആനുകൂല്യങ്ങൾ</u>

832 **ശ്രീ. യു. എ. ലത്തീഫ്**
**ഡോ. എം. കെ. മുനീർ**
**ശ്രീ. പി. ഉബൈദുള്ള**

**ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിലെ വിദ്യാർത്ഥികളുടെ ട്യൂഷൻ ഫീസും ഹോസ്റ്റൽ ഫീസും നൽകുന്നത് മുടങ്ങിയതുമൂലം അവരുടെ പഠനം പ്രതിസന്ധിയിലാണെന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സർക്കാർ മെറിറ്റിൽ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ പ്രവേശനം നേടുന്ന പ്രസ്തുത വിഭാഗങ്ങളിലെ വിദ്യാർത്ഥികളുടെ ട്യൂഷൻ ഫീസ്, സ്പെഷ്യൽ ഫീസ്, ഹോസ്റ്റൽ ഫീസ്, പരീക്ഷ ഫീസ് എന്നിവ നൽകുന്നതിൽ കുടിശിക വരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) രണ്ട് വർഷത്തിലധികമായി മുടങ്ങിക്കിടക്കുന്ന പ്രസ്തുത ആനുകൂല്യങ്ങൾ എന്നത്തേക്ക് നൽകാൻ കഴിയും; വിശദമാക്കുമോ?

## <u>പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗ വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് വിതരണം</u>

833 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗ വിദ്യാർത്ഥികളുടെ ഇ-ഗ്രാന്റ്, മറ്റ് സ്കോളർഷിപ്പുകൾ എന്നിവ പൂർണമായും വിതരണം ചെയ്തു കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ ഓരോ ഇനത്തിലും എത്ര കുടിശികയുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) വിദ്യാർത്ഥികൾക്ക് പഠനം തുടരുന്നതിലെ ബുദ്ധിമുട്ട് പരിഗണിച്ച് കുടിശിക സമയബന്ധിതമായി തീർക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## <u>ഏറനാട് മണ്ഡലത്തിലെ സാമൂഹ്യ പഠനമുറി പദ്ധതി</u>

834 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഏറനാട് മണ്ഡലത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ സാമൂഹ്യ പഠനമുറി എവിടെയെല്ലാം നടപ്പാക്കിയിട്ടുണ്ട്; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കായി മണ്ഡലത്തിൽ എത്ര തുക വിനിയോഗിച്ചിട്ടുണ്ട്; വിശദമാക്കാമോ?

## <u>പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള ലംപ്സം ഗ്രാന്റ്/സ്റ്റൈപ്പന്റ്</u>

835 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നേഴ്സിംഗ് കോളേജുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള സ്റ്റൈപ്പന്റ് ഏതു വർഷംവരെ വിതരണം ചെയ്തുവെന്നും ,വിതരണത്തിലുള്ള കാലതാമസം ഒഴിവാക്കാൻ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വെബ് പോർട്ടലുകൾ ഇ-ഗ്രാന്റ് പോർട്ടലുമായി ബന്ധിപ്പിക്കുന്നതിനുള്ള നടപടി ഏതു ഘട്ടത്തിലാണെന്നും; വിശദമാക്കാമോ;

(ബി) സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഹയർ സെക്കണ്ടറിയിലും പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള ലംപ്സം ഗ്രാന്റ്/സ്റ്റൈപ്പൻഡ് വിതരണം ഏതു വർഷം വരെ പൂർത്തീകരിച്ചു; ഇനി ഏതു വർഷം മുതലുള്ളതാണ് കൊടുത്തു തീർക്കുവാനുള്ളത്; കൊടുത്തു തീർക്കുവാൻ സ്വീകരിച്ച നടപടി എന്താണ്; പ്രസ്തുത ഗ്രാന്റിൽ കേന്ദ്ര വിഹിതവും സംസ്ഥാന വിഹിതവും എത്രയാണ്; വിശദമാക്കാമോ?

## വെർച്വൽ പ്രീഎക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ

836 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ-പിന്നോക്ക വിഭാഗ വിദ്യാർത്ഥികളെ വിവിധ മത്സര പരീക്ഷകൾക്ക് പ്രാപ്തരാക്കുന്നതിനും നൈപുണ്യ പരിശീലനം നല്കുന്നതിനുമുള്ള വെർച്വൽ പ്രീഎക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ എവിടെയൊക്കെയാണ് ആരംഭിച്ചിട്ടുള്ളതെന്നറിയിക്കാമോ; വിശദമാക്കാമോ;

(ബി) കണ്ണൂർ ജില്ലയിൽ എവിടെയൊക്കെയാണ് പ്രസ്തുത സെന്ററുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

## മാവേലിക്കര ഉമ്പർനാട് ഐ.ടി.ഐ.

837 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര ഉമ്പർനാട് ഐ.ടി.ഐ. പട്ടികജാതി വികസന വകുപ്പിന്റെ അധീനതയിൽ ഉള്ളതാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത ഐ.ടി.ഐ. നിലനിൽക്കുന്ന സ്ഥലവും അതിനോട് ചേർന്ന് കിടക്കുന്ന സ്ഥലവും പട്ടികജാതി വികസന വകുപ്പിന്റെ അധീനതയിൽ ഉള്ളതാണോ എന്ന് വ്യക്തമാക്കുമോ;

(സി) മുൻപ് ചെറുകിട വ്യവസായ സംരംഭങ്ങൾ പ്രവർത്തിച്ചിരുന്ന ഈ സ്ഥലം നിലവിൽ ആരുടെ കൈവശമാണെന്ന് വ്യക്തമാക്കുമോ?

## വർക്കല ശ്രീനിവാസപുരം ഐ.ടി.ഐ. കെട്ടിട നിർമ്മാണം

838 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള വർക്കല ശ്രീനിവാസപുരം ഐ.ടി.ഐ. കെട്ടിട നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള ഫണ്ട് അനുവദിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയ്ക്കായി പൊതുമരാമത്ത് കെട്ടിട വിഭാഗം എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയിട്ടുണ്ടോ; എങ്കിൽ എസ്റ്റിമേറ്റ് തുക എത്രയാണെന്ന് വിശദമാക്കാമോ?

## പ്രീമെട്രിക് ഹോസ്റ്റൽ കെട്ടിടനിർമ്മാണം

839 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 ബജറ്റിൽ സൂചിപ്പിച്ചിട്ടുള്ള അഴീക്കോട് പ്രീമെട്രിക് ഹോസ്റ്റലിന്റെ പുതിയ കെട്ടിടനിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത പ്രീമെട്രിക് ഹോസ്റ്റലിന്റെ പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(സി) പ്രവൃത്തി ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

**<u>പട്ടികജാതി / പട്ടികവർഗ്ഗ യുവജനങ്ങൾക്കായി നടപ്പാക്കുന്ന തൊഴിലധിഷ്ഠിത നൈപുണ്യ വികസന പരിപാടി</u>**

840 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവജനങ്ങൾക്കായി നടപ്പാക്കുന്ന തൊഴിലധിഷ്ഠിത നൈപുണ്യ വികസന പരിശീലന പരിപാടികളിൽ 2016-17 മുതൽ 2022-23 വർഷം വരെ പരിശീലനം നേടിയവർ എത്രപേർ പുതിയ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും, തൊഴിൽ നേടിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

**<u>ട്രേസ് പദ്ധതി</u>**

841 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവിഭാഗത്തിൽപ്പെട്ട യുവ തലമുറകൾക്കായി നടപ്പാക്കുന്ന ട്രേസ് (ട്രെയിനിങ് ഫോർ കരിയർ എക്സലൻസ്) എന്ന പദ്ധതിയിലൂടെ എത്ര യുവജനങ്ങൾക്ക് ജോലിസാധ്യത കൂടിയ തൊഴിൽ പരിശീലനം നൽകിയിട്ടുണ്ട്;

(ബി) ഈ പദ്ധതിയിലൂടെ എത്ര പേർക്ക് തൊഴിൽ നൽകാമെന്ന് പ്രതീക്ഷിക്കുന്നു; വ്യക്തമാക്കാമോ ?

**<u>അംബേദ്കർ ഗ്രാമം പദ്ധതിയുടെ നിർവ്വഹണോദ്യോഗസ്ഥനെ മാറ്റി നിയമിക്കുക</u>**

842 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിലുൾപ്പെട്ട കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിലെ പാറയിൽ സെറ്റിൽമെൻറ് നഗറിൽ അനുവദിച്ചിട്ടുള്ള അംബേദ്കർ ഗ്രാമം പദ്ധതി നടത്തിപ്പിന് നിലവിൽ നിയോഗിച്ചിട്ടുള്ള നിർവഹണോദ്യോഗസ്ഥന് കഴിയാത്ത സാഹചര്യത്തിൽ ജില്ലാ നിർമ്മിതി കേന്ദ്രത്തിന് നിർവ്വഹണ ചുമതല നൽകണമെന്ന് ആവശ്യപ്പെട്ട് നൽകിയ നിവേദനത്തിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി നിർവ്വഹണത്തിനു പുതിയ ഉദ്യോഗസ്ഥനെ ഇതിനകം നിയമിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ ?

**<u>പട്ടികവർഗ്ഗക്കാരിൽ നിന്നും യൂണിഫോംഡ് ഫോഴ്സിലേക്ക് പ്രത്യേക റിക്രൂട്ട്മെന്റ്</u>**

843 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ. എച്ച്. സലാം**
**ശ്രീ ഡി കെ മുരളി**
**ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗക്കാരിൽ നിന്നും യൂണിഫോംഡ് ഫോഴ്സിലേക്ക് പ്രത്യേക റിക്രൂട്ട്മെന്റ് പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) യൂണിഫോംഡ് ഫോഴ്സുകളിലേക്ക് ഇതുവരെ എത്ര പട്ടികജാതി-പട്ടികവർഗ്ഗക്കാരെ പ്രത്യേക റിക്രൂട്ട്മെന്റിലൂടെ നിയമിച്ചിട്ടുണ്ടെന്ന വ്യക്തമാക്കുമോ;

(സി) ഇപ്രകാരം നിയമനം കിട്ടിയവരിൽ ജോലി ഉപേക്ഷിച്ച് പോയവരുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

## വാമനപുരം മണ്ഡലത്തിലെ അംബേദ്കർ ഗ്രാമങ്ങൾ

844 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷം മുതൽ വാമനപുരം മണ്ഡലത്തിൽ അനുമതി ലഭിച്ചതും നിർമ്മാണം നടത്തിവരുന്നതുമായ പട്ടികജാതി-പട്ടികവർഗ്ഗ അംബേദ്കർ ഗ്രാമങ്ങൾ ഏതെല്ലാമാണെന്നും അവയ്ക്ക് ഓരോന്നിനും നാളിതുവരെ എത്ര തുക ചെലവാക്കിയിട്ടുണ്ടെന്നും നിർവഹണ ഏജൻസികൾ ഏതെല്ലാമാണെന്നും വിശദമാക്കാമോ;

(ബി) 2021-22 മുതൽ നാളിതുവരെ വാമനപുരം മണ്ഡലത്തിൽ പട്ടികവർഗ്ഗ കോർപ്പസ് ഫണ്ട് മുഖേന അനുമതി ലഭ്യമായതും, നിർമ്മാണം നടത്തിയിട്ടുള്ളതുമായ പ്രവൃത്തികൾ ഏതെല്ലാമാണെന്നും ഓരോന്നിനും ചെലവായ തുക എത്രയെന്നും വിശദമാക്കാമോ?

## പട്ടികവർഗ്ഗ വിഭാഗത്തിന്റെ കോർപ്പസ് ഫണ്ട്

845 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഓരോ വർഷവും പട്ടികവർഗ്ഗ വിഭാഗത്തിന് കോർപ്പസ് ഫണ്ട് ഇനത്തിൽ എത്ര രൂപ അനുവദിച്ചുവെന്നതിന്റെയും അതിൽ നിന്നും എത്ര തുക ചെലവഴിച്ചുവെന്നതിന്റെയും ജില്ലതിരിച്ചുള്ള വിശദമായ കണക്ക് ലഭ്യമാക്കുമോ?

## അരൂർ മണ്ഡലത്തിലെ കോർപ്പസ്സ് ഫണ്ട് പ്രവൃത്തികൾ

846 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിൽ കോർപ്പസ്സ് ഫണ്ട് വിനിയോഗിച്ച് 2021-22, 2022-23, 2023-24, 2024-25 വർഷങ്ങളിൽ അനുവദിച്ച പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

**ഇരിക്കൂർ മണ്ഡലത്തിൽ അനുവദിച്ച എസ്.സി-എസ്.ടി. കോർപ്പസ് ഫണ്ട്**

847 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 മുതൽ 2023-24 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ഇരിക്കൂർ മണ്ഡലത്തിൽ അനുവദിച്ച പട്ടികജാതി/ പട്ടികവർഗ്ഗ കോർപ്പസ് ഫണ്ടുകളുടെ വിവരം പഞ്ചായത്തടിസ്ഥാനത്തിൽ ലഭ്യമാക്കാമോ; ഓരോ പ്രവൃത്തിയുടെ പേരും അനുവദിച്ച തുകയും നിലവിലെ പുരോഗതിയും വിശദമാക്കാമോ?

**കാസർകോട് ജില്ലയിൽ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് നടത്തിയ പ്രവൃത്തികൾ**

848 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിൽ കഴിഞ്ഞ അഞ്ച് വർഷം കോർപ്പസ് ഫണ്ട് വിനിയോഗിച്ച് നടത്തിയ പ്രവൃത്തികൾ ഏതൊക്കെയാണെന്ന് മണ്ഡലവും ഭരണാനുമതി തുകയും തിരിച്ച് വ്യക്തമാക്കുമോ;

(ബി) ജില്ലയിൽ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി ചെയ്യാനുദ്ദേശിക്കുന്ന പുതിയ പ്രവൃത്തികൾ മണ്ഡലം തിരിച്ച് വ്യക്തമാക്കുമോ?

**പട്ടികജാതി കോർപ്പസ് ഫണ്ട്**

849 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ 2016-17 മുതൽ പട്ടികജാതി കോർപ്പസ് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ?

**കുന്ദമംഗലം നിയോജകമണ്ഡലത്തിലെ കോർപ്പസ് ഫണ്ട് പദ്ധതികൾ**

850 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പട്ടികജാതി വകുപ്പിന്റെ കോർപ്പസ് ഫണ്ടിൽ നിന്നും കുന്ദമംഗലം മണ്ഡലത്തിൽ ഓരോ സാമ്പത്തിക വർഷവും ഏതൊക്കെ പദ്ധതികൾക്ക് എത്ര രൂപ വീതം അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ?

**ക്രിട്ടിക്കൽ ഗ്യാപ്പ് ഫില്ലിംഗ് പദ്ധതി**

851 **ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീ. സി. എച്ച്. കുഞ്ഞമ്പു**
**ശ്രീമതി യു പ്രതിഭ**
**ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി ഉപപദ്ധതിയ്ക്ക് കീഴിൽ മാനവവിഭവശേഷി വികസനം, അടിസ്ഥാന ആവശ്യങ്ങൾ, സാമ്പത്തിക വികസനം തുടങ്ങിയവയ്ക്ക് പ്രത്യേക ഊന്നൽ നൽകികൊണ്ട് നടപ്പിലാക്കുന്ന ക്രിട്ടിക്കൽ ഗ്യാപ്പ് ഫില്ലിംഗ് പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്കുള്ള കോർപ്പസ് ഫണ്ടായി എന്തു തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടെന്നും എന്തു തുക ചെലവഴിച്ചിട്ടുണ്ടെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ?

**<u>പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിലെ സി.ആൻഡ്.എ.ജി.ഓഡിറ്റ്</u>**

852 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/ പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ കഴിഞ്ഞ നാല് വർഷ കാലയളവിൽ സി.ആൻഡ്എ.ജി. നടത്തിയ ഓഡിറ്റിൽ എന്തൊക്കെ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഓഡിറ്റ് സംബന്ധിച്ച അന്തിമ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

**<u>കേരള സ്പോർട്സ് കൗൺസിൽ പരിശീലകനെതിരെയുള്ള പരാതി</u>**

853 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്പോർട്സ് കൗൺസിലിന് കീഴിൽ പരിശീലനം നടത്തുന്ന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട പെൺകുട്ടികളെ കേരള ജൂഡോ അസോസിയേഷൻ ഭാരവാഹികൾ ലൈംഗിക പീഡനം അടക്കം പലതരത്തിലുള്ള ചൂഷണങ്ങൾക്ക് ഇരയാക്കുന്നുവെന്ന് ആരോപിച്ച് ബാബു കെ. പി., ദൈവകൃപ, എ.വി.എച്ച്.എസ്.ജംഗ്ഷൻ, തഴവ എന്ന വ്യക്തി വകുപ്പ് മുമ്പാകെ നൽകിയ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പരാതിയിന്മേൽ എന്ത് തുടർ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പരാതി പോക്സോ കേസിന്റെ പരിധിയിൽ വരുന്നതാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുക;

(ഡി) പ്രസ്തുത പരാതി പോക്സോ കേസിന്റെ പരിധിയിൽ വരുന്നതാണെങ്കിൽ അന്വേഷണ നടപടികൾക്കായി കേരള പോലീസിന് കൈമാറിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ഇ) ഇല്ലെങ്കിൽ പ്രസ്തുത പരാതി അടിയന്തരമായി പോലീസിന് കൈമാറി പരാതിയിൽ കൃത്യമായ അന്വേഷണം നടത്തുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>സ്വന്തമായി ഭൂമിയും വീടും എന്ന സ്വപ്നം യാഥാർത്ഥ്യമാക്കാൻ നടപടി</u>**

854 **ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ. കെ. ബാബു (നെന്മാറ)**
**ശ്രീ. പി.വി. ശ്രീനിജിൻ**
**ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്ക് സ്വന്തമായി ഭൂമിയും വീടും എന്ന സ്വപ്നം യാഥാർത്ഥ്യമാക്കാൻ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്നു വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ വന്നശേഷം എത്ര പേർക്ക് ഭൂമിയുടെ കൈവശാവകാശ രേഖകൾ കൈമാറിയിട്ടുണ്ട്; വിശദമാക്കുമോ;

(സി) നിയമപരമായ സങ്കീർണ്ണതകളാൽ അപരിഹാര്യമായി തുടരുന്ന ഭൂപ്രശ്നങ്ങൾ പരിഹരിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

## വാഴച്ചാലിലെ ഗോത്ര വർഗ്ഗ പൈതൃക സംരക്ഷണ കേന്ദ്രം

855 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 സാമ്പത്തിക വർഷത്തെ ബജറ്റിൽ അടങ്കൽ തുകയുടെ 20% വകയിരുത്തിയിട്ടുള്ള ചാലക്കുടി മണ്ഡലത്തിലെ വാഴച്ചാലിൽ ഗോത്ര വർഗ്ഗ പൈതൃക സംരക്ഷണ കേന്ദ്രം എന്ന പ്രവൃത്തിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടികൾ ഏതു ഘട്ടത്തിലാണ്; വിശദമാക്കുമോ;

(ബി) വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തിക്ക് സമയബന്ധിതമായി ഭരണാനുമതി നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

## വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് ഒഴിവാക്കാൻ നടപടി

856 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ മേഖലയിൽ നിന്നുള്ള വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിന് മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഏതൊക്കെ പദ്ധതികളിലായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്: വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കാര്യത്തിനായി ആവിഷ്കരിക്കുന്ന പദ്ധതികൾ ഫലപ്രദമാകാത്തത് സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തൊക്കെ തിരുത്തൽ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

## പട്ടികജാതി വിഭാഗ വിദ്യാർത്ഥികൾക്ക് അന്യസംസ്ഥാന പഠന സഹായം

857 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി വിഭാഗ വിദ്യാർത്ഥികൾക്ക് അന്യസംസ്ഥാന പഠന സഹായത്തിനായി ഏതെല്ലാം കോഴ്സുകളാണ് നിശ്ചയിച്ചിട്ടുള്ളത്; വിശദമാക്കാമോ?

**ആറാട്ടുപുഴ സമൃദ്ധി കേന്ദ്രത്തിന്റെ പുതിയ കെട്ടിട നിർമ്മാണം**

858 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന, പുതുക്കാട് മണ്ഡലത്തിൽപ്പെട്ട വല്ലച്ചിറ ഗ്രാമ പഞ്ചായത്തിലെ ആറാട്ടുപുഴ സമൃദ്ധി കേന്ദ്രത്തിന്റെ പുതിയ കെട്ടിട നിർമ്മാണത്തിനായി 25.03.2017-ൽ ഭരണാനുമതി ലഭിച്ചു എങ്കിലും, പൊതുമരാമത്ത് വകുപ്പിന്റെ അനുമതി ഇല്ലാതെ കെട്ടിടം രൂപകൽപ്പന ചെയ്തതു മൂലം സാങ്കേതിക കാരണങ്ങളാൽ നിർമ്മാണം മുടങ്ങിക്കിടക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കെട്ടിട നിർമ്മാണത്തിനായി സമർപ്പിച്ച പുതുക്കിയ എസ്റ്റിമേറ്റിന് അനുമതി നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; ഇത് സംബന്ധിച്ച നടപടികളുടെ നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കാമോ?

**സംസ്ഥാനത്തെ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയ വീടുകൾ സംബന്ധിച്ച്.**

859 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടികവർഗ്ഗത്തിനും പട്ടികജാതി വിഭാഗത്തിനുമായി എത്ര വീടുകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് പ്രസ്തുത വിഭാഗത്തിൽപ്പെട്ട എത്ര കുടുംബങ്ങൾ നിലവിൽ ഭവനരഹിതരായിട്ടുണ്ടെന്ന് അറിയിക്കാമോ?

**പ്രീ എക്സാമിനേഷൻ സെന്റർ**

860 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വകുപ്പിന്റെ കീഴിൽ ആരംഭിച്ചിട്ടുള്ള പ്രീ-എക്സാമിനേഷൻ സെന്ററിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) എന്തൊക്കെ പ്രവർത്തനങ്ങളാണ് സെന്ററിൽ നടത്താൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

**ഹോം പദ്ധതി**

861 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗങ്ങൾക്കായി സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന 'ഹോം' (HOME) പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ വിശദമാക്കുമോ?

**കണ്ണന്ത്ര ക്രാഫ്റ്റ് വില്ലേജ് പദ്ധതി**

862 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ മണ്ഡലത്തിലെ കണ്ണമ്പ്ര ക്രാഫ്റ്റ് വില്ലേജ് പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

## മങ്കട മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി

863 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുത്ത നഗറുകൾ ഏതൊക്കെയാണ്; ഓരോന്നിന്റെയും നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്ത ഏജൻസികൾ ഏതൊക്കെയാണ്; ഓരോന്നിന്റെയും നിലവിലെ സ്ഥിതി എന്താണ്; വിശദമാക്കാമോ;

(ബി) അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുത്ത നഗറുകളിൽ പ്രസ്തുത പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## മഞ്ചേരി മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി പ്രവൃത്തികളുടെ പുരോഗതി

864 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ;

(ബി) നിർമ്മാണപ്രവൃത്തികൾ ആരംഭിക്കാത്ത അംബേദ്കർ ഗ്രാമം പദ്ധതികളിലെ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

(സി) കീഴാറ്റൂർ പ്രീമെട്രിക് ഹോസ്റ്റൽ നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി അറിയിക്കുമോ; പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തീകരിക്കാൻ കഴിയും; വിശദമാക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മഞ്ചേരി മണ്ഡലത്തിൽ അനുവദിക്കപ്പെട്ട അംബേദ്കർ ഗ്രാമം പദ്ധതികളും പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള പ്രവൃത്തികളും ഏതൊക്കെയാണ്; അവയുടെ നിലവിലെ പുരോഗതി എന്താണ്; വിശദമാക്കാമോ?

## കാഞ്ഞങ്ങാട് മണ്ഡലത്തിലെ പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക ക്ഷേമ പദ്ധതികൾ

865 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം കാഞ്ഞങ്ങാട് മണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക ക്ഷേമ വകുപ്പ് നടപ്പിലാക്കിയതും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികൾ ഏതെല്ലാമാണെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഓരോ പദ്ധതിയ്ക്കും അനുവദിച്ച തുക എത്രയാണെന്ന് അറിയിക്കാമോ;

(സി) നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളുടെ ഓരോന്നിന്റെയും പ്രവർത്തന പുരോഗതി വിശദമാക്കാമോ?

**ചൊവ്വല്ലൂർ പട്ടികജാതി നഗർ അംബേദ്കർ ഗ്രാമ പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ**

866 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്തിൽപ്പെട്ട ചൊവ്വല്ലൂർ പട്ടികജാതി നഗർ അംബേദ്കർ ഗ്രാമ പദ്ധതിയിൽ ഉൾപ്പെടുത്തി എന്തെല്ലാം പ്രവൃത്തികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിന് ആവശ്യമായ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ;

(സി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ;

(ഡി) പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതിന് ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഏത് ഏജൻസിയെ, എന്നാണ് ചുമതലപ്പെടുത്തിയതെന്ന് അറിയിക്കാമോ;

(ഇ) പ്രസ്തുത പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണ്; പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

**ഒറ്റപ്പാലം മണ്ഡലത്തിൽ അനുവദിച്ച പഠനമുറികളുടെ എണ്ണം**

867 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഒറ്റപ്പാലം മണ്ഡലത്തിൽ എത്ര പേർക്ക് പഠനമുറി അനുവദിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് /മുനിസിപ്പാലിറ്റി തിരിച്ച് വ്യക്തമാക്കാമോ;

(ബി) പഠനമുറികൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

**തരൂർ മണ്ഡലത്തിലെ വടക്കഞ്ചേരി കമ്മ്യൂണിറ്റി കോളേജ് പ്രവൃത്തി**

868 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ നിയോജക മണ്ഡലത്തിലെ വടക്കഞ്ചേരി കമ്മ്യൂണിറ്റി കോളേജ് പ്രവൃത്തി എന്ന് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

**അയ്യൻകാളി കൾച്ചറൽ ട്രസ്റ്റ്**

869 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം സബ് രജിസ്ട്രാർ ഓഫീസിൽ IV/40/13 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള അയ്യൻകാളി കൾച്ചറൽ ട്രസ്റ്റിന് പത്തനാപുരം കുര്യോട്ട് മലയിൽ 6 ഏക്കർ ഭൂമി സർക്കാർ സൗജന്യമായി അനുവദിച്ച് നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഈ ഭൂമിയിൽ നിലവിൽ ട്രസ്റ്റിന്റെ ഭാഗമായി എയ്ഡഡ് കോളേജ് പ്രവർത്തിക്കുന്നുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത ട്രസ്റ്റിന്റെ വാർഷിക വരവ് ചെലവ് കണക്കുകൾ സർക്കാർ തലത്തിൽ ഏതെങ്കിലും വകുപ്പ് മുമ്പാകെ സമർപ്പിക്കുകയോ പരിശോധനക്ക് വിധേയമാക്കുകയോ ചെയ്യുന്നുണ്ടോ;

(ഡി) ഇത്തരത്തിലുള്ള ട്രസ്റ്റുകളുടെയും ചാരിറ്റബിൾ സൊസൈറ്റികളുടെയും പ്രവർത്തനങ്ങൾക്ക് സർക്കാർ തലത്തിൽ മേൽനോട്ടം നിർവ്വഹിക്കുന്നതിനാവശ്യമായ സംവിധാനം നിലവിലുണ്ടോ; ഇല്ലായെങ്കിൽ അത്തരം സംവിധാനം ഏർപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

## <u>പൂഞ്ഞാർ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമവികസന പദ്ധതി പ്രവൃത്തികൾ</u>

870 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ ആഴമല ഐ.എച്ച്.ഡി.പി. നഗർ, മൂക്കൻപെട്ടി ഐ.എച്ച്.ഡി.പി. നഗർ, മുറികല്ലുംപുറം നഗർ എന്നീ പട്ടികജാതി നഗറുകളിൽ അംബേദ്ക്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കുമോ?

## <u>ഏറനാട് മണ്ഡലത്തിൽ അംബേദ്ക്കർ സ്വയം പര്യാപ്ത ഗ്രാമം പദ്ധതി</u>

871 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഏറനാട് മണ്ഡലത്തിൽ അംബേദ്കർ സ്വയം പര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ നഗറുകൾ ഏതെല്ലാമാണെന്നും അവയുടെ നിർമ്മാണ പുരോഗതി ഏതുവരെയായെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം 2024-25 വർഷത്തേയ്ക്ക് പുതുതായി ഉൾപ്പെടുത്തിയ നഗറുകൾ ഏതൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതിയുടെ കീഴിൽ ചെയ്തു വരുന്ന പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ?

## <u>പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കുള്ള ചികിത്സാ സഹായം</u>

872 **ഡോ. സുജിത് വിജയൻപിള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് (2021 ജൂൺ മാസം മുതൽ) ചവറ മണ്ഡലത്തിൽ നിന്ന് എത്ര പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളുകൾ ചികിത്സാ സഹായത്തിന് അപേക്ഷിച്ചെന്നും, എത്ര പേർക്ക് ചികിത്സാ സഹായം നൽകിയെന്നും ഇതിനായി ആകെ എത്ര തുക അനുവദിച്ചെന്നും അറിയിക്കുമോ?

## കുന്നുമ്മൽ ഗ്രാമപഞ്ചായത്തിലെ വടയക്കണ്ടി നഗർ വികസനം

873 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മൺപാത്ര നിർമ്മാണവുമായി ബന്ധപ്പെട്ട കുംഭാര സമുദായ വിഭാഗങ്ങൾ താമസിക്കുന്ന കുന്നുമ്മൽ ഗ്രാമപഞ്ചായത്തിലെ വടയക്കണ്ടി നഗർ വികസനവുമായി ബന്ധപ്പെട്ട് സമർപ്പിച്ച പദ്ധതി അംഗീകരിച്ച് അനുമതി നൽകുമോ : വ്യക്തമാക്കുമോ?

## ചിറ്റാരി കണ്ടിവാതുക്കൽ റോഡ് നിർമ്മാണം

874 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ വളയം,ചെക്ക്യാട് ഗ്രാമ പഞ്ചായത്തുകളിലെ പട്ടികവർഗ്ഗ നഗറിലേക്കുള്ള ചിറ്റാരി- കണ്ടിവാതുക്കൽ റോഡിന്റെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡ് നിർമ്മാണം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ ?

## മണിമലയിൽ കരിയർ ഡവലപ്മെന്റ് സെന്റർ കം പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ

875 **ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി മണ്ഡലത്തിലെ മണിമലയിൽ പട്ടികജാതി വികസന വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം പ്രയോജനപ്പെടുത്തി കരിയർ ഡവലപ്മെന്റ് സെന്റർ കം പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററും, ആധുനിക നിലവാരത്തിൽ ഒരു ഓഡിറ്റോറിയവും, ഒരു കളിസ്ഥലവും നിർമ്മിക്കുന്നത് സംബന്ധിച്ച് നല്കിയ നിവേദനത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(ബി) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ ധാരാളമായി താമസിക്കുന്നതും, നിർദ്ദിഷ്ട ശബരിമല എയർപോർട്ടിന് വളരെ അടുത്തുള്ളതുമായ വകുപ്പിന്റെ സ്വന്തം സ്ഥലം എന്നത് കണക്കിലെടുത്ത് പ്രത്യേക പരിഗണന നല്കി പ്രസ്തുത പദ്ധതികൾ യാഥാർത്ഥ്യമാക്കാൻ നടപടികൾ ത്വരിതപ്പെടുത്താമോ?

## മഞ്ചേശ്വരം മണ്ഡലത്തിലെ അംബേദ്കർ ഗ്രാമ പദ്ധതികൾ

876 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ അംബേദ്കർ ഗ്രാമ പദ്ധതികൾ നിലവിൽ നിർവഹണത്തിന്റെ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

## കൊല്ലം ജില്ലയിലെ ആര്യങ്കാവ് പട്ടികവർഗ്ഗ നഗർ

877 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ ആദിവാസി പ്രകൃതിയായ ആര്യങ്കാവ് പട്ടികവർഗ്ഗ നഗർ കേന്ദ്രീകരിച്ച് മലഞ്ചരക്ക് വിഭവങ്ങളും ചൂരൽ ഉൾപ്പെടെയുള്ള ഉത്പന്നങ്ങളും വിപണനം നടത്തിവന്നിരുന്ന ആര്യങ്കാവ് പട്ടികവർഗ്ഗ സർവീസ് സഹകരണ സംഘം നിലവിൽ പ്രവർത്തിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് അത്യാവശ്യ വായ്പകൾ അനുവദിച്ചിരുന്ന ഈ സ്ഥാപനം പുനരുജ്ജീവിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ;

(സി) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ 2017-18ലെ പദ്ധതിയിൽ ഉൾപ്പെടുത്തി അച്ചൻകോവിൽ വനം ഡിവിഷൻ ഓഫീസിനോട് ചേർന്ന് നിർമ്മിച്ച അച്ചൻകോവിൽ സാമൂഹിക പഠന കേന്ദ്രം, നിർമ്മാണം പൂർത്തിയാക്കി നാലുവർഷം കഴിഞ്ഞിട്ടും തുറന്നിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ കേന്ദ്രത്തിന് ആര്യങ്കാവ് പഞ്ചായത്തിൽ നിന്നും കെട്ടിട നമ്പർ ലഭിച്ചിട്ടില്ലാത്തതിനാൽ വൈദ്യുതി ലഭ്യമായിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) പ്രസ്തുത സാമൂഹിക പഠന കേന്ദ്രം തുറന്നു പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

## പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സർക്കാർ സൗജന്യമായി അനുവദിച്ചിട്ടുള്ള ഭക്ഷ്യധാന്യങ്ങൾ

878 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സൗജന്യമായി അനുവദിച്ചിട്ടുള്ള ഭക്ഷ്യധാന്യങ്ങൾ കൃത്യമായ അളവിൽ അവർക്കുതന്നെ ലഭിക്കുന്നുവെന്ന് ഉറപ്പു വരുത്തുന്നതിന് സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) അതിദരിദ്രരും ദരിദ്രരും ഏറ്റവും കൂടുതലുള്ള പട്ടികവർഗ്ഗ വിഭാഗത്തിന് അനുവദിച്ചിട്ടുള്ള സൗജന്യഭക്ഷ്യധാന്യങ്ങളുടെ അളവും ലഭിക്കുന്ന കാലപരിധിയും സംബന്ധിച്ച് ഉണഭോക്താക്കളെ ബോധ്യപ്പെടുത്തുന്നതിന് വേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) അജ്ഞതയും ദാരിദ്ര്യവും മൂലം ഭക്ഷ്യധാന്യ വിതരണത്തിൽ പട്ടികവർഗ്ഗ വിഭാഗക്കാർ കബളിപ്പിക്കപ്പെടുന്ന പ്രവണത അവസാനിപ്പിക്കുന്നതിന് വേണ്ടി പട്ടികവർഗ്ഗ വകുപ്പ് നടപ്പിലാക്കിയിട്ടുള്ള പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ?

## മുക്കടയിലെ സാംസ്കാരിക കേന്ദ്രം

879 **ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ സ്വാശ്രയഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്നതിന് ലക്ഷ്യമിട്ട മണിമല മുക്കടയിലെ സാംസ്കാരിക കേന്ദ്രത്തിന്റെ പണി

പൂർത്തിയാകാതെ കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിനുള്ള പരിഹാരമുണ്ടാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണത്തിന് ആവശ്യമായ തുക അനുവദിച്ചുകൊണ്ടും നിലവിലെ നിർമ്മാണ ഏജൻസിക്ക് പകരം പുതിയൊരു ഏജൻസിയെ ഏല്പിച്ചുകൊണ്ടും സാംസ്കാരിക കേന്ദ്രത്തിന്റെ നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കാനും ഉപയോഗ സജ്ജമാക്കാനും നടപടി സ്വീകരിക്കാമോ?

## മാവേലിക്കര ഉമ്പർനാട് ഐ.ടി.ഐ കെട്ടിട നിർമ്മാണം

880 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിന് കീഴിൽ മാവേലിക്കര ഉമ്പർനാട് പ്രവർത്തിക്കുന്ന ഐ.ടി.ഐ.യുടെ പുതിയ കെട്ടിടത്തിന്റെ രണ്ടാം നിലയുടെ പൂർത്തീകരണത്തിനാവശ്യമായ തുക അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

## പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള വിവിധ പദ്ധതികളുടെ തുക വർദ്ധിപ്പിക്കാൻ നടപടി

881 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ മാത്യു ടി. തോമസ്**
**ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായുള്ള വിവിധ പദ്ധതികളുടെ തുക കാലോചിതമായി വർദ്ധിപ്പിക്കുവാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വിഭാഗങ്ങളിലെ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ വർധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ

882 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് അനുവദിച്ച വിവിധ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നിലവിൽ എത്ര തുക കുടിശ്ശികയുണ്ട് എന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ; പ്രസ്തുത ആനുകൂല്യങ്ങൾ അടിയന്തരമായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

## പാലക്കാട് ജില്ലയിലെ പ്രീമെട്രിക്ക് ഹോസ്റ്റലുകൾ

883 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ പ്രീമെട്രിക്ക് ഹോസ്റ്റലുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന്

വിശദമാക്കാമോ;

(ബി) പ്രസ്തുത ജില്ലയിലെ പ്രീമെട്രിക്ക് ഹോസ്റ്റലുകളിൽ കഴിഞ്ഞ അധ്യയന വർഷത്തിലെ എസ്.എസ്.എൽ.സി. പരീക്ഷ ഫലത്തിന്റെ സ്ഥിതി വിശദമാക്കാമോ?

**ആലപ്പുഴ മണ്ഡലത്തിൽ ഭൂരഹിതരായിട്ടുള്ള പട്ടികജാതി പട്ടികവർഗ കുടുംബങ്ങളുടെ എണ്ണം**

884 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിൽ നിലവിൽ ഭൂരഹിതരായിട്ടുള്ള പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങളുടെയും ഭവനരഹിതരായിട്ടുള്ള കുടുംബങ്ങളുടെയും എണ്ണം ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) 2016 ജൂൺ മുതൽ നാളിതുവരെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വീട്, ഭൂമി എന്നിവ അനുവദിച്ചത് സംബന്ധിച്ചുള്ള വിവരങ്ങൾ ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

**വർക്കല മണ്ഡലത്തിലെ ഭൂരഹിത ഭവനരഹിതരുടെ എണ്ണം**

885 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ നിലവിൽ ഭൂരഹിതരായിട്ടുള്ള പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങളുടെയും, ഭവന രഹിതരായിട്ടുള്ള കുടുംബങ്ങളുടെയും എണ്ണം ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) മുൻ സർക്കാരിന്റെയും, നിലവിലെ സർക്കാരിന്റെയും കാലയളവിൽ പ്രസ്തുത വിഭാഗങ്ങൾക്ക് വർക്കല മണ്ഡലത്തിൽ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി എത്ര വീടും, ഭൂമിയും അനുവദിച്ചിട്ടുണ്ടെന്ന് മുനിസിപ്പാലിറ്റി, ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ?

**ആദിവാസി ഊരുകളിൽ ഭക്ഷ്യവിഷബാധ**

886 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി ഊരുകളിൽ വിതരണം ചെയ്ത ഭക്ഷ്യകിറ്റുകളിൽ ഗുണനിലവാരം ഇല്ലാത്ത വെളിച്ചെണ്ണ ഉൾപ്പെട്ടത് മൂലം ഭക്ഷ്യവിഷബാധ ഉണ്ടായതായി റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ എത്ര പേർക്ക് ഭക്ഷ്യവിഷബാധ ഏറ്റിട്ടുണ്ട്; വ്യക്തമാക്കുമോ;

(ബി) ഏത് പദ്ധതി പ്രകാരം നൽകിയ ഭക്ഷ്യകിറ്റിലാണ് ഈ വീഴ്ച ഉണ്ടായിട്ടുള്ളത്; കുറ്റക്കാർക്കെതിരെ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്;

(സി) ഭക്ഷ്യവിഷബാധയേറ്റവർക്ക് എന്തെല്ലാം തരത്തിലുള്ള സഹായവും നഷ്ടപരിഹാരവും ഉറപ്പു വരുത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ?

**അംബേദ്കർ ഗ്രാമവികസന പദ്ധതി**

887 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി

നൽകുമോ:

(എ) 2021-22 സാമ്പത്തിക വർഷത്തിൽ കോട്ടക്കൽ മണ്ഡലത്തിൽ നിന്നും അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ പൂവത്തുംതറ, മണ്ണഴി-കോട്ടപ്പുറം പട്ടികജാതി ഗ്രാമങ്ങളിലെ നവീകരണ പ്രവൃത്തികളുടെ പുരോഗതി വിശദമാക്കുമോ;

(ബി) കോട്ടക്കൽ മണ്ഡലത്തിലെ മൂർദ്ധനാവ് പട്ടികജാതി ഗ്രാമത്തെ നടപ്പ് സാമ്പത്തിക വർഷം അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോ; ആയതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## ദുർബ്ബലവിഭാഗ പുനരധിവാസ പദ്ധതി

888 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദുർബ്ബലവിഭാഗ പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ആലത്തൂർ ബ്ലോക്ക് പീച്ചാംകോട് നായാടി നഗർ സമഗ്ര വികസന പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണ് വ്യക്തമാക്കാമോ?

## ഗുരുവായൂർ മണ്ഡലത്തിൽ സേഫ് പദ്ധതിയുടെ ഗുണഭോക്താക്കൾ

889 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ സേഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ആർക്കൊക്കെയാണ് ആനുകൂല്യം അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) സേഫ് പദ്ധതിയിൽ അർഹരായ ഗുണഭോക്താക്കളെ തുടർന്നും ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## അട്ടപ്പാടി ആദിവാസി മേഖലയിലെ വികസന, ക്ഷേമ പ്രവർത്തനങ്ങൾ

890 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി ആദിവാസി മേഖലയിലെ വിവിധ വികസന, ക്ഷേമ പ്രവർത്തനങ്ങൾക്കായി മുൻസർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും ബജറ്റിൽ അനുവദിച്ച തുകയും ചെലവഴിച്ച തുകയും ഇനം തിരിച്ച് ലഭ്യമാക്കുമോ?

## ഭക്ഷ്യക്കിറ്റുകളിൽ ഗുണനിലവാരമില്ലാത്ത വെളിച്ചെണ്ണ

891 **ശ്രീ. സണ്ണി ജോസഫ്**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ ആദിവാസി നഗറുകളിൽ മഴക്കാല ഭക്ഷ്യസഹായ പദ്ധതി പ്രകാരം നൽകിയ ഭക്ഷ്യക്കിറ്റുകളിൽ ഗുണനിലവാരമില്ലാത്ത വെളിച്ചെണ്ണ ഉൾപ്പെടുത്തിയതിനാൽ നിരവധി പേർക്ക് ഭക്ഷ്യവിഷബാധയേറ്റതായ ആക്ഷേപം ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഭക്ഷ്യക്കിറ്റ് വിതരണത്തിനായി സർക്കാർ ഏജൻസികളെ ഒഴിവാക്കി സ്വകാര്യ ഏജൻസിയെ തിരഞ്ഞെടുക്കാനുള്ള കാരണം വ്യക്തമാക്കുമോ; ഭക്ഷ്യക്കിറ്റ് വിതരണത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) ഭക്ഷ്യക്കിറ്റിൽ ഉൾപ്പെടുത്തിയ ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഡി) ഭക്ഷ്യവിഷബാധയ്ക്ക് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കും, വിതരണ ഏജൻസിക്കും എതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## <u>ക്ഷേമവികസന പദ്ധതി നിർവഹണത്തിലെ കാലതാമസം ഒഴിവാക്കാൻ നടപടി</u>

892 **ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. റോജി എം. ജോൺ**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീമതി ഉമ തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വേണ്ടിയുള്ള വിവിധ പദ്ധതികളുടെ നിർവഹണത്തിൽ കാലതാമസം നേരിടുന്നതും യഥാസമയം ഫണ്ട് അനുവദിച്ച് നൽകാത്തതും മൂലം മേൽപ്പറഞ്ഞ വിഭാഗങ്ങൾക്കായുള്ള ക്ഷേമവികസന പദ്ധതികൾ പ്രതിസന്ധിയിൽ ആയിട്ടുള്ളത് ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ മുഴുവൻ പട്ടികജാതി പട്ടികവർഗ്ഗ സങ്കേതങ്ങളിലും റോഡ്, കുടിവെള്ളം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്നതിന് സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി പ്രത്യേക കർമ്മ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുമോ;

(സി) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായുള്ള ക്ഷേമ വികസന പദ്ധതികൾക്ക് ആവശ്യമായ ഫണ്ട് ഉറപ്പാക്കുന്നതിനും പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും കാര്യക്ഷമമായ നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ; വ്യക്തമാക്കുമോ?

## <u>കിളയിൽ-കാവുങ്ങുള്ളകുന്ന് നഗർ അംബേദ്കർ ഗ്രാമവികസന പദ്ധതി</u>

893 **ശ്രീ. ലിന്റോ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുപ്പാടി പഞ്ചായത്തിലെ കിളയിൽ-കാവുങ്ങുള്ള കുന്ന് നഗർ അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെടുത്തിയെങ്കിലും തുടർനടപടികൾ സ്വീകരിക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(ബി) പിന്നാക്കം നിൽക്കുന്ന ഈ നഗറിൽ പദ്ധതി നടപ്പിലാക്കുന്നതിനായി മാനദണ്ഡങ്ങളിൽ ഇളവ് വരുത്തി പ്രത്യേകാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## ട്രൈബൽ പ്ലസ് പദ്ധതി

894 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. ടി. സിദ്ദിഖ്**
**ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പ് പദ്ധതിയുടെ അനുബന്ധമായി പട്ടികവർഗ്ഗക്കാർക്ക് നടപ്പാക്കിയിട്ടുള്ള ട്രൈബൽ പ്ലസ് പദ്ധതിയിൽ ജോലി ചെയ്തവർക്ക് വേതനം വിതരണം ചെയ്യുന്നതിൽ ആറ് മാസം വരെ കാലതാമസം ഉണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്കായി കഴിഞ്ഞ രണ്ട് ബഡ്ജറ്റുകളിൽ എന്തു തുക നീക്കിവെച്ചിരുന്നു; എന്തു തുക ചെലവഴിച്ചു; ബഡ്ജറ്റ് വിഹിതമുണ്ടായിട്ടും യഥാസമയം വേതനം വിതരണം ചെയ്യുവാൻ കഴിയാതിരുന്നിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ ഉത്തരവാദികളായവർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) നൂറ് തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് അധിക തൊഴിൽ ദിനങ്ങൾ ഡിമാൻഡ് ചെയ്യുന്നതിന് സോഫ്റ്റ്‌വെയറിൽ ഓപ്ഷൻ ലഭ്യമല്ലാത്ത സാഹചര്യമുണ്ടായിരുന്നോ; വിശദാംശം വ്യക്തമാക്കുമോ;

(ഡി) ട്രൈബൽ പ്ലസ് പദ്ധതിയിൽ യഥാസമയം തൊഴിൽ ദിനങ്ങൾ ഡിമാൻഡ് ചെയ്യുന്നതിനും വേതനം വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## ഇ- ഗ്രാന്റ് വിതരണത്തിൽ തടസ്സം

895 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർഥികളുടെ ഇ-ഗ്രാന്റ് വിതരണത്തിൽ തടസ്സം നേരിടുകയുണ്ടായോ; എന്നു വരെയുള്ള ഇ- ഗ്രന്റാണ് നാളിതുവരെ വിതരണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇ-ഗ്രാന്റ് വിതരണം തടസ്സപ്പെടാനിടയായ സാഹചര്യങ്ങളെന്തെല്ലാമാണെന്ന് വിശദമാക്കുമോ; ഈ ഇനത്തിൽ വിതരണം ചെയ്യാനുള്ള ആകെ കുടിശ്ശിക എത്രയാണെന്ന് വിശദമാക്കാമോ;

(സി) ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥരുടെ കെടുകാര്യസ്ഥതയാണ് ഇ-ഗ്രാന്റ് വിതരണം തടസപ്പെടാൻ കാരണമെന്ന് സി.എ.ജി റിപ്പോർട്ട് ചെയ്യുകയുണ്ടായോ; എങ്കിൽ ഇക്കാര്യത്തിൽ ഡയറക്ടറേറ്റിന് സംഭവിച്ച എന്തെല്ലാം വീഴ്ചകളാണ് സി.എ.ജി. ചൂണ്ടിക്കാണിച്ചതെന്ന് വ്യക്തമാക്കുമോ;

(ഡി) കേന്ദ്ര സർക്കാരിന് യഥാസമയം ലിസ്റ്റ് നൽകാൻ കഴിയാത്തത് ഇ-ഗ്രാന്റ് വിതരണം തടസപ്പെടാൻ കാരണമായിട്ടുണ്ടോ; നിലവിൽ കൃത്യസമയത്ത് കേന്ദ്ര സർക്കാരിന് ലിസ്റ്റ് നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

## <u>സേഫ് പദ്ധതി</u>

896 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദുമ നിയോജകമണ്ഡലത്തിൽ ഭൂരഹിതരും ഭവന രഹിതരും ആയ എത്ര പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഉദുമ മണ്ഡലത്തിൽ സേഫ് പദ്ധതി പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് നാളിതുവരെ എത്ര വീടുകൾ നൽകിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

## <u>പ്രീമെട്രിക് സ്കോളർഷിപ്പ് നഷ്ടമായതായ സി. ആന്റ് എ.ജി റിപ്പോർട്ടിലെ പരാമർശം</u>

897 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. ചാണ്ടി ഉമ്മൻ**
**ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അപേക്ഷകൾ കൃത്യസമയത്ത് തീർപ്പാക്കാത്തതിനെ ത്തുടർന്ന് പട്ടികജാതി വിദ്യാർത്ഥികൾക്ക് കേന്ദ്ര പ്രീമെട്രിക് സ്കോളർഷിപ്പ് നഷ്ടമായതായ സി ആന്റ് എ.ജി റിപ്പോർട്ടിലെ പരാമർശം ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രീമെട്രിക് സ്കോളർഷിപ്പുകൾ സമയബന്ധിതമായി തീർപ്പാക്കാത്തതിനെത്തുടർന്ന് എത്ര പേർക്കാണ് ആനുകൂല്യങ്ങൾ നഷ്ടപ്പെട്ടിട്ടുള്ളതെന്നും ഏത് സാഹചര്യത്തിലാണ് ഇപ്രകാരം സംഭവിച്ചതെന്നും ഈ കാര്യത്തിൽ ഉത്തരവാദികളായവർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(സി) സ്കോളർഷിപ്പുകൾ ഉൾപ്പെടെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ ഉദ്യോഗസ്ഥ വീഴ്ച്ചമൂലം നഷ്ടപ്പെടുന്നത് ആവർത്തിക്കാതിരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

## <u>പട്ടികജാതി വിഭാഗത്തിലെ സാമ്പത്തികമായും സാമൂഹികമായും പിൻതള്ളപ്പെട്ടുപോയ ജനവിഭാഗങ്ങളുടെ ഉന്നമനം</u>

898 **ശ്രീമതി യു പ്രതിഭ**
**ശ്രീ സി കെ ഹരീന്ദ്രൻ**
**ശ്രീമതി കാനത്തിൽ ജമീല**
**ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിലെ സാമ്പത്തികമായും സാമൂഹികമായും പിൻതള്ളപ്പെട്ടുപോയ വിവിധ വിഭാഗങ്ങളുടെ വികസന പരിപാടികൾക്കായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളിൽ അതിദരിദ്ര സർവ്വേയിൽ കണ്ടെത്തിയിട്ടുള്ള പട്ടിക വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് മുൻഗണന നൽകുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതികളിൽ ഗുണഭോക്താക്കളായ വനിതകൾക്ക് മുൻഗണന നൽകുന്നത് പരിഗണനയിലുണ്ടോ; എങ്കിൽ എത്ര ശതമാനം വനിതകൾക്കായി നീക്കിവച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

## ജനനി ജന്മരക്ഷാ പദ്ധതി

899 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീമതി ശാന്തകുമാരി കെ.**
**ശ്രീ. എ. പ്രഭാകരൻ**
**ശ്രീ വി കെ പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ സ്ത്രീകൾക്ക് ഗർഭാവസ്ഥയിലും പ്രസവശേഷവും ആവശ്യമായ പരിചരണം ഉറപ്പാക്കാൻ ആവിഷ്കരിച്ച 'ജനനി ജന്മരക്ഷാ' പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്ത് എല്ലാ ജില്ലകളിലും പട്ടികവർഗ്ഗ മേഖലകളിൽ ദാരിദ്ര്യം, പോഷകാഹാരക്കുറവ് എന്നിവ ഇല്ലാതാക്കുന്നതിനാവശ്യമായ ഭക്ഷ്യധാന്യങ്ങൾ ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ?

## കാട്ടുവയൽ നഗർ വികസന പദ്ധതികൾ

900 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നോർത്ത് മണ്ഡലത്തിൽ സ്ഥിതിചെയ്യുന്ന കാട്ടുവയൽ നഗർ വികസനത്തിന് വകുപ്പുതലത്തിലോ, കോർപ്പറേഷൻ മുഖേനയോ ഏതെങ്കിലും വികസന പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) കാട്ടുവയൽ നഗർ വികസന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

## സർക്കാർ വകുപ്പുകളിലെ പട്ടികജാതി/ പട്ടികവർഗ, പിന്നോക്ക വിഭാഗ പ്രാതിനിധ്യം

901 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നാക്ക വിഭാഗ കമ്മീഷനു കീഴിൽ പ്രവർത്തിച്ചുവരുന്ന eCDESK (e-Caste Database of Employees in Service Kerala) വെബ് പോർട്ടലിൽ വിവിധ സർക്കാർ

വകുപ്പുകളിൽ നിന്നും അപ്‌ലോഡ് ചെയ്യപ്പെട്ട സ്ഥിരം ജീവനക്കാരുടെയും, അദ്ധ്യാപകരുടെയും വിവരങ്ങൾ ഓരോ വകുപ്പിലെയും തസ്തിക , ജാതി, കാറ്റഗറി, സമുദായം തിരിച്ച് വിശദമായ റിപ്പോർട്ട് വിവിധ സർക്കാർ വകുപ്പുകളുടെ അടിസ്ഥാനത്തിൽ പ്രത്യേകം പ്രത്യേകമായി വിശദമായ റിപ്പോർട്ട് പി.ഡി.എഫ് ഫോർമാറ്റിൽ ലഭ്യമാക്കാമോ;

(ബി) വിവിധ സർക്കാർ വകുപ്പുകളിലെ ജീവനക്കാരുടെ ജാതി,മതം,നിയമന രീതി,ലിംഗം,കാറ്റഗറി തുടങ്ങിയ വിശദാംശങ്ങൾ പിന്നാക്ക വിഭാഗ കമ്മീഷനു കീഴിൽ പ്രവർത്തിച്ചുവരുന്ന eCDESK വെബ് പോർട്ടലിൽ ഇതുവരെ അപ് ലോഡ് ചെയ്തിട്ടില്ലാത്ത വകുപ്പുകളുടെയും, ഓഫീസുകളുടെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത വെബ്പോർട്ടലിൽ തങ്ങളുടെ വകുപ്പിലെ/ഓഫീസിലെ ജീവനക്കാരുടെ വിശദാംശങ്ങൾ അപ്‌ലോഡ് ചെയ്യുന്നതിന് ചുമതലപ്പെടുത്തിയ നോഡൽ ഓഫീസർമാരുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## പുതുക്കോട് ഗ്രാമപഞ്ചായത്തിലെ അംബേദ്കർ ഗ്രാമവികസന പദ്ധതി

902 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 സാമ്പത്തിക വർഷത്തെ അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ പുതുക്കോട് ഗ്രാമപഞ്ചായത്തിലെ പാട്ടോല അംബേദ്ക്കർ ഗ്രാമം പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

## പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള പ്രീമെട്രിക് സ്കോളർഷിപ്പ്

903 **ശ്രീ. പി. നന്ദകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 9,10 ക്ലാസ്സുകൾക്കായുള്ള പ്രീമെട്രിക് സ്കോളർഷിപ്പിന് കേന്ദ്ര സഹായ പദ്ധതി ഇനത്തിൽ സംസ്ഥാന സർക്കാരിന് കേന്ദ്ര സർക്കാരിൽ നിന്നും കുടിശ്ശിക ലഭിക്കാറുണ്ടോ; ഉണ്ടെങ്കിൽ വർഷം തിരിച്ച് വ്യക്തമാക്കാമോ;

(ബി) പട്ടികജാതി വികസനപദ്ധതിയിൽ നിന്നും വിദ്യാഭ്യാസ ആനുകൂല്യം ലഭിക്കുന്ന വിവിധ കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങാൻ ഈ സർക്കാർ വന്നതിനുശേഷം എത്ര രൂപ ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ?

## പിന്നാക്ക വിഭാഗ വികസന വകുപ്പ് കണ്ണൂർ ജില്ലയിൽ അനുവദിച്ച ചികിത്സാ ധനസഹായങ്ങൾ

904 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖാന്തരം കണ്ണൂർ ജില്ലയിൽ അനുവദിച്ച ചികിത്സാ ധനസഹായങ്ങളുടെ വിശദാംശങ്ങൾ നൽകാമോ;

(ബി) ചികിത്സാ ധനസഹായ പദ്ധതിയിൽ ഓൺലൈനായി അപേക്ഷ സ്വീകരിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും,

എന്തൊക്കെ രേഖകൾ ആവശ്യമാണെന്നും വിശദമാക്കാമോ;

(സി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മട്ടന്നൂർ മണ്ഡലത്തിലെ എത്രപേർക്ക് ചികിത്സാ ധനസഹായം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## പട്ടിക വർഗ്ഗക്കാരുടെ ഉപജീവന മാർഗ്ഗം ഉറപ്പാക്കാൻ നടപടി

905 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടിക വർഗ്ഗക്കാർക്ക് മതിയായ ഉപജീവന മാർഗം ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതികളിലൂടെ ഇവരുടെ ജീവിത നിലവാരം ഉയർത്തുവാൻ കഴിഞ്ഞിട്ടുണ്ടോയെന്നു പരിശോധിച്ചിട്ടുണ്ടോ; അതിന്റെ വിശദാംശങ്ങൾ നൽകുമോ?

## പാലക്കാട് ജില്ലയിലെ വനം വകുപ്പിന്റെ പദ്ധതികൾ

906 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പാലക്കാട് ജില്ലയിൽ വനം വകുപ്പ് മുഖാന്തരം നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണെന്നും ഓരോന്നിനും ചെലവാക്കിയ തുക എത്രയാണെന്നും ഫോറസ്റ്റ് റെയിഞ്ച് അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതി സംബന്ധിച്ച വിവരം വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത ജില്ലയിൽ ഈ സാമ്പത്തിക വർഷം ഏറ്റെടുത്ത് നടത്താൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികളുടെ വിശദാംശങ്ങൾ നൽകുമോ?

## വാമനപുരം മണ്ഡലത്തിൽ വനം വകുപ്പ് മുഖേനയുള്ള പദ്ധതികൾ

907 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് വനം വകുപ്പ് മുഖേന വാമനപുരം മണ്ഡലത്തിൽ നടപ്പാക്കിയിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണെന്നും ഓരോ പദ്ധതി പ്രവർത്തനത്തിനും ചെലവാക്കിയ തുക എത്രയാണെന്നും ഇനം തിരിച്ച് വിശദമാക്കാമോ;

(ബി) മണ്ഡലത്തിൽ പുതുതായി നടപ്പാക്കാനുദ്ദേശിക്കുന്ന വനം വകുപ്പ് പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

## അരുവിക്കര നിയോജക മണ്ഡലത്തിൽ വനമേഖലയിൽ കൂടി കടന്ന് പോകുന്ന റോഡുകൾ

908 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര നിയോജക മണ്ഡലത്തിൽ വനമേഖലയിൽ കൂടി കടന്ന് പോകുന്ന റോഡുകളുടെ പേരുവിവരങ്ങളും അവയുടെ നീളം, വീതി എന്നിവ സംബന്ധിക്കുന്ന

വിവരങ്ങളും നൽകുമോ;

(ബി) ഈ റോഡുകളുടെ പുനരുദ്ധാരണത്തിനായി നാളിതുവരെ ചെലാവക്കിയ തുക, വർഷം, ഏത് ഏജൻസി മുഖേനയാണ് നടപ്പിലാക്കിയത് എന്നീ വിവരങ്ങൾ വ്യക്തമാക്കുമോ?

**<u>നബാർഡ് സഹായത്തോടെ സൗരോർജ്ജ തൂക്കുവേലി</u>**

909 **ശ്രീ. സനീഷ്കുമാർ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം, തൃശ്ശൂർ ജില്ലകളിലെ മലയാറ്റൂർ, ചാലക്കുടി, വാഴച്ചാൽ ഡിവിഷനുകളിലെ മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി സൗരോർജ്ജ തൂക്കുവേലി സ്ഥാപിക്കുന്നതിന് നബാർഡിൽ നിന്നും എത്ര രൂപയുടെ ധനസഹായം ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) ഓരോ ഡിവിഷന് കീഴിലും എത്ര ദൂരമാണ് വേലി സ്ഥാപിക്കുന്നതെന്നും ഇതിനായി എത്ര രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളതെന്നും അറിയിക്കുമോ;

(സി) പ്രസ്തുത ഡിവിഷനുകളിലെ പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ;

(ഡി) പ്രസ്തുത പ്രവൃത്തിയുടെ വിശദാംശങ്ങളും നിലവിലെ പുരോഗതിയും പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്നും അറിയിക്കുമോ?

**<u>വനാതിർത്തി നിശ്ചയിക്കൽ</u>**

910 **ശ്രീ. പി.പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനാതിർത്തി നിശ്ചയിക്കൽ നിലവിൽ ഏത് ഘട്ടത്തിലാണ്; വനാതിർത്തികൾ ഡിജിറ്റലൈസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

**<u>വനം വകുപ്പ് സ്ഥാപനങ്ങളിൽ കംട്രോളർ ആന്റ് ഓഡിറ്റർ ജനറലുടെ ഓഡിറ്റ്</u>**

911 **ശ്രീ. ടി. സിദ്ദിഖ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ കഴിഞ്ഞ നാല് വർഷ കാലയളവിൽ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നടത്തിയ ഓഡിറ്റിൽ എന്തൊക്കെ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഓഡിറ്റ് സംബന്ധിച്ച അന്തിമ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

**<u>കൊമ്മേരിയിൽ വീടുകൾക്ക് ഭീഷണിയായ മരങ്ങൾ മുറിച്ച് മാറ്റുന്നത് സംബന്ധിച്ച്</u>**

912 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ മണ്ഡലത്തിലെ കോളയാട് ഗ്രാമപഞ്ചായത്തിൽ എട്ടാം വാർഡിൽ കൊമ്മേരി ഗവൺമെന്റ് എൽ.പി. സ്കൂളിന് സമീപത്തെ വീടുകൾക്ക് ഭീഷണിയായി

നിൽക്കുന്ന വനം വകുപ്പിന് കീഴിലുള്ള മരങ്ങൾ മുറിച്ച് മാറ്റുന്നത് സംബന്ധിച്ച് ജനങ്ങൾക്കുണ്ടായ ആശങ്കകൾ പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പ്രശ്നം എത്രയും വേഗം പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## സ്വാഭാവിക വനവൽക്കരണം

913 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാഭാവിക വനവൽക്കരണത്തിന്റെ ഭാഗമായി അക്കേഷ്യ, മാഞ്ചിയം, യൂക്കാലിപ്റ്റസ് തുടങ്ങിയ മരങ്ങൾ നീക്കം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇവയ്ക്കു പകരം തദ്ദേശീയ മരങ്ങൾ വെച്ചുപിടിപ്പിച്ചാൽ വന്യജീവിശല്യത്തിന് പരിഹാരമാകുമെന്ന് കരുതുന്നുണ്ടോ;

(സി) എങ്കിൽ ഈ പദ്ധതി സംസ്ഥാനത്തിന്റെ ഏതെല്ലാം ഭാഗങ്ങളിൽ നടപ്പാക്കാനാണ് ലക്ഷ്യമിടുന്നതെന്ന് വിശദമാക്കുമോ?

## ദ്രുത പ്രതികരണ സേനകൾ

914 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഏതെല്ലാം സെക്ഷനുകളിലാണ് നിലവിൽ ദ്രുത പ്രതികരണ സേന (ആർ.ആർ.ടി)കൾ ഉള്ളത്; വിശദമാക്കാമോ;

(ബി) നിലവിൽ ആർ.ആർ.ടി.കളിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരുടെ എണ്ണം തസ്തിക, സെക്ഷൻ തിരിച്ച് ലഭ്യമാക്കാമോ;

(സി) സംസ്ഥാനത്ത് ആർ.ആർ.ടി.കൾ ആരംഭിക്കുമെന്ന് പ്രഖ്യാപിക്കപ്പെട്ട പുതിയ സെക്ഷനുകൾ ഏതെല്ലാമെന്ന് അറിയിക്കാമോ;

(ഡി) പ്രഖ്യാപിക്കപ്പെട്ട ആർ.ആർ.ടി.കൾ പ്രവർത്തനം ആരംഭിച്ചിട്ടില്ലെങ്കിൽ അവ എവിടെയെല്ലാമാണെന്നും ആരംഭിക്കാത്തതിന്റെ കാരണമെന്താണെന്നും വിശദമാക്കാമോ?

## തിരുവമ്പാടി മണ്ഡലത്തിലെ ഇ.എസ്.എ പ്രദേശങ്ങൾ

915 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ നിലവിലുള്ള നോട്ടിഫിക്കേഷൻ പ്രകാരം തിരുവമ്പാടി മണ്ഡലത്തിലെ ഇക്കോ സെൻസിറ്റീവ് ഏരിയ (ഇ.എസ്.എ) യിൽ ഉൾപ്പെടുന്ന വില്ലേജുകൾ ഏതൊക്കെയാണെന്നും വിസ്തൃതി എത്രയാണെന്നും വ്യക്തമാക്കുമോ;

(ബി) ഈ വ്യാപ്തി കുറയ്ക്കുന്നതിന് സർക്കാർ തലത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(സി) ജനങ്ങളുടെ ആശങ്ക പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

## <u>സ്വകാര്യ കണ്ടൽക്കാടുകൾ ഏറ്റെടുക്കുന്ന പദ്ധതി</u>

916 **ശ്രീ. സണ്ണി ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാരിസ്ഥിതിക പ്രാധാന്യമുള്ള സ്വകാര്യ കണ്ടൽക്കാടുകൾ ഉടമസ്ഥരുടെ സമ്മതത്തോടെ ഏറ്റെടുക്കുന്ന പദ്ധതിയുടെ പുരോഗതി വ്യക്തമാക്കുമോ;

(ബി) പാരിസ്ഥിതിക പ്രാധാന്യമുള്ള ഈ പദ്ധതി നടപ്പാക്കുവാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## <u>കണ്ടൽക്കാടുകളുടെ സംരക്ഷണം</u>

917 **ശ്രീ പി എസ് സുപാൽ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീ. ഇ കെ വിജയൻ**
**ശ്രീ. പി. ബാലചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ മേഖലയിലെ ആവാസവ്യവസ്ഥയിൽ പ്രധാന പങ്കുവഹിക്കുന്ന കണ്ടൽക്കാടുകൾ സംരക്ഷിക്കുന്നതിന് വനം വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ഓരോ പ്രദേശത്തിന്റെയും ഭൂപ്രകൃതിക്ക് അനുയോജ്യമായ കണ്ടൽ ചെടികളെ സംബന്ധിക്കുന്ന ശാസ്ത്രീയ പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) കടലാക്രമണം ഏറ്റവും രൂക്ഷമായ പ്രദേശങ്ങളിൽ കണ്ടൽക്കാടുകൾ നട്ടുപിടിപ്പിച്ച് തീരസംരക്ഷണം ഉറപ്പാക്കുന്ന പദ്ധതിയുടെ പുരോഗതി വിശദമാക്കുമോ;

(ഡി) സംസ്ഥാനത്തെ ഓരോ പ്രദേശത്തെയും മണ്ണിനും ജലാശയങ്ങൾക്കും അനുയോജ്യമായതും ആയുർദൈർഘ്യമുള്ളതുമായ കണ്ടൽ ചെടികളുടെ ജീൻ ബാങ്ക് രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഇ) വംശനാശ ഭീഷണി നേരിടുന്ന കണ്ടൽ സസ്യങ്ങളെ വർഗീകരിക്കുകയും അവ പ്രത്യേകമായി സംരക്ഷിക്കുകയും ചെയ്യുന്നതിന് പദ്ധതിയുണ്ടോ; വിശദമാക്കുമോ?

## <u>കണ്ടൽക്കാടുകളുടെ സംരക്ഷണം</u>

918 **ശ്രീ. ടി. പി .രാമകൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ടൽക്കാടുകളുടെ സംരക്ഷണത്തിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കി വരുന്നത്;വിശദമാക്കാമോ;

(ബി) കണ്ടൽ ടൂറിസത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് പദ്ധതി ആവിഷ്കരിക്കുന്ന കാര്യം പരിഗണിക്കുമോ?

## <u>അരുവിക്കര നിയോജക മണ്ഡലത്തിലെ വനഭൂമിയുടെ വിസ്തൃതി</u>

919 **ശ്രീ ജി സ്റ്റീഫൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ടുവരുന്ന വനഭൂമിയുടെ വിസ്തൃതി എത്രയാണെന്ന വിവരം പഞ്ചായത്ത് അടിസ്ഥാനത്തിൽ അറിയിക്കുമോ;

(ബി) വനഭൂമി സംരക്ഷിക്കുന്നതിനായി ഈ മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ ഏതെല്ലാമാണെന്ന വിവരം നൽകുമോ?

## സ്വകാര്യ വനഭൂമി ഏറ്റെടുക്കലും വിതരണവും

920 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പ്രൈവറ്റ് ഫോറസ്റ്റ്സ് (വെസ്റ്റിംഗ് ആന്റ് അസൈൻമെന്റ്) ആക്ട്, 1971 പ്രകാരം എത്ര ഏക്കർ ഭൂമി നാളിതുവരെ സർക്കാരിന് ലഭ്യമായിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് വിശദമാക്കാമോ;

(ബി) പ്രസ്തുത നിയമം അനുസരിച്ച് എത്ര ഏക്കർ ഭൂമി നാളിതുവരെ വിതരണം ചെയ്തിട്ടുണ്ട്; ജില്ല തിരിച്ചുള്ള വിതരണ വിവരവും ഭൂമിയുടെ അളവും വിശദമാക്കാമോ?

## കോന്നി ഫയർ സ്റ്റേഷൻ നിർമ്മിക്കുന്നതിനായി വനം വകുപ്പ് ഭൂമി നൽകുന്നത്

921 **ശ്രീ കെ യു ജനീഷ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി ഫയർ സ്റ്റേഷൻ നിർമ്മിക്കുന്നതിനായി വനം വകുപ്പ് ഭൂമി വിട്ടു നൽകുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികളുടെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കായി ഭൂമി എന്നത്തേക്ക് കൈമാറാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

## വനം വകുപ്പിന്റെ അധീനതയിലുള്ള ഭൂമി

922 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ റാന്നി വനം ഡിവിഷനിൽ റാന്നി റേഞ്ചിൽ കരികുളം ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ വരുന്നതും റാന്നി താലൂക്കിൽ ചേത്തക്കൽ വില്ലേജിൽ വട്ടകപ്പാറ ഭാഗം ഉൾക്കൊള്ളുന്നതുമായ റീസർവ്വേ ബ്ലോക്ക് 15-ൽ പഴയ സർവ്വേ 781/1-1 ൽപ്പെട്ടതും റീസർവ്വേ 3/2, 4/2, 4/3, 4/4, 14/1, 23, 25, 26 /7, 27/3, 28/1 എന്നീ നമ്പറുകളിൽ ഉൾപ്പെട്ടതുമായ ഭൂമി വനം വകുപ്പിന്റെ കൈവശത്തിലും കൈകാര്യകർതൃത്വത്തിലുമുള്ളതാണോ; വിശദമാക്കാമോ;

(ബി) 2019ൽ വട്ടകപ്പാറ ഭാഗത്ത് മരം മോഷണം നടന്നത് മേൽ വിവരിച്ച ഏതെങ്കിലും സർവ്വേ നമ്പറിൽപ്പെട്ട ഭൂമിയിൽ ആണോ; വ്യക്തമാക്കുമോ;

(സി) ഇതു സംബന്ധിച്ച് റാന്നി പോലീസ് സ്റ്റേഷനിൽ 2019 ൽ രജിസ്റ്റർ ചെയ്ത ക്രൈം കേസ് നിലവിൽ ഉണ്ടോ; എങ്കിൽ ആരുടെ പരാതി പ്രകാരം ആയിരുന്നു കേസെടുത്തതെന്ന് വിശദമാക്കുമോ;

(ഡി) റീസർവ്വെ നടപടികളുടെ ഭാഗമായി 1978 ൽ അതിരടയാള ചട്ടം 65 പ്രകാരം നിയമാനുസൃതം തയ്യാറാക്കിയ ഫീൽഡ് രജിസ്റ്ററിൽ പ്രസ്തുത സർവ്വേ നമ്പറിൽ പെട്ട

ഭൂമിയുടെ ഉടമസ്ഥത, തരം എന്നിവ സംബന്ധിച്ച് രേഖപ്പെടുത്തിയിട്ടുള്ളത് എന്താണെന്ന് വ്യക്തമാക്കുമോ;

(ഇ) വനം വകുപ്പ് പാട്ടത്തിന് നൽകിയ റബ്ബർ ബോർഡ് കൈവശത്തിലുള്ള ഭൂമിയുടെ അതിർത്തിയിൽ സ്ഥിതിചെയ്യുന്ന റീസർവ്വെ 3/2, 4/2, 25,26/7, 27/3, 28/1ൽ വരുന്നതും ഫീൽഡ് രജിസ്റ്റർ പ്രകാരം സർക്കാർ, പുറമ്പോക്ക്, പാറ, തരിശ് എന്ന് രേഖപ്പെടുത്തിയിട്ടുള്ളതുമായ ഭൂമിയിൽ ഏതെല്ലാം പ്ലോട്ടുകളിലാണ് വകുപ്പ് തെറ്റായി കൈവശാവകാശ വാദം ഉന്നയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

## പരിവർത്തനം നടത്തിയ വനഭൂമി

923 **ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര വനസംരക്ഷണ നിയമപ്രകാരം സംസ്ഥാനത്ത് പരിവർത്തനം നടത്തിയ വനഭൂമി കണ്ടെത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി പ്രത്യേക സമിതിയെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ സമിതി എന്തെല്ലാം കാര്യങ്ങളാണ് പരിശോധിക്കുന്നതെന്നും പരിവർത്തിത വനഭൂമി കണ്ടെത്തുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് പരിഗണിക്കുന്നതെന്നും വ്യക്തമാക്കുമോ;

(സി) പരിവർത്തിത വനഭൂമി കണ്ടെത്തി സർക്കാർ രേഖകളിലെ വനം എന്ന നിർവചനത്തിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടിക്രമങ്ങളും പരിവർത്തിത വനഭൂമി കൈവശമുള്ളവരുടെ ആശങ്കകൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികളും വിശദമാക്കുമോ?

## സാമൂഹിക വനവൽക്കരണം

924 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന് കീഴിൽ നടപ്പിലാക്കുന്ന സാമൂഹിക വനവൽക്കരണ പ്രവർത്തനങ്ങൾ കൂടുതൽ ജനകീയമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ വിതരണം ചെയ്യുന്നതിന് ഫലവൃക്ഷത്തിന്റെയോ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാവുന്ന തരത്തിലുള്ള വൃക്ഷത്തിന്റെയോ തൈകൾ തെരഞ്ഞെടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## ആലപ്പുഴ ജില്ലയിലെ നഗരവനങ്ങൾ

925 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നിയോജക മണ്ഡലത്തിൽ ചെറു വനങ്ങൾ സൃഷ്ടിക്കുന്ന പദ്ധതിപ്രകാരം

എവിടെയെല്ലാമാണ് നഗരവനങ്ങൾ സൃഷ്ടിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഏതെല്ലാം വൃക്ഷതൈകളാണ് നട്ടുപിടിപ്പിക്കുന്നതെന്നും അവയുടെ പരിപാലന ചുമതല ആർക്കാണെന്നും വിശദവിവരം നൽകുമോ?

## വാമനപുരം മണ്ഡലത്തിലെ ഇക്കോ ടൂറിസം പദ്ധതികൾ സംബന്ധിച്ച്

926 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിൽ വനം വകുപ്പ് മുഖാന്തിരം നടപ്പാക്കിയിട്ടുള്ള ഇക്കോ-ടൂറിസം പദ്ധതികൾ എതെല്ലാമാണെന്നും എന്തെല്ലാം പ്രവർത്തനങ്ങളാണ് ഓരോ ഇക്കോ ടൂറിസം കേന്ദ്രങ്ങൾ സംഘടിപ്പിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് പ്രസ്തുത മണ്ഡലത്തിലെ ഓരോ ഇക്കോടൂറിസം കേന്ദ്രത്തിലും എത്ര സന്ദർശകർ വന്നിട്ടുണ്ടെന്നും ലഭിച്ച വരുമാനം എത്രയാണെന്നും വർഷം തിരിച്ച് വിശദമാക്കാമോ?

## മലപ്പുറം ഹാജിയാർപള്ളിയിലെ വനം വകുപ്പിന്റെ അധീനതയിലുള്ള ഭൂമിയിലെ പദ്ധതികൾ

927 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം നിയോജകമണ്ഡലത്തിൽ വനം വകുപ്പിന്റെ അധീനതയിലുള്ള ഹാജിയാർ പള്ളിയിലെ ഒരു ഹെക്ടർ ഭൂമിയിൽ സാമൂഹ്യ വനവൽക്കരണ വിഭാഗം ആസൂത്രണം ചെയ്ത് നടപ്പാക്കുന്ന പദ്ധതികൾക്ക് ഭരണാനുമതി ലഭിച്ചിട്ടും നടപ്പാക്കാത്തതിന്റെ കാലതാമസം എന്താണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത സൈറ്റിൽ ബട്ടർഫ്ലൈ പാർക്ക്, ഇക്കോപാർക്ക് എന്നിവ സ്ഥാപിക്കുന്നതിന് രണ്ട് ലക്ഷം രൂപ വീതവും ബാംബൂസെറ്റം നിർമിക്കുന്നതിന് ഒരു ലക്ഷം രൂപയും വകയിരുത്തിയിട്ടും പ്രസ്തുത പദ്ധതികൾ ആരംഭിക്കാൻ സാധിക്കാത്ത തരത്തിൽ വനം വകുപ്പിൽ ഫണ്ടിന്റെ അപര്യാപ്തതയുണ്ടോയെന്ന് വിശദമാക്കുമോ;

(സി) ദീർഘ നാളായി ആവശ്യപ്പെടുന്ന പദ്ധതിയെന്ന പരിഗണനയിൽ എത്രയും വേഗം പദ്ധതികൾ യാഥാർത്ഥ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

## ആർ.കെ.ഡി.പി. പദ്ധതി

928 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.കെ.ഡി.പി. പദ്ധതി പ്രകാരം വനാതിർത്തിയിൽ താമസിക്കുന്ന കുടുംബങ്ങളുടെ പുനരധിവാസം ഒറ്റപ്പാലം മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം ആനുകൂല്യങ്ങൾ നൽകിയാണ് ഇത്തരം കുടുംബങ്ങളെ മാറ്റി പാർപ്പിക്കുന്നത്; വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

## കാവു സംരക്ഷണ പദ്ധതി

929 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാവു സംരക്ഷണ പദ്ധതിയെക്കുറിച്ചുള്ള വിശദ വിവരം ലഭ്യമാക്കാമോ;

(ബി) കാവുസംരക്ഷണ പദ്ധതി പ്രകാരം വനം വകുപ്പിന്റെ അംഗീകാരം ഉള്ള എത്ര കാവുകൾ ഓരോ ജില്ലയിലും നിലവിലുണ്ടെന്ന് വിശദമാക്കാമോ;

(സി) കാവുസംരക്ഷണ പദ്ധതി പ്രകാരം ഓരോ കാവും പരിപാലിക്കുന്നതിന് നൽകിവരുന്ന ധനസഹായം എത്രയാണെന്ന് വിശദമാക്കാമോ;

(ഡി) യോഗ്യമായ കാവുകൾ കണ്ടെത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്തെല്ലാമാണെന്നും, ആയതു പ്രകാരം 2022, 2023 വർഷങ്ങളിൽ എത്ര കാവുകൾക്ക് പുതിയതായി ധനസഹായം നല്കിയിട്ടുണ്ടെന്നും വിശദമാക്കാമോ?

## ട്രീ കമ്മിറ്റികളിൽ സാങ്കേതിക പരിജ്ഞാനമുള്ളവരെക്കൂടി അംഗങ്ങളാക്കാൻ നടപടി

930 **ശ്രീ. പ്രമോദ് നാരായൺ**
**ശ്രീ. ജോബ് മൈക്കിൾ**
**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ**
**ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുസ്ഥലങ്ങളിലെ മരം മുറിക്കുന്നതുമായി ബന്ധപ്പെട്ട ട്രീ കമ്മിറ്റികളുടെ ഘടനയും കമ്മിറ്റികളിൽ അംഗങ്ങളായി നിശ്ചയിക്കുന്നവരുടെ വിദ്യാഭ്യാസമടക്കമുള്ള യോഗ്യതകളും വിശദമാക്കുമോ; പ്രസ്തുത കമ്മിറ്റിയിൽ ഒരിക്കൽ അംഗമായവർ വർഷങ്ങളോളം അംഗത്വം തുടരുന്നതിന്റെ നിയമസാധുത അറിയിക്കുമോ;

(ബി) റോഡരികിൽ അപകടകരമായും കാഴ്ച മറച്ച് നിൽക്കുന്നതുമായ മരങ്ങൾ മുറിച്ച് മാറ്റുന്നതിന് പ്രസ്തുത കമ്മിറ്റികൾ അനുവാദം നല്കുമ്പോൾ റോഡുകളുടെ ഗതാഗതത്തിന് അത്യാവശ്യമായ ലാറ്ററൽ ക്ലിയറൻസ് ഉറപ്പുവരുത്താറുണ്ടോ; ആയതിന് റോഡ് ട്രാഫിക്കുമായി ബന്ധപ്പെട്ട സാങ്കേതിക പരിജ്ഞാനമുള്ള അംഗങ്ങൾ ട്രീ കമ്മിറ്റികളിൽ നിലവിലുണ്ടോ;

(സി) അത്തരം സാങ്കേതിക പരിജ്ഞാനമുള്ള പൊതുമരാമത്ത്, നാറ്റ്പാക് ഉദ്യോഗസ്ഥരെ പ്രസ്തുത കമ്മിറ്റികളുടെ ഭാഗമാക്കി ഘടന പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കാമോ;

(ഡി) മരം മുറിക്കുന്നതിനുള്ള അപേക്ഷ ലഭിക്കുമ്പോൾ മരത്തിന്റെ പ്രായം മാത്രം കണക്കിലെടുക്കാതെ പ്രസ്തുത മരം റോഡിന്റെ ലാറ്ററൽ ക്ലിയറൻസിന് തടസമാകുന്നുണ്ടോയെന്നുകൂടി പരിശോധിക്കാൻ നടപടി സ്വീകരിക്കുമോ?

## ഭിന്നശേഷി സൗഹൃദ ഇക്കോ ടൂറിസം കേന്ദ്രങ്ങൾ

931 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കോ ടൂറിസം കേന്ദ്രങ്ങളെ പൂർണ്ണമായും ഭിന്നശേഷി സൗഹൃദമാക്കി മാറ്റുന്നതിന്

നടപടി സ്വീകരിക്കുമോ?

## വനമേഖലകളിലെ ടൂറിസം വികസനം

932 **ശ്രീ. കെ. ബാബു (നെന്മാറ)** : താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിലെ പറമ്പിക്കുളം, നെല്ലിയാമ്പതി വനമേഖലകളിലെ ടൂറിസം വികസനവുമായി ബന്ധപ്പെട്ട് ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത മേഖലയിലെ ഇക്കോടൂറിസം സാധ്യതകളെ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

## നെല്ലായാമ്പതി എൻട്രീ പാസ്സ് സംബന്ധിച്ച്

933 **ശ്രീ. കെ. ബാബു (നെന്മാറ)** : താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നെല്ലായാമ്പതിയിലെ ടൂറിസം മേഖലയിൽ നിന്നും വനം വകുപ്പിന് എൻട്രീ പാസ്സ് ഇനത്തിൽ ലഭിക്കുന്ന വരുമാനം എത്രയെന്ന് വിശദമാക്കുമോ ;

(ബി) കഴിഞ്ഞ ഓരോ വർഷത്തെയും കണക്ക് ലഭ്യമാക്കുമോ ?

## കൊടികുത്തിമല ഇക്കോടൂറിസം കേന്ദ്രം

934 **ശ്രീ. നജീബ് കാന്തപുരം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ മണ്ഡലത്തിലെ കൊടികുത്തിമല ഇക്കോടൂറിസം കേന്ദ്രത്തിൽ കഴിഞ്ഞ രണ്ട് വർഷം എത്തിയ സഞ്ചാരികളുടെ എണ്ണമെത്രയാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ സന്ദർശകരുടെ പ്രവേശന പാസ് ഇനത്തിൽ എത്ര രൂപ വരുമാനം ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) കൊടികുത്തിമലയുടെ സമഗ്ര വികസനത്തിനായി നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ഡി) കൊടികുത്തിമലയിൽ കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് ടൂറിസം വകുപ്പിന്റെ സഹകരണം കൂടി ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## കേരള വനം വികസന കോർപ്പറേഷന് പ്രത്യേക വിജിലൻസ് സെൽ

935 **ശ്രീ. ചാണ്ടി ഉമ്മൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വനം വികസന കോർപ്പറേഷനിലെ ക്രമക്കേടുകൾ അന്വേഷിക്കുന്നതിനായി വനം വകുപ്പിന് നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണ്;

കോർപ്പറേഷനിലെ ഏതൊക്കെ ക്രമക്കേടുകളിലാണ് വനം വിജിലൻസ് നിലവിൽ അന്വേഷണം നടത്തുന്നത്; വിശദമാക്കുമോ;

(ബി) നൂറിൽ താഴെ ജീവനക്കാരുള്ള കേരള വനം വികസന കോർപ്പറേഷന് മാത്രമായി പ്രത്യേക വിജിലൻസ് സെൽ രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വനം വകുപ്പിന് കീഴിലുള്ള വിജിലൻസ് വിഭാഗത്തെ ഉപയോഗപ്പെടുത്തുന്നതിന് പകരം ഇപ്രകാരം പ്രത്യേക വിജിലൻസ് സെൽ രൂപീകരിക്കുന്നതിന്റെ കാരണം വെളിപ്പെടുത്താമോ;

(സി) ഇതിനായി പ്രത്യേകം രൂപീകരിക്കുന്ന വിജിലൻസ് സെല്ലിന്റെ ഘടന വിശദമാക്കുമോ; ഇപ്രകാരം ഒരു സെൽ രൂപീകരിക്കുന്നതുവഴി പ്രതിമാസം എത്ര തുകയുടെ അധിക ചെലവുണ്ടാകുമെന്ന് അറിയിക്കുമോ?

## കണ്ണൂർ ജില്ലയിലെ ഇ.എസ്.എ. പ്രദേശങ്ങൾ

936 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ.എസ്.എ. ആയി വിജ്ഞാപനം ചെയ്ത പ്രദേശങ്ങളുടെ കരട് പട്ടികയിൽ കണ്ണൂർ ജില്ലയിലെ വിവിധ വില്ലേജുകളിലെ ഏതൊക്കെ പ്രദേശങ്ങളുണ്ട്; ആയതിന്റെ വിസ്തൃതി എത്രയാണ്; വിശദമാക്കുമോ;

(ബി) പ്രസ്തുത പട്ടിക ലഘൂകരിക്കുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ആയത് സംബന്ധിച്ച് പൊതുജനങ്ങൾക്കുള്ള ആശങ്കകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

## വനഭൂമിയോട് ചേർന്ന് കൃഷിഭൂമി കൈവശമുള്ള കർഷകർ നേരിടുന്ന പ്രശ്നങ്ങൾ

937 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനഭൂമിയോട് ചേർന്ന് കൃഷിഭൂമി കൈവശമുള്ള കർഷകർ നേരിടുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇവർക്ക് വീട് നിർമ്മിക്കുന്നതിനോ കൃഷി ചെയ്യാനോ അനുമതി ലഭിക്കാത്ത സാഹചര്യം പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചത്; വിശദമാക്കാമോ;

(സി) വനഭൂമിയോട് ചേർന്നും, നദീതീരത്തെ പുറമ്പോക്കുകളിലും റിസോർട്ടുകൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവയുടെ വിവരം ശേഖരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) വനഭൂമിയോട് ചേർന്ന് കൃഷിഭൂമിയുള്ള കർഷകർ നേരിടുന്ന വന്യമൃഗശല്യത്തിന് എന്ത് പരിഹാരമാണ് സർക്കാർ നിർദ്ദേശിക്കുന്നത്; വിശദമാക്കാമോ?

## മനുഷ്യ-വന്യജീവി സംഘർഷം

938 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം (2016 മുതൽ) നാളിതുവരെ ഓരോ സാമ്പത്തിക വർഷവും മനുഷ്യ-വന്യജീവി സംഘർഷം തടയുന്നതിനുള്ള പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ഇനം തിരിച്ച് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ മനുഷ്യ- വന്യജീവി സംഘർഷങ്ങളിൽ എത്രപേർ കൊല്ലപ്പെട്ടിട്ടുണ്ട്; എത്രപേർക്ക് പരിക്കേറ്റിട്ടുണ്ട്; എത്ര തുകയുടെ നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

## വന്യജീവി ആക്രമണങ്ങൾക്ക് ഇരയായവർക്ക് നഷ്ടപരിഹാരം

939 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി ആക്രമണങ്ങളിൽ പരിക്കേറ്റവർക്കും മരണപ്പെട്ടവരുടെ കുടുംബങ്ങൾക്കും നഷ്ടപരിഹാരം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ;

(ബി) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ വന്യജീവി ആക്രമണങ്ങൾക്ക് ഇരയായവരിൽ എത്രപേർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടെന്നും എത്രപേർക്ക് നഷ്ടപരിഹാരം ലഭിക്കാനുണ്ടെന്നും നഷ്ടപരിഹാരം ലഭിക്കാൻ കാലതാമസം നേരിടുന്നതിന് കാരണമെന്താണെന്നും വിശദമാക്കാമോ?

## വനം വികസന കോർപ്പറേഷനിൽ പ്രത്യേക വിജിലൻസ് സെൽ

940 **ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. റോജി എം. ജോൺ**
**ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവിയിലെ എണ്ണൂറ് ഹെക്ടർ വനഭൂമിയുടെ പരിപാലനച്ചുമതല വിദേശ കമ്പനിയെ ഏൽപ്പിക്കുവാൻ നീക്കം നടത്തിയത് സംബന്ധിച്ച് ഏതെങ്കിലും ഏജൻസി അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ കണ്ടെത്തലുകൾ വ്യക്തമാക്കുമോ;

(ബി) കേരള വനം വികസന കോർപ്പറേഷനിലെ ക്രമക്കേടുകൾ സംബന്ധിച്ച് അന്വേഷണം നടത്തുന്നതിന് പ്രത്യേക വിജിലൻസ് സെൽ രൂപവൽക്കരിച്ചിട്ടുണ്ടോ; എങ്കിൽ ഏത് സാഹചര്യത്തിലാണ് ഇപ്രകാരം തീരുമാനിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) കെ.എഫ്.ഡി.സി.-യിലെ ക്രമക്കേടുകൾ സംബന്ധിച്ച് അന്വേഷണം നടത്തേണ്ടത് വനം വിജിലൻസാണെന്ന 1978-ലെ സർക്കാർ ഉത്തരവിന് വിരുദ്ധമായി പ്രത്യേക സെൽ രൂപീകരിച്ചത് അന്വേഷണത്തെ അട്ടിമറിക്കാനാണെന്ന് ആരോപണം ഉയർന്നിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത നടപടി റദ്ദാക്കുമോ; വിശദാംശം നൽകുമോ?

## കാസർകോട് ജില്ലയിൽ വനം വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ

941 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിൽ വനം വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ സംബന്ധിച്ച വിശദ വിവരങ്ങൾ ലഭ്യമാക്കുമോ?

## വനമേഖലയിൽ യൂക്കാലി മരങ്ങളുടെ പ്ലാന്റേഷൻ

942 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനമേഖലയിലെ ജൈവവൈവിധ്യം സംരക്ഷിക്കുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(ബി) അമിതമായി ജലം വലിച്ചെടുക്കുന്ന യൂക്കാലിപ്റ്റസ് പോലുള്ള മരങ്ങൾ വനമേഖലയോട് ചേർന്ന് പ്ലാന്റേഷൻ ചെയ്യാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) എങ്കിൽ ഏതെല്ലാം വനമേഖലയോട് ചേർന്നുള്ള പ്രദേശങ്ങളിലാണ് ഇത്തരത്തിലുള്ള പ്ലാന്റേഷൻ ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(ഡി) ഇത്തരത്തിലുള്ള പ്ലാന്റേഷൻ നടത്തുന്നതിനായി സർക്കാരിന് ലഭിച്ച കത്തുകളുടെയും നിവേദനങ്ങളുടെയും പകർപ്പ് ലഭ്യമാക്കാമോ?

## വനംവകുപ്പിന്റെ റോഡുകളും കളിസ്ഥലങ്ങളും

943 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ സ്കൂൾ കുട്ടികളും പൊതുജനങ്ങളും ഉപയോഗിക്കുന്ന വനംവകുപ്പിന്റെ റോഡുകളും കളിസ്ഥലങ്ങളും ഏതെല്ലാമാണെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(ബി) പൊതുജനങ്ങളും സ്കൂൾ വിദ്യാർത്ഥികളും എത്ര കാലമായി ഈ റോഡുകളും കളിസ്ഥലങ്ങളും ഉപയോഗിച്ച് വരുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) കളിസ്ഥലങ്ങൾ സ്കൂളുകൾക്കും ക്ലബ്ബുകൾക്കും വിട്ടു കൊടുക്കാറുണ്ടോ; എങ്കിൽ അതിന്റെ മാനദണ്ഡങ്ങൾ എന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) എപ്പോഴെങ്കിലും ഇത്തരം കളിസ്ഥലങ്ങൾ സ്കൂളുകൾക്കോ, മറ്റ് സംഘടനകൾക്കോ വിട്ടു നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ഇ) വനംവകുപ്പിന്റെ റോഡുകൾ പഞ്ചായത്തിന് വിട്ടു നൽകാനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

## കുടിയേറ്റ കർഷകരുടെ പേരിലുള്ള സ്ഥലങ്ങൾ

944 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിയേറ്റ കർഷകരുടെ പേരിലുള്ള സ്ഥലങ്ങൾ പിടിച്ചെടുത്ത് റബ്ബർ പോലുള്ള വലിയ മരങ്ങൾ മുറിച്ച് മാറ്റാൻ വനം വകുപ്പ് ഉദ്യോഗസ്ഥർ മുൻകൈ എടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തി വനനശീകരണത്തിന് ഹേതുവാണ് എന്നത് സർക്കാരിന്റെ ശ്രദ്ധയിൽ ഉണ്ടോ; എങ്കിൽ ഇതിൽ നിന്നും ഉദ്യോഗസ്ഥരെ നിയന്ത്രിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

**പുനലൂർ നിയോജക മണ്ഡലത്തിലെ ടിമ്പർ സെയിൽസ് ഡിപ്പോകളുടെ ഡിവിഷൻ ഓഫീസ്**

945 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ പുനലൂർ നിയോജക മണ്ഡലത്തിൽ സ്ഥിതിചെയ്യുന്ന അച്ചൻകോവിൽ, ആര്യങ്കാവ്, തെന്മല, കുളത്തൂപ്പുഴ ടിമ്പർ സെയിൽസ് ഡിപ്പോകളുടെ ഡിവിഷൻ ഓഫീസ്, പ്രസ്തുത പ്രദേശങ്ങളിൽ നിന്നും ഏറെ ദൂരത്ത് മറ്റൊരു ജില്ലയിൽ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) മേൽപ്പറഞ്ഞ ഡിപ്പോകളുടെ ദൈനംദിന പ്രവർത്തനങ്ങൾക്കും, ജീവനക്കാരുടെ സർവീസ് സംബന്ധമായ കാര്യങ്ങളുടെ നടത്തിപ്പിനും പ്രസ്തുതദൂരം വളരെയധികം ബുദ്ധിമുട്ട് സൃഷ്ടിക്കുന്നതിനാൽ ഈ ഡിപ്പോകളുടെ ഡിവിഷൻ ഓഫീസ് അവയുടെ മധ്യഭാഗമായ തെന്മലയിലേക്ക് മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**വനത്തോട് ചേർന്ന സ്വകാര്യ വ്യക്തികളുടെ ഭൂമി ഏറ്റെടുക്കുന്നതിനുള്ള പദ്ധതികൾ**

946 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനത്തോട് ചേർന്ന സ്വകാര്യ വ്യക്തികളുടെ ഭൂമി ഏറ്റെടുക്കുന്നതിനുള്ള പദ്ധതികൾ ഉണ്ടോ; ഉണ്ടെങ്കിൽ കാഞ്ഞങ്ങാട് മണ്ഡലത്തിൽ പ്രസ്തുത പദ്ധതി പ്രകാരം എത്ര പേരാണ് അപേക്ഷ നൽകിയതെന്ന് പഞ്ചായത്ത് തിരിച്ച് പറയാമോ;

(ബി) അപ്രകാരം ലഭിച്ച അപേക്ഷകളിൽ എത്രയെണ്ണം തീർപ്പ് കൽപ്പിച്ചു എന്നും അതിൽ എത്രപേർക്ക് ഭൂമി ഏറ്റെടുക്കുന്നതിന് പ്രതിഫലം നൽകിയെന്നുമുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(സി) എത്രപേർക്ക് എഗ്രിമെന്റ് വെച്ചിട്ടും ഇനിയും പ്രതിഫലത്തുക നൽകാനുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് പറയാമോ; അവർക്ക് എപ്പോൾ തുക നൽകുമെന്ന് പറയമോ?

**വനം വകുപ്പിന് അനുവദിച്ചിരുന്ന തുക**

947 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 സാമ്പത്തിക വർഷം വനം വകുപ്പിന് വിവിധ ബഡ്ജറ്റ് ശീർഷകങ്ങളിൽ അനുവദിച്ചിരുന്ന തുകയും പ്രസ്തുത ശീർഷകങ്ങളിൽ ചെലവഴിച്ച തുകയും പ്ലാൻ, നോൺ പ്ലാൻ ഇനങ്ങൾ തിരിച്ച് വ്യക്തമാക്കുമോ?

**ഗാർഹിക തോട്ടങ്ങൾ**

948 **ശ്രീ. എം. എം. മണി**
**ശ്രീ. ടി.ഐ.മധുസൂദനൻ**
**ശ്രീ. കെ.കെ. രാമചന്ദ്രൻ**
**ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തടി ഉല്പാദനത്തിൽ ഗാർഹിക തോട്ടങ്ങളുടെ പ്രാധാന്യം വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഗാർഹിക തോട്ടങ്ങളിൽ നിന്നുള്ള തടി ഉല്പാദനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) നിലവിൽ ഗാർഹിക തോട്ടങ്ങൾ സംഭാവന ചെയ്യുന്ന തടി വിഭവങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ?

## വനശ്രീ ഇക്കോഷോപ്പുകൾ

949 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എവിടെയെല്ലാമാണ് വനശ്രീ ഇക്കോഷോപ്പുകൾ പ്രവർത്തിക്കുന്നത്; വിശദമാക്കാമോ;

(ബി) വനശ്രീ ഇക്കോഷോപ്പുകൾ വഴി വിപണനം ചെയ്യുന്ന ഉൽപ്പന്നങ്ങൾ ഓൺലൈനായി നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

## ചക്കിട്ടപ്പാറയിൽ നിർമ്മിക്കുന്ന കോഴിക്കോട് ബയോളജിക്കൽ പാർക്കിനെ സംബന്ധിച്ച്

950 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ചക്കിട്ടപ്പാറയിൽ നിർമ്മിക്കുന്ന കോഴിക്കോട് ബയോളജിക്കൽ പാർക്കിന്റെ ഡി . പി . ആർ . തയ്യാറായിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പാർക്കിന്റെ നിർമ്മാണ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

## തട്ടേക്കാട് പക്ഷിസങ്കേതത്തിന്റെ അതിർത്തി പുനർനിർണ്ണയം

951 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തട്ടേക്കാട് പക്ഷിസങ്കേതത്തിന്റെ അതിർത്തി പുനർനിർണ്ണയവുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പക്ഷിസങ്കേതത്തിന്റെ അതിർത്തി പുനർനിർണ്ണയ പ്രവർത്തനങ്ങൾ വേഗത്തിൽ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## തിരുനാവായയിൽ എത്തിച്ചേരുന്ന ദേശാടന പക്ഷികളുടെ സംരക്ഷണം

952 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ തിരുനാവായയിൽ എത്തിച്ചേരുന്ന ദേശാടന പക്ഷികളെക്കുറിച്ച് സർക്കാർ ഔദ്യോഗികമായി പഠനം നടത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) ഇവിടെ എത്തിച്ചേരുന്ന ദേശാടന പക്ഷികൾ ഏതെല്ലാമാണെന്ന വിവരം വനംവകുപ്പ് ശേഖരിച്ചിട്ടുണ്ടോ ; എങ്കിൽ അത് ലഭ്യമാക്കാമോ;

(സി) ഈ പ്രദേശത്ത് എത്തിച്ചേരുന്ന ദേശാടന പക്ഷികളുടെ സംരക്ഷണത്തിന് വനം വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ഡി) ഈ പക്ഷികൾ വേട്ടയാടപ്പെടുന്നുവെന്ന പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ഇ) ദേശാടനപ്പക്ഷികൾ എത്തുന്ന തിരുനാവായയിലെ പ്രദേശം പക്ഷിസങ്കേതം ആയി പ്രഖ്യാപിക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരിക്കുമോ ?

## പശ്ചിമഘട്ടത്തിന്റെ പാരിസ്ഥിതിക സംരക്ഷണം സംബന്ധിച്ച്

953 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പശ്ചിമഘട്ടത്തിന്റെ പാരിസ്ഥിതിക സംരക്ഷണത്തിന്റെ ഭാഗമായി നിശ്ചയിക്കപ്പെട്ട ഇക്കോ സെൻസിറ്റീവ് ഏരിയ (ഇ.എസ്.എ.), ബഫർ സോൺ എന്നിവ സംബന്ധിച്ച ബഹു.സുപ്രീംകോടതി വിധി അനുസരിച്ച് കേരളത്തിലെ ഏതൊക്കെ പ്രദേശങ്ങളെയാണ് ബാധിക്കുന്നതെന്ന ജില്ലതിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) ഇത് മലയോര മേഖലയിലെ ജനങ്ങളെ ഏതൊക്കെ തരത്തിലാണ് ബാധിക്കാൻ സാധ്യതയുള്ളത്; വിശദമാക്കുമോ;

(സി) ഇ.എസ്.എ, ബഫർ സോൺ എന്നിവയുടെ ദൂരപരിധി സംബന്ധിച്ച സംസ്ഥാനത്തിന്റെ നിർദ്ദേശം കേന്ദ്ര-വനം-പരിസ്ഥിതി മന്ത്രാലയത്തിന് നൽകിയിട്ടുണ്ടോ; ഇതിന്മേൽ എന്ത് തീരുമാനമാണ് വന്നിട്ടുള്ളത്;

(ഡി) മലയോര മേഖലയിലെ ജനങ്ങളുടെ കുടിയിറക്കത്തിന് കാരണമായേക്കാവുന്ന ഈ പ്രതിസന്ധി പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

## വനാതിർത്തികളിലെ വന്യജീവി ആക്രമണങ്ങൾ

954 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനാതിർത്തികളിൽ താമസിക്കുന്നവർ നേരിടേണ്ടി വരുന്ന വന്യജിവി ആക്രമണവും കൃഷി നശിപ്പിക്കലും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇതിൽ നിന്നും ജനങ്ങളെ രക്ഷിക്കാനും, കൂടാതെ വന്യജീവികളെ സംരക്ഷിക്കാനുമായുള്ള മാസ്റ്റർപ്ലാൻ നടപ്പിലാക്കൽ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കുമോ;

(സി) കഴിഞ്ഞ 5 വർഷ കാലയളവിൽ ഓരോ വർഷവും എത്ര വന്യജീവി ആക്രമണങ്ങൾ രജിസ്റ്റർ ചെയ്തു; എത്ര പേർ ആക്രമണത്തിന് ഇരയായി; എത്ര ജീവഹാനി സംഭവിച്ചു; എത്ര ഹെക്ടർ കൃഷി നശിപ്പിച്ചു; വിശദാംശം ലഭ്യമാക്കുമോ?

## കാസർഗോഡ് ജില്ലയിലെ വന്യജീവി ആക്രമണം

955 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മനുഷ്യ വന്യജീവി സംഘർഷങ്ങൾക്ക് ഒരു പരിധിവരെ കാരണമാകുന്ന വനങ്ങളിലെ അധിനിവേശ സസ്യങ്ങളും, ദോഷകരമായ വൃക്ഷങ്ങളും ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കുമോ ;

(ബി) കാസർഗോഡ് ജില്ലയിൽ വന്യജീവി ആക്രമണം രൂക്ഷമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാകാമോ ; ഇത് ലഘൂകരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ ?

## അങ്കമാലി മണ്ഡലത്തിലെ വന്യജീവികളുടെ ആക്രമണം

956 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവികളുടെ ആക്രമണം തടയുന്നതിന് വനം വകുപ്പ് ശാസ്ത്രീയമായി പുതിയ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാകുമോ;

(ബി) അങ്കമാലി മണ്ഡലത്തിൽ വനമേഖലയോട് ചേർന്ന് കിടക്കുന്ന അയ്യമ്പുഴ, മലയാറ്റൂർ-നീലീശ്വരം, മൂക്കന്നൂർ, കറുകുറ്റി ഗ്രാമപഞ്ചായത്തുകളിൽ വന്യമൃഗശല്യവും വന്യമൃഗങ്ങൾ ഇറങ്ങി കൃഷി നശിപ്പിക്കുന്നതും തടയുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) അങ്കമാലി മണ്ഡലത്തിൽ വന്യമൃഗ ആക്രമണത്തിന് ഇരയായവർക്കും, കൃഷിനാശം സംഭവിച്ചവർക്കും നഷ്ടപരിഹാരം നൽകുന്നതിന് നിലവിൽ കുടിശ്ശിക ഉണ്ടോയെന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ എത്രപേർക്ക് ഏതെല്ലാം ഇനത്തിൽ നഷ്ടപരിഹാരം നൽകാനുണ്ടെന്നും, എത്ര തുക വീതമാണെന്നും അറിയിക്കാമോ; ഈ കുടിശ്ശിക എപ്പോൾ വിതരണം ചെയ്യാനാകുമെന്ന് വ്യക്തമാക്കാമോ?

## പരിയാരം പഞ്ചായത്തിലെ കുരങ്ങുശല്യം ഒഴിവാക്കാൻ നടപടി

957 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തളിപ്പറമ്പ് മണ്ഡലത്തിലെ പരിയാരം പഞ്ചായത്തിലെ കുരങ്ങുശല്യം ലഘൂകരിക്കുന്നതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രദേശത്ത് കുരങ്ങുശല്യം ഒഴിവാക്കുന്നതിനായി കൂട് സ്ഥാപിക്കുന്നതിൽ വീഴ്ച വരുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥർക്ക് എതിരെ നടപടി സ്വീകരിക്കാമോ?

## അരുവിക്കര മണ്ഡലത്തിലെ വന്യജീവി ആക്രമണത്തിന്റെ നഷ്ടപരിഹാരം

958 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-ന് ശേഷം അരുവിക്കര നിയോജക മണ്ഡലത്തിൽ വന്യമൃഗങ്ങളുടെ ആക്രമണത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർക്കും, പരിക്കേറ്റവർക്കും നൽകിയിട്ടുള്ള നഷ്ടപരിഹാരം സംബന്ധിച്ച വിവരങ്ങൾ എണ്ണവും പേരും ഉൾപ്പെടെ നൽകുമോ;

(ബി) ഇത്തരത്തിൽ സമർപ്പിച്ച അപേക്ഷകളിൽ ഇനിയും തീരുമാനമെടുക്കാതെയുള്ളവ എത്രയാണെന്ന വിവരം വ്യക്തമാക്കുമോ?

## നെന്മാറ മലയോര മേഖലയിലെ വന്യജീവി സാന്നിധ്യം തടയുന്നതിനുള്ള നടപടി

959 **ശ്രീ. കെ. ബാബു (നെന്മാറ)** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ മലയോര മേഖലയിൽ പുലി ഉൾപ്പെടെയുള്ള വന്യജീവികളുടെ സാന്നിധ്യം കാരണം ജനങ്ങൾ ഭീതിയിലാണെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;ഇതു സംബന്ധിച്ച വിശദാംശം നല്കമോ;

(ബി) ജനങ്ങളുടെ ഭീതി അകറ്റുന്നതിനും വന്യമൃഗങ്ങൾ നാട്ടിൻ പുറത്തേക്ക് വരുന്നത് തടയുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

## തിരുവമ്പാടി മണ്ഡലത്തിൽ വന്യമൃഗശല്യം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ

960 **ശ്രീ. ലിന്റോ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രൂക്ഷമായ വന്യമൃഗശല്യം അനുഭവിക്കുന്ന തിരുവമ്പാടി മണ്ഡലത്തിൽ അത് പരിഹരിക്കുന്നതിനാവിഷ്കരിച്ച പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പ്രവർത്തന രൂപരേഖകളിൽ ഉൾപ്പെടുത്തിയിട്ടുള്ളവയുടെ വിശദാംശം ലഭ്യമാക്കുമോ?

## ഇരിക്കൂർ മണ്ഡലത്തിൽ വന്യമൃഗ ആക്രമണത്തിൽ മരണമടഞ്ഞവർ

961 **ശ്രീ. സജീവ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-നുശേഷം നാളിതുവരെ ഇരിക്കൂർ മണ്ഡലത്തിൽ വന്യമൃഗ ആക്രമണത്തിൽ മരണമടഞ്ഞവരുടെ എണ്ണവും അവരുടെ പേരുവിവരങ്ങളും വിശദമാക്കുമോ;

(ബി) ഇത്തരത്തിൽ മരണമടഞ്ഞവരുടെ ആശ്രിതർക്ക് നഷ്ടപരിഹാരം വിതരണം ചെയ്യാൻ അവശേഷിക്കുന്നുണ്ടോ; വിശദമാക്കുമോ;

(സി) 2016-നുശേഷം ഇത്തരത്തിൽ വിതരണം ചെയ്ത ആകെ നഷ്ടപരിഹാരത്തുക എത്രയാണെന്ന് വിശദമാക്കുമോ?

## വന്യജീവി ആക്രമണത്തിന് ഇരയാകുന്നവർക്ക് നഷ്ടപരിഹാരത്തിന് നിയമനിർമ്മാണം

962 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ**
**ശ്രീ. പ്രമോദ് നാരായൺ**
**ശ്രീ. ജോബ് മൈക്കിൾ**

**ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി ആക്രമണത്തിന് ഇരയാകുന്നവർക്ക് നിലവിൽ നൽകുന്ന നഷ്ടപരിഹാരം ഏത് ചട്ടത്തിന്റെ അടിസ്ഥാനത്തിലാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത ചട്ടത്തിന് അടിസ്ഥാനമായ നിയമം ഏതെന്നും കേരള സർക്കാരോ കേന്ദ്രസർക്കാരോ പ്രസ്തുത നിയമം പാസാക്കിയിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ച ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ നഷ്ടപരിഹാരം നൽകുന്നതിന് പകരം ഈ വിഷയത്തിൽ സമഗ്രമായ ഒരു നിയമം പാസാക്കി അതിന്റെ അടിസ്ഥാനത്തിൽ നഷ്ടപരിഹാരം അവകാശമാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## കക്കയം-ഓട്ടപ്പാലം പ്രദേശങ്ങളിലെ കാട്ടാനശല്യം

963 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിലെ കൂരാച്ചുണ്ട് പഞ്ചായത്തിലെ കക്കയം-ഓട്ടപ്പാലം പ്രദേശങ്ങളിൽ കാട്ടാനയിറങ്ങി മനുഷ്യജീവനും കൃഷിക്കും നാശമുണ്ടാക്കുന്നത് തടയുന്നതിനായി സർക്കാർ സ്വീകരിച്ച് വരുന്ന നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രദേശങ്ങളിൽ നിലവിൽ എത്ര കിലോമീറ്റർ ഫെൻസിംഗ് ആണ് സ്ഥാപിച്ചിട്ടുള്ളത്; വിശദമാക്കാമോ?

## വന്യജീവി ആക്രമണത്തിന് നൽകുന്ന നഷ്ടപരിഹാരം

964 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വന്യജീവി ആക്രമണംമൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് വിവിധ ജില്ലകളിൽ നിന്നും എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന അറിയിക്കാമോ; വിശദാംശം നൽകാമോ ;

(ബി) ഓരോ ജില്ലയിലും എത്ര തുക വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

## വന്യജീവി ആക്രമണങ്ങൾ തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ

965 **ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന വന്യജീവി ആക്രമണങ്ങൾ തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) ഗ്രാമീണമേഖലയിലെ കൃഷിസ്ഥലങ്ങളിലെ കാട്ടുപന്നി അടക്കമുള്ളവയുടെ ആക്രമണം ചെറുക്കുന്നതിനും ഉപദ്രവകാരികളായ പന്നികളടക്കമുള്ള മൃഗങ്ങളെ പിടികൂടുന്നതിനും നിലവിലുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത കർഷകരുടെ കൃഷിഭൂമിയിൽ കാട്ടുമൃഗങ്ങളുടെ ആക്രമണം തടയുന്നതിന് സോളാർ വേലികൾ പോലുള്ള പ്രതിരോധ മാർഗ്ഗങ്ങൾ ചെയ്യുന്നതിന് വനം വകുപ്പ് സഹായം നൽകുമോ; വിശദ വിവരങ്ങൾ അറിയിക്കാമോ?

**<u>കോതമംഗലം മണ്ഡലത്തിലെ വന്യമൃഗ ശല്യം- തടയുന്നതിന് നടപടി</u>**

966 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനുശേഷം കോതമംഗലം മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ രൂക്ഷമായ വന്യമൃഗ ശല്യം തടയുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) കോതമംഗലം, മലയാറ്റൂർ, മൂന്നാർ വനം ഡിവിഷനുകളുടെ കീഴിലും ഇടുക്കി വൈൽഡ് ലൈഫ് ഡിവിഷന്റെ കീഴിലും വരുന്ന കോതമംഗലം മണ്ഡലത്തിലെ വന്യമൃഗ ശല്യം നിലനിൽക്കുന്ന പ്രദേശങ്ങളിൽ ഓരോ ഡിവിഷന്റെ കീഴിലും സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകുമോ;

(സി) ഈ സർക്കാർ വന്നതിനുശേഷം കോതമംഗലം മണ്ഡലത്തിൽ വന്യജീവി ആക്രമണങ്ങളിൽ കൊല്ലപ്പെടുകയോ, പരിക്കേൽക്കുകയോ, കൃഷി നാശം സംഭവിക്കുകയോ ചെയ്തിട്ടുള്ളതിന് നൽകിയ നഷ്ടപരിഹാര തുകയുടെ വിശദാംശം വ്യക്തമാക്കുമോ;

(ഡി) വന്യമൃഗ ശല്യത്തിനെതിരെ കൂടുതൽ ഫലപ്രദമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**<u>വന്യജീവി ആക്രമങ്ങൾക്ക് ഇരയാകുന്നവർക്ക് നഷ്ടപരിഹാരം</u>**

967 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി ആക്രമങ്ങൾക്ക് ഇരയാകുന്നവർക്ക് അനുവദിക്കുന്ന നഷ്ടപരിഹാര പദ്ധതികൾ ഏതൊക്കെയാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) നാട്ടിൻപുറങ്ങളിൽ വച്ച് പാമ്പുകളുടെ കടിയേറ്റ് ചികിത്സ തേടുന്നവർക്ക് ചികിത്സാ ചെലവും നഷ്ടപരിഹാരവും ലഭിക്കുന്നതിന് ഈ പദ്ധതികൾ പ്രകാരം അർഹതയുണ്ടോ;

(സി) പാമ്പു കടിയുൾപ്പടെയുള്ള വന്യജീവി ആക്രമണങ്ങളിൽ പരിക്കേൽക്കുകയോ മരണപ്പെടുകയോ ചെയ്യുന്നവർ നഷ്ടപരിഹാരത്തിനായും ചികിത്സാചെലവ് ലഭിക്കുന്നതിനായും ആരെയാണ് സമീപിക്കേണ്ടതെന്ന് വ്യക്തമാക്കുമോ; ഇതിനായി സമർപ്പിക്കേണ്ട അപേക്ഷകളുടെയും ഹാജരാക്കേണ്ട രേഖകളുടെയും വിശദാംശങ്ങൾ അറിയിക്കുമോ?

**<u>പൂഞ്ഞാർ മണ്ഡലത്തിലെ വനമേഖലകളിൽ സൗരോർജ്ജ തൂക്കുവേലിയും ആനപ്രതിരോധ കിടങ്ങും</u>**

968 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ എരുമേലി റെയ്ഞ്ചിൽ നബാർഡ്, ആർ. കെ. വി. വൈ. പദ്ധതികളിൽ ഉൾപ്പെടുത്തി സൗരോർജ്ജ തൂക്കുവേലികളും ആനപ്രതിരോധ കിടങ്ങുകളും നിർമ്മിക്കുന്ന പ്രവൃത്തികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

## വന്യജീവി ആക്രമണം തടയാൻ നടപടി

969 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ. കെ.പി.മോഹനൻ**
**ശ്രീ മാത്യു ടി. തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യജീവി ആക്രമണം തടയാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) വന്യജീവി ആക്രമണങ്ങൾ തടയുന്നതിന് നടപ്പാക്കാനുദ്ദേശിക്കുന്ന ആധുനിക സങ്കേതങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

## വന്യജീവികൾ മൂലമുള്ള കൃഷി നാശത്തിനുള്ള നഷ്ടപരിഹാരം

970 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യജീവികളുടെ ആക്രമണം മൂലം കൃഷിനാശം സംഭവിക്കുന്ന കർഷകർക്ക് നൽകുന്ന നഷ്ടപരിഹാരത്തുക ഓരോ വിളകൾക്കും എത്രയാണ്; ഏതെല്ലാം വിളകൾക്കാണ് തുക നൽകുന്നത്; വിശദമാക്കുമോ;

(ബി) വിളനാശത്തിന് നൽകുന്ന പരിമിതമായ നഷ്ടപരിഹാരത്തുക കാലോചിതമായി വർദ്ധിപ്പിച്ച് അർഹമായ നഷ്ടപരിഹാരം നൽകാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വന്യജീവികൾ മൂലമുള്ള കൃഷിനാശത്തിനുള്ള നഷ്ടപരിഹാര ഇനത്തിൽ എത്ര തുക വിതരണം ചെയ്തു; വർഷം, ജില്ല എന്നിവ തിരിച്ച് വിശദമാക്കുമോ?

## നദികളിലെയും ഡാമുകളിലെയും എക്കലും മണലും നീക്കം ചെയ്യുന്നതിനുള്ള പദ്ധതി

971 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡാമുകളിലും നദികളിലും എക്കലും മണ്ണും അടിഞ്ഞ് കൂടി നദികളിലെ ജലവാഹകശേഷിയും ഡാമുകളുടെ ജലസംഭരണ ശേഷിയും കുറയുന്നതും ആയത് വെള്ളപ്പൊക്കത്തിന് കാരണമാകുന്നു എന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രളയത്തിന്റെ തീവ്രത കുറയ്ക്കുന്നതിനും നദികളിലെയും ഡാമുകളിലെയും ജലസംഭരണ ശേഷി വർദ്ധിപ്പിക്കുന്നതിനും ഡാമുകളിലും നദികളിലും അടിഞ്ഞ്

കുടിയിട്ടുള്ള എക്കലും മണ്ണും നീക്കം ചെയ്യേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വെളിപ്പെടുത്തുമോ ;

(സി) നദികളിലും ഡാമുകളിലും അടിഞ്ഞുകൂടിയിട്ടുള്ള മണൽ നിക്ഷേപത്തിന്റെ അളവ് കണക്കാക്കിയിട്ടുണ്ടോ , വ്യക്തമാക്കുമോ;

(ഡി) മണൽ വാരൽ നിരോധനം മൂലം പ്രതിസന്ധിയിലായ നിർമ്മാണ മേഖലയുടെ പുനരുജ്ജീവനത്തിനും വെള്ളപ്പൊക്കം തടയുന്നതിനും ഏറ്റവും സഹായകരമായ പദ്ധതി എന്ന നിലയിൽ അടിയന്തരമായി നദികളിലെയും ഡാമുകളിലെയും എക്കലും മണലും നീക്കം ചെയ്യാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## മൂവാറ്റുപുഴവാലി ഇറിഗേഷൻ പ്രോജക്ടിന്റെ സ്ഥലമേറ്റെടുപ്പിന് നഷ്ടപരിഹാരം

972 **ശ്രീ. മോൻസ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴവാലി ഇറിഗേഷൻ പ്രോജക്ടിന്റെ സ്ഥലമേറ്റെടുപ്പുമായി ബന്ധപ്പെട്ട നഷ്ടപരിഹാരം നൽകുന്നതിന് ശ്രീ. സി.ഒ. എബ്രഹാം, ചെത്തിമറ്റത്തിൽ, മൂർക്കാട്ടിപ്പടി, മുളക്കുളം ഗ്രാമപഞ്ചായത്ത് നൽകിയ അപേക്ഷയിൽ ജലസേചന വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വ്യക്തിക്ക് എൽ.എ.ആർ. നം.90/2012 &പാല എൽ.എ.ഓഫീസ് നം.എ4/127/2024 പ്രകാരം എത്ര രൂപയാണ് സ്ഥലമേറ്റെടുപ്പുമായി ബന്ധപ്പെട്ട് നൽകുവാൻ ഉള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) ശ്രീ. സി.ഒ. എബ്രഹാമിന്റെ പരാതി പരിഹരിക്കുന്നതിന് ജലസേചന വകുപ്പ് എന്ത് നടപടി സ്വീകരിച്ചു എന്ന് വിശദമാക്കാമോ?

## കാട്ടാക്കട മണ്ഡലത്തിലെ മൈനർ ഇറിഗേഷൻ പദ്ധതികൾ

973 **ശ്രീ. ഐ. ബി. സതീഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട നിയോജക മണ്ഡലത്തിൽ 2016 മെയ് മാസം മുതൽ 2024 മെയ് മാസം വരെ അനുമതി ലഭ്യമായതും നടപ്പിലാക്കിയതുമായ മൈനർ ഇറിഗേഷൻ പദ്ധതികളുടെ വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പേര്, തുക, നിലവിലെ സ്ഥിതി എന്നിവ തരം തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## ഇറിഗേഷൻ പ്രോജക്ടുകൾ

974 **ശ്രീ കെ യു ജനീഷ് കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി നിയോജകമണ്ഡലത്തിൽ 2022 മുതൽ ഭരണാനുമതി ലഭിച്ച മേജർ, മൈനർ ഇറിഗേഷൻ പ്രവർത്തികളുടെ വിവരങ്ങൾ വ്യക്തമാക്കാമോ; ഈ പ്രവർത്തികളിൽ നിർമ്മാണം ആരംഭിച്ചതിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) കോന്നി നിയോജകമണ്ഡലത്തിലെ 11 പഞ്ചായത്തുകളിലെ ജൽ ജീവൻ മിഷൻ പ്രവൃത്തികളുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

## ഇറിഗേഷൻ ടൂറിസം പദ്ധതി

975 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പുഴയിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന ഇറിഗേഷൻ ടൂറിസം പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) നിലവിൽ പ്രസ്തുത പദ്ധതി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

## കുറ്റ്യാടി -ഉണേരി -വേറ്റുമ്മൽ- കായപ്പനച്ചി ടെയിൽ ഏൻഡ് പദ്ധതി

976 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിൽ ഉണേരി ,എടച്ചേരി ഗ്രാമ പഞ്ചായത്തുകളിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്ന കുറ്റ്യാടി -ഉണേരി -വേറ്റുമ്മൽ -കായപ്പനച്ചി ടെയിൽ ഏൻഡ് പദ്ധതിയുടെ പുനരുദ്ധരണ വിഷയത്തിൽ നാളിതുവരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിഷയത്തിൽ ഇറിഗേഷൻ -റവന്യൂ വകുപ്പുകളുടെ സംയുകത സർവ്വേ നടപടികൾ പൂർത്തികരിച്ച സാഹചര്യത്തിൽ പദ്ധതിക്ക് എന്ന് ഭരണാനുമതി ലഭ്യമാക്കുമെന്ന് വിശദമാക്കാമോ?

## അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി സംബന്ധിച്ച്.

977 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അമൃത് 2 പദ്ധതിയിൽ ഉൾപ്പെടുത്തി 2023ൽ ഭരണാനുമതി ലഭിച്ച പയ്യന്നൂർ നഗരസഭ കുടിവെള്ള പദ്ധതിക്കായുള്ള കിണർ നിർമ്മാണത്തിന്റെയും അനുബന്ധ പദ്ധതികളുടെയും നിലവിലെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവർത്തി എപ്പോൾ ആരംഭിച്ച് എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്, വ്യക്തമാക്കാമോ;

(സി) പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ, വിശദാംശങ്ങൾ അറിയിക്കാമോ?

## വല്യച്ചിറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

978 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വല്ല്യച്ചിറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പ്രവൃത്തി 22% പൂർത്തീകരിച്ച കരാറുകാരന്റെ ആകസ്മിക നിര്യാണത്തെ തുടർന്ന് മൂന്ന് വർഷത്തോളമായി നിർമ്മാണം നിലച്ച രീതിയിലായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കരാർ റദ്ദ് ചെയ്ത് ശേഷിക്കുന്ന പ്രവൃത്തികൾക്കായി സമർപ്പിച്ച പുതുക്കിയ എസ്റ്റിമേറ്റിന് അടിയന്തര അനുമതിയും ഫണ്ടും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## കോട്ടക്കൽ നഗരസഭ കുടിവെള്ള പദ്ധതി

979 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നഗരസഭ കുടിവെള്ള പദ്ധതിയുടെ ഭാഗമായിട്ടുള്ള ഉന്നതതല ജലസംഭരണിയുടെ നിർമ്മാണം, ഗാർഹിക കണക്ഷൻ നൽകൽ, പൈപ്പ് ലൈൻ സ്ഥാപിക്കൽ തുടങ്ങിയ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായുള്ള പുതിയ പ്രൊപ്പോസൽ വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത വിഷയത്തിൻമേൽ വാട്ടർ അതോറിറ്റി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും സർക്കാർ ആവശ്യപ്പെട്ടതിൻ പ്രകാരമുള്ള ടി പദ്ധതിയുടെ പുതിയ പ്രൊപ്പോസൽ സർക്കാരിലേക്ക് സമർപ്പിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നതിന്റെ കാരണവും വിശദമാക്കുമോ;

(സി) കോട്ടക്കൽ നഗരസഭ പരിധിയിലെ ജനങ്ങൾ നേരിടുന്ന രൂക്ഷമായ കുടിവെള്ള ക്ഷാമം കണക്കിലെടുത്ത് പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട മേൽ പ്രൊപ്പോസലുകൾ നബാർഡിന്റെ പദ്ധതിയിലോ മറ്റേതെങ്കിലും പദ്ധതികളിലോ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; പ്രസ്തുത പദ്ധതി നബാർഡിൽ ഉൾപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ?

## പരവൂർ -പൂതക്കുളം കുടിവെള്ള പദ്ധതി

980 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിലുൾപ്പെട്ട പരവൂർ നഗരസഭയിലും പൂതക്കുളം ഗ്രാമപഞ്ചായത്തിലും പുതിയ കുടിവെള്ളപദ്ധതി ആരംഭിക്കുന്നത് സംബന്ധിച്ച നടപടികളുടെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത കുടിവെള്ള പദ്ധതി സംബന്ധിച്ച് നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ; എങ്കിൽ ആയത് വ്യക്തമാക്കാമോ?

## പേരാമ്പ്ര മണ്ഡലത്തിലെ ജൽ ജീവൻ പദ്ധതി

981 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിലെ ജൽ ജീവൻ മിഷൻ പ്രവൃത്തികളുടെ പഞ്ചായത്ത് തിരിച്ചുള്ള പുരോഗതി വിശദമാക്കാമോ;

(ബി) മണ്ഡലത്തിലെ പഞ്ചായത്ത് റോഡുകളുടെ റീസ്റ്റോറേഷൻ നടപടികളുടെ പുരോഗതി പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

## മീനച്ചിലാർ-മീനന്തറയാർ- കൊടൂരാർ പുന:സംയോജന പദ്ധതി

982 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം കേന്ദ്രമാക്കി വർഷങ്ങളായി തുടരുന്ന മീനച്ചിലാർ-മീനന്തറയാർ-കൊടൂരാർ പുന:സംയോജന പദ്ധതിയ്ക്കായി നാളിതുവരെ വകയിരുത്തിയ തുകയുടെയും ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) 2019 ൽ രജിസ്റ്റർ ചെയ്ത് മീനച്ചിലാർ-മീനന്തറയാർ-കൊടൂരാർ പുന:സംയോജന പദ്ധതി എന്ന പേരിൽ രൂപീകരിച്ച സൊസൈറ്റിയുടെ കണക്കുകൾ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പുകൾ ലഭ്യമാക്കാമോ?

**<u>പരവൂർ കായലിലെ മൺകൂനകൾ നീക്കം ചെയ്യുന്നതിന് നടപടി</u>**

983 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിലുൾപ്പെട്ട പരവൂർ കായലിൽ രൂപപ്പെട്ടിട്ടുള്ള മൺകൂനകൾ നീക്കം ചെയ്യുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) കായലിന്റെ ആവാസ വ്യവസ്ഥയ്ക്കും പരിസ്ഥിതിയ്ക്കും കായൽതീരത്തെ ജനജീവിതത്തിനും ഭീഷണിയായി രൂപപ്പെട്ടിട്ടുള്ള പ്രസ്തുത മൺകൂനകൾ നീക്കം ചെയ്യുന്നതിനുണ്ടാകുന്ന കാലതാമസത്തിന് കാരണം എന്താണെന്നും ഇത് നീക്കം ചെയ്യുന്നതിനുള്ള നടപടി എന്ന് ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

**<u>കൊടുങ്ങല്ലൂർ റ്റി.എച്ച്.എസ്. കോമ്പൗണ്ടിലെ കുളം സംരക്ഷണം</u>**

984 **ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂർ ടെക്നിക്കൽ ഹൈസ്കൂൾ കോമ്പൗൻഡിൽ നിലവിലുള്ള വലിയ കുളത്തിന്റെ സൈഡ് കെട്ടി, അകത്തു അടിഞ്ഞു കിടക്കുന്ന മണ്ണും ചെളിയും മാറ്റി സംരക്ഷിക്കുന്നതിന് ചെറുകിട ജലസേചന വകുപ്പ് തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ;

(ബി) പ്രദേശത്തെ വലിയ ജല സ്രോതസ്സുകളിലൊന്നായ പ്രസ്തുത കുളം സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ ആയതിന്റെ വിവരങ്ങൾ അറിയിക്കാമോ ?

**<u>അരുവിക്കര ഡാമിലെ എക്കലും മണ്ണും നീക്കം ചെയ്യുന്നതിനുള്ള പദ്ധതി</u>**

985 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര ഡാമിലെ എക്കലും മണ്ണും നീക്കം ചെയ്യുന്നതിനുള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതിയ്ക്കായി അനുവദിച്ച തുക, ഭരണാനുമതി എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ?

**<u>മംഗലം ഡാമിലെ ചെളിനീക്കൽ</u>**

986 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജക മണ്ഡലത്തിലെ മംഗലം ഡാമിലെ ചെളിനീക്കൽ പ്രവൃത്തി നല്ല രീതിയിൽ പുരോഗമിക്കവേ ഇടക്കു വച്ച് നിറുത്തിവെയ്ക്കാനുണ്ടായ കാരണം എന്തെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട എന്തെങ്കിലും കേസുകൾ നിലവിലുണ്ടെങ്കിൽ ആയതിന്റെ വിശദാംശം നൽകാമോ ;

(സി) പ്രസ്തുത പ്രവൃത്തി തർക്കങ്ങൾ പരിഹരിച്ച് ഉടൻ തന്നെ പുനരാരംഭിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാമോ ?

## മണ്ണൂട്ടാംപാറ അണക്കെട്ടിലെ ഷട്ടർ പ്രവർത്തിപ്പിക്കുന്നതിന് നടപടി

987 **ശ്രീ. പി. അബ്ദുൽ ഹമീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിലെ കർഷകർക്ക് ഏറെ ആശ്വാസമേകുന്ന മണ്ണൂട്ടാംപാറ അണക്കെട്ടിലെ ഷട്ടർ പ്രവർത്തിപ്പിക്കുന്നതിന് വേണ്ടി സ്ഥാപിച്ച ജനറേറ്റർ പ്രവർത്തനരഹിതമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജലസേചന വകുപ്പിലെ മെക്കാനിക്കൽ വിഭാഗം സ്ഥാപിച്ച ജനറേറ്ററിന് വേണ്ട കേബിൾ വലിക്കൽ, പാനൽ ബോർഡ് സ്ഥാപിക്കൽ ഉൾപ്പെടെയുള്ള ഇലക്ട്രിക്കൽ പ്രവൃത്തികൾക്ക് ആവശ്യമായ ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## വാഴാനി ഡാമിൽ ഭൂകമ്പമാപിനി സ്ഥാപിക്കാൻ നടപടി

988 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സീസ്മോഗ്രാഫ് സ്റ്റേഷനുവേണ്ടി കെട്ടിടം നിർമ്മിച്ചിട്ടുള്ള വാഴാനി അണക്കെട്ടിൽ കേന്ദ്ര ജല കമ്മീഷനുമായി കൂടിയാലോചിച്ച് ഭൂകമ്പമാപിനി സ്ഥാപിക്കുന്നതിനു വേണ്ട അടിയന്തര നടപടികൾ സ്വീകരിക്കാമോ?

## പേപ്പാറ ഡാമിന്റെ സംഭരണശേഷി

989 **ശ്രീ ജി സ്റ്റീഫൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പേപ്പാറ ഡാമിന്റെ സംഭരണശേഷി ഉയർത്തുന്നത് സംബന്ധിച്ച് ജലവിഭവ വകുപ്പ് നേരിട്ടോ മറ്റേതെങ്കിലും ഏജൻസികളോ നടത്തിയിട്ടുള്ള ഏതെങ്കിലും പഠന റിപ്പോർട്ടോ പദ്ധതി റിപ്പോർട്ടോ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ;

(ബി) ഇത്തരത്തിൽ ഡാമിന്റെ സംഭരണശേഷി ഉയർത്തുകയാണെങ്കിൽ നഗരത്തിലേക്ക് ഉൾപ്പെടെയുള്ള കുടിവെള്ള വിതരണം കൂടുതൽ കാര്യക്ഷമമാക്കാൻ കഴിയുമോയെന്ന് വ്യക്തമാക്കുമോ?

## ഡാം റീഹാബിലിറ്റേഷൻ ആൻഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട്

990 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡാം റീഹാബിലിറ്റേഷൻ ആൻഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട് ഘട്ടം-2 പ്രകാരം കോങ്ങാട് മണ്ഡലത്തിലെ കാഞ്ഞിരപ്പുഴ ഡാമിൽ നടപ്പിലാക്കുന്ന പുനരുദ്ധാരണ പ്രവൃത്തിയുടെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്; കരാർ പ്രകാരം പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) ഡാം റീഹാബിലിറ്റേഷൻ ആൻഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട് പ്രകാരം വിവിധ ഘട്ടങ്ങളിലായി കാഞ്ഞിരപ്പുഴ ഡാമിൽ നടപ്പിലാക്കുന്നതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പ്രവൃത്തികൾ ഒരുമിച്ച് ചേർത്ത് ഒറ്റ പ്രോജക്ട് ആക്കുന്നതിനും അത് വഴി പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

## <u>മുല്ലപ്പെരിയാർ അണക്കെട്ട്</u>

991 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമ്മിക്കണമെന്ന വിഷയത്തിന്മേൽ സർക്കാരിന്റെ നിലവിലുള്ള നിലപാട് എന്താണെന്ന് വിശദമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് പൊതുജനങ്ങളുടെ ആശങ്കകൾ പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(സി) മുല്ലപ്പെരിയാറിൽ പുതിയ ഡാം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് തമിഴ്നാടുമായി ഏതെങ്കിലും തരത്തിലുള്ള ചർച്ചയിൽ ഏർപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) മുല്ലപ്പെരിയാറിന്റെ സുരക്ഷാ പരിശോധനയുമായി ബന്ധപ്പെട്ട് സമഗ്ര സുരക്ഷാ പരിശോധനയിൽ എന്തെല്ലാം വിഷയങ്ങളാണ് ഉന്നയിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(ഇ) മുല്ലപ്പെരിയാറിൽ പുതിയ ഡാം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാരുമായി ആശയവിനിമയം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## <u>താണിക്കുടം പുഴയിൽ ചെക്ക്ഡാം നിർമ്മിക്കുന്ന പദ്ധതി</u>

992 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിൽ കോലഴി പഞ്ചായത്തിലെ കല്ലായിചിറ എന്ന സ്ഥലത്ത് താണിക്കുടം പുഴയിൽ ചെക്ക്ഡാം നിർമ്മിക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

## <u>വെള്ളൂർ തോടിന്റെ സൈഡ് ഭിത്തി നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകുന്നത് സംബന്ധിച്ച്.</u>

993 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസേചനത്തിന് ഉപയോഗിക്കാൻ കഴിയാത്ത വിധം സൈഡ് ഭിത്തി തകർന്ന് വെള്ളം ഒഴുകി പോകുന്ന പയ്യന്നൂർ നഗരസഭയിലെ വെള്ളൂർ തോടിന്റെ സൈഡ് കെട്ടി സംരക്ഷിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്ക് സമർപ്പിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത എസ്റ്റിമേറ്റിന് ഭരണാനുമതി നൽകാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## അമ്പാട്ട് തോട് സംരക്ഷണ ഭിത്തി നിർമ്മാണം

994 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 1.5 കോടി രൂപ അടങ്കൽ തുകയിൽ 20 ശതമാനം തുക അനുവദിച്ച മലമ്പുഴ മണ്ഡലത്തിലെ അകത്തേത്തറ പഞ്ചായത്തിലെ അമ്പാട്ട് തോട് സംരക്ഷണ ഭിത്തി നിർമ്മാണമെന്ന പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിന് വകുപ്പ് സ്വീകരിച്ച് വരുന്ന നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ വിശദമായ എസ്റ്റിമേറ്റും ഡീറ്റൈൽഡ് പ്രൊജക്റ്റ് റിപ്പോർട്ടും (ഡി.പി.ആർ ) തയ്യാറാക്കി ഇറിഗേഷൻ വകുപ്പ് സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കാമോ?

## മങ്കടവലിയ തോടിൽ തടയണയുടെ ഫൈബർ ഷട്ടറുകൾ

995 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിലെ മങ്കട വലിയ തോടിൽ നിർമ്മിച്ചിട്ടുള്ള അരുതിരിത്തി തടയണയുടെ ഷട്ടറുകളും കുട്ടപ്പാല വി.സി.ബി.യുടെ മരഷട്ടറുകളും കാലപ്പഴക്കത്താൽ ശോചനീയാവസ്ഥയിലായതിനാൽ ഫൈബർ ഷട്ടറുകൾ സ്ഥാപിക്കുന്നതിനും നിലവിലെ കരിങ്കൽ പാർശ്വഭിത്തി പൊളിച്ചുമാറ്റി കോൺക്രീറ്റ് പാർശ്വഭിത്തി നിർമ്മിയ്ക്കുന്നതിനുമുള്ള പ്രവൃത്തിയ്ക്ക് ഈ സാമ്പത്തിക വർഷം ഭരണാനുമതി നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കുമോ;

(ബി) അടിയന്തര പ്രാധാന്യത്തോടെ നടപ്പിലാക്കേണ്ട പ്രസ്തുത പ്രവൃത്തി, വകുപ്പിന്റെ മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തി കഴിഞ്ഞ സാമ്പത്തിക വർഷം തന്നെ എസ്റ്റിമേറ്റ് സമർപ്പിച്ചിരുന്നിട്ടും ഫണ്ടിന്റെ അപര്യാപ്തതകൊണ്ട് ഭരണാനുമതി നൽകാതിരുന്ന സാഹചര്യം ആവർത്തിയ്ക്കാതിരിക്കുന്നതിന് ശ്രദ്ധചെലുത്തുമോ; സമയബന്ധിതമായി ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ;വിശദമാക്കാമോ?

## വാഴയൂർ,വാക്കോട്,ചീക്കോട് എന്നീ പ്രദേശങ്ങളിലെ ചാലിയാർ പുഴയുടെ തീരത്ത് പാർശ്വഭിത്തി നിർമ്മിക്കാൻ നടപടി

996 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ കാലവർഷത്തിൽ ചാലിയാർ നദിയുടെ തീരത്തെ പലരുടെയും വീടുകൾക്കും സ്വത്ത് വകകൾക്കും വലിയ നാശനഷ്ടം സംഭവിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൊണ്ടോട്ടി മണ്ഡലത്തിലെ വാഴയൂർ, വാക്കോട്, ചീക്കോട് പഞ്ചായത്തുകളിലെ ചാലിയാർ നദിയുടെ തീരപ്രദേശങ്ങളിൽ കരയിടിച്ചിൽ മൂലം അപകടാവസ്ഥയിലുള്ള പ്രദേശങ്ങളിൽ പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുന്നതിന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ഇതിൽ എത്ര അപേക്ഷകളിൽ തീർപ്പു കൽപ്പിച്ചു എന്നും, എത്ര അപേക്ഷകളിലെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി എന്നും വിശദമാക്കുമോ?

## <u>തലപ്ര തോടിന്റെ സംരക്ഷണഭിത്തി നിർമാണം</u>

997 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ തെക്കേക്കര പഞ്ചായത്തിലെ തലപ്ര തോടിന് സംരക്ഷണഭിത്തി നിർമ്മിക്കുന്നതിന് കോട്ടയം ഇറിഗേഷൻ ഡിവിഷന് കീഴിൽ 2021/3740/ഐ. എ. നമ്പർ എസ്റ്റിമേറ്റ് പ്രകാരം ഭരണാനുമതി ലഭിച്ച നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

## <u>കോഴിക്കോട് നോർത്ത് മണ്ഡലത്തിൽ കടൽഭിത്തിസംരക്ഷണം</u>

998 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 വർഷത്തിൽ കടൽഭിത്തി സംരക്ഷണത്തിനായി കോഴിക്കോട് നോർത്ത് മണ്ഡലത്തിൽ നിന്നും എസ്റ്റിമേറ്റ് നൽകിയ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(സി) ജീവനും സ്വത്തിനുമുള്ള ഭീഷണിക്ക് പരിഹാരമാകുന്ന പ്രസ്തുത പ്രവൃത്തികൾ ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

## <u>പുതിയങ്ങാടി പാലക്കോട് അഴിമുഖത്തെ പുലിമുട്ട് നിർമ്മാണം</u>

999 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തിയ കണ്ണൂർ ജില്ലയിലെ പുതിയങ്ങാടി പാലക്കോട് അഴിമുഖത്തെ പുലിമുട്ട് നിർമ്മാണ പ്രവൃത്തി യഥാസമയം പൂർത്തിയാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

## <u>കടൽഭിത്തി നിർമ്മാണം</u>

1000 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സൗത്ത് ബീച്ച് പ്രദേശത്ത് കടൽ ഭിത്തി നിർമ്മിക്കുന്നതിന് നിലവിൽ ഏതെങ്കിലും പദ്ധതി പരിഗണനയിലുണ്ടോ; വിശദീകരിക്കാമോ?

## ഭട്ട് റോഡിൽ പുലിമുട്ട് നിർമ്മാണം

1001 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഭട്ട് റോഡിലെ പുലിമുട്ട് നിർമ്മാണവുമായി ബന്ധപ്പെട്ട് മദ്രാസ് ഐ.ഐ.ടിയിലെ പഠന റിപ്പോർട്ട് പ്രകാരം സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പുലിമുട്ട് നിർമ്മാണത്തിന് എന്തെല്ലാം നടപടികളാണ് സ്വകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

## മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ട്

1002 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ടിന്റെ കാരിക്കോട് ഡിസ്ട്രിബ്യൂട്ടറിയുടെ ആറാമത്തെ റീച്ചിൻെറ തടസ്സപ്പെട്ടിരിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായി നബാർഡ്-എൽ.ടി.ഐ.എഫ്. (ലോംഗ് ടേം ഇറിഗേഷൻ ഫണ്ട്)-ൽ ലഭ്യമാക്കിയ 34.9 കോടി രൂപയുടെ വിശദമായ പദ്ധതി റിപ്പോർട്ടിന് നബാർഡിൽ നിന്നും അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കാരിക്കോട് ഡിസ്ട്രിബ്യൂട്ടറിയുടെ 2, 5 റീച്ചുകളുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകരിക്കാത്തതിന്റെ കാരണം വിശദമാക്കുമോ;

(സി) കാരിക്കോട് ഡിസ്ട്രിബ്യൂട്ടറിയുടെ ആറാമത്തെ റീച്ച് തടസ്സപ്പെട്ടിരിക്കുന്നത് പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചത്; നബാർഡിന്റെ അംഗീകാരം ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കുമോ?

## ഹൈവേ വികസനവുമായി ബന്ധപ്പെട്ട് പൈപ്പ്ലൈൻ മാറ്റി സ്ഥാപിക്കൽ

1003 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഹൈവേ 66 വികസനത്തിന്റെ ഭാഗമായി ഗുരുവായൂർ മണ്ഡല പരിധിയിൽ കുടിവെള്ള പൈപ്പ്ലൈനുകൾ മാറ്റി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് നാഷണൽ ഹൈവേയ്സ് അതോറിറ്റി ഓഫ് ഇന്ത്യ (NHAI) യുമായി ഏതൊക്കെ കരാറുകളാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) കുടിവെള്ള പൈപ്പ്ലൈനുകൾ മാറ്റി സ്ഥാപിക്കുന്നതിനും തടസ്സമില്ലാതെ കുടിവെള്ളം ലഭ്യമാക്കാനും സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(സി) നാഷണൽ ഹൈവേ-66 നവീകരണത്തിന്റെ ഭാഗമായി തുടർച്ചയായി കുടിവെള്ള പൈപ്പുകൾ പൊട്ടുന്നത് മൂലം കുടിവെള്ള വിതരണം തടസ്സപ്പെടുന്നത്

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, വിശദമാക്കാമോ?

**ജൽ ജീവൻ മിഷനുവേണ്ടി പൈപ്പുകൾ സ്ഥാപിച്ച റോഡുകളുടെ നവീകരണം**

1004 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽ ജീവൻ മിഷനുവേണ്ടിയുള്ള പൈപ്പുകൾ സ്ഥാപിക്കുന്നതിനായി ഇരിക്കൂർ നിയോജക മണ്ഡലത്തിൽ പ്രാദേശിക റോഡുകളുൾപ്പെടെയുള്ള എല്ലാ റോഡുകളും കുഴിച്ചതിന്റെ ഫലമായി പ്രസ്തുത റോഡുകളെല്ലാം സഞ്ചാരയോഗ്യമല്ലാതായി തീർന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡുകളെല്ലാം പൂർവ്വസ്ഥിതിയിലാക്കുന്നതിന് ഫണ്ട് ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടോ;

(സി) പ്രസ്തുത റോഡുകളുടെ നവീകരണം എപ്പോൾ പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കാമോ?

**മണപ്പാട്ട് ചിറയുടെ ശോചനീയാവസ്ഥ**

1005 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി മണ്ഡലത്തിൽ തീർത്ഥാടന കേന്ദ്രമായ മലയാറ്റൂർ അടിവാരത്ത് സ്ഥിതി ചെയ്യുന്ന മണപ്പാട്ട് ചിറയുടെ ശോചനീയാവസ്ഥ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇറിഗേഷൻ വകുപ്പിന്റെ പ്ലാൻ/നോൺപ്ലാൻ വിഭാഗത്തിൽ ഉൾപ്പെടുത്തി ചിറയുടെ പൊട്ടിപ്പൊളിഞ്ഞ ഭാഗം നവീകരിക്കുന്നതിനും, പുഴയോട് ചേർന്ന് തകർന്ന് കിടക്കുന്ന പാർക്ക് നവീകരിക്കുന്നതിനും മതിയായ തുക നടപ്പ് വർഷം വകയിരുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ; ഇത് സംബന്ധിച്ച് ഇറിഗേഷൻ വകുപ്പ് പ്രപ്പോസൽ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) ബഹുമാനപ്പെട്ട മന്ത്രി 6381/വി.ഐ.പി/എം.(ഡബ്ല്യു.ആർ)/2022 നമ്പരായി ചീഫ് എഞ്ചിനീയർക്ക് അയച്ച കത്തിന്മേൽ വകുപ്പ് നാളിതുവരെയായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; പ്രസ്തുത കത്തിൻ പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നോ; ഉണ്ടെങ്കിൽ പ്രസ്തുത എസ്റ്റിമേറ്റ് പ്രകാരം നടപ്പ് വർഷത്തെ പ്ലാൻ/നോൺ പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; എസ്റ്റിമേറ്റ് തയ്യാറായിട്ടില്ലെങ്കിൽ മലയാറ്റൂരിന്റെ പ്രാധാന്യം കണക്കിലെടുത്ത് അടിയന്തരമായി എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) ലക്ഷക്കണക്കിന് തീർത്ഥാടകർ എത്തുന്ന പ്രദേശത്തെ ഇടമലയാർ ഇറിഗേഷൻ ഡിവിഷന്റെ ഉടമസ്ഥതയിലുള്ള ചിറ നവീകരിച്ച് സൗന്ദര്യവത്കരിക്കുന്നതിനും, ചിറയോട് ചേർന്ന് ഒരു പാർക്ക് നിർമ്മിക്കുന്നതിനും വകുപ്പ് നടപടി സ്വീകരിക്കുമോ?

**കൊണ്ടോട്ടി വലിയ തോടിൽ ഉപയോഗശൂന്യമായ വി.സി.ബി.കൾ (വെന്റഡ് ക്രോസ്സ് ബാർ )**

1006 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി നഗരത്തിൽ വെള്ളക്കെട്ടിന് കാരണമാകുന്ന കൊണ്ടോട്ടി വലിയ തോടിൽ ജലസേചന വകുപ്പ് വർഷങ്ങൾക്ക് മുമ്പ് സ്ഥാപിച്ചതും ഉപയോഗ ശൂന്യമായതുമായ വി.സി.ബി.(വെന്റഡ് ക്രോസ്സ് ബാർ)-കൾ പൊളിച്ച് മാറ്റി തോടിന്റെ നീരൊഴുക്ക് സുഗമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## കരീച്ചാൽകടവ് റഗുലേറ്റർ -കം-ബ്രിഡ്ജിന്റെ നിർമ്മാണം

1007 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കരീച്ചാൽകടവ് റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണ പുരോഗതി സംബന്ധിച്ച വിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണം നിർത്തിവെക്കാൻ അസിസ്റ്റന്റ് എൻജിനീയർ നോട്ടീസ് നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ഉണ്ടെങ്കിൽ ഇതിനുള്ള കാരണം എന്താണെന്ന് വിശദമാക്കാമോ;

(ഡി) കാലതാമസം ഒഴിവാക്കി പ്രവൃത്തി എന്നേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ?

## പറളിപ്പാടം വി.സി.ബി കം- ബ്രിഡ്ജ് നിർമ്മാണം

1008 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ വളാഞ്ചേരി നഗരസഭയിലെ കാട്ടിപ്പരുത്തിയിൽ പറളിപ്പാടം വി.സി.ബി.കം ബ്രിഡ്ജ് നിർമ്മാണ പ്രവൃത്തി (എം.ഐ ക്ലാസ് I, 4702-00-101-99-01) സംബന്ധിച്ച പ്രൊപ്പോസലിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി നടപ്പ് സാമ്പത്തിക വർഷത്തെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## ആവോലിച്ചാൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

1009 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ ആവോലിച്ചാൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് വനം വകുപ്പിൽ നിന്നും ആവശ്യമായ അനുമതി ലഭ്യമായിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

1010 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം ചങ്ങനാശ്ശേരി മണ്ഡലത്തിൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഏതെല്ലാം പ്രവൃത്തികളാണ് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഓരോ പ്രവൃത്തിയ്ക്കും അനുവദിച്ച തുക, അവയുടെ നിലവിലെ സ്ഥിതി എന്നിവ വ്യക്തമാക്കുമോ?

## കേരള വാട്ടർ അതോറിറ്റിയിലെ പൊതു സ്ഥലംമാറ്റം

1011 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിലെ പൊതു സ്ഥലം മാറ്റത്തിന്റെ കരട് പട്ടികയ്ക്കൊപ്പം ക്യൂ ലിസ്റ്റ് പുറത്തിറക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് കരട് പട്ടികയ്ക്കൊപ്പം ക്യൂ ലിസ്റ്റ് പ്രസിദ്ധീകരിക്കാത്തതെന്ന് വ്യക്തമാക്കുമോ; 2024 വർഷത്തെ കരട് പട്ടികയ്ക്കൊപ്പം കരട് ക്യൂ ലിസ്റ്റ് പ്രസിദ്ധീകരിക്കാത്തതിന് നിയമപരമായ തടസ്സം ഉണ്ടോയെന്ന് അറിയിക്കുമോ ;

(ബി) ആരാണ് ക്യൂ ലിസ്റ്റ് പ്രസിദ്ധീകരിക്കേണ്ടതെന്ന് അറിയിക്കുമോ ; നിക് സോഫ്റ്റ്‌വെയർ തകരാർ കാരണമാണോ ക്യൂ ലിസ്റ്റ് പ്രസിദ്ധീകരിക്കാൻ കഴിയാത്തതെന്നു വ്യക്തമാക്കുമോ;

(സി) പതിനഞ്ചിലേറെ വർഷമായി ഒരേ ഓഫീസിൽ ജോലി ചെയ്യുന്നവരെ ഇനിയും അവിടെ തുടരാൻ അനുവദിക്കുമോയെന്ന് അറിയിക്കുമോ ?

## കല്ലട ഇറിഗേഷൻ പദ്ധതിയുടെ ആവശ്യാർത്ഥം ഏറ്റെടുത്തിട്ടുള്ള ഭൂമിയുടെ വിവരങ്ങൾ

1012 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ലട ഇറിഗേഷൻ പദ്ധതിയുടെ ആവശ്യാർത്ഥം പുനലൂർ താലൂക്കിലെ തെന്മല, ഇടമൺ, കരവാളൂർ, അഞ്ചൽ വില്ലേജുകളിലായി ഭൂമി ഏറ്റെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഇവിടെ ഏതൊക്കെ സർവ്വേ നമ്പരുകളിലായി എത്ര വീതം സ്ഥലം ഏറ്റെടുത്തിട്ടുണ്ട് എന്നും, ഏതൊക്കെ ഭാഗങ്ങളിൽ ആണെന്നും വിശദമാക്കാമോ; പ്രസ്തുത ലാൻഡ് അക്വിസിഷൻ സ്കെച്ച് ഉൾപ്പെടെയുള്ള വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) കല്ലട ജലസേചന പദ്ധതിയുമായി ബന്ധപ്പെട്ട കനാൽ നിർമാണത്തിന് ചില ഭാഗങ്ങൾ മണ്ണിട്ട് ഉയർത്തേണ്ടിയിരുന്ന സാഹചര്യത്തിൽ ഇതിനുള്ള മണ്ണ് കണ്ടെത്താനായി, പുനലൂർ താലൂക്കിലെ ഇടമൺ വില്ലേജിലെ അണ്ടൂർപച്ചയിൽ, കൊല്ലം-തിരുമംഗലം ദേശീയപാതയോടു ചേർന്ന ഉറുകുന്ന് പെട്രോൾ പമ്പ് മുതൽ പവർഹൗസ് ജങ്ഷനിലെ കാത്തിരിപ്പുകേന്ദ്രംവരെയുള്ള ഏക്കറുകണക്കിന് പ്രദേശം ജലസേചനവകുപ്പ് ഏറ്റെടുത്തിരുന്നതിനാൽ പ്രസ്തുത ആവശ്യത്തിനായി, ഇവിടെ ഏതൊക്കെ സർവ്വേ നമ്പരുകളിൽ ആയി, എത്ര വീതം സ്ഥലം

ഏറ്റെടുത്തിട്ടുണ്ട് എന്നും, ഭൂമി അക്വയർ ചെയ്ത ലാൻഡ് അക്വിസിഷൻ സ്കെച്ച് ഉൾപ്പെടെയുള്ള വിവരങ്ങളും ലഭ്യമാക്കാമോ?

## കൊങ്ങാട് മണ്ഡലത്തിലെ ജലജീവൻ പദ്ധതിയുടെ ഭാഗമായ റെസ്റ്റോറേഷൻ

1013 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായിട്ടുള്ള റെസ്റ്റോറേഷൻ തുക ഒടുക്കുന്നതുമായി ബന്ധപ്പെട്ട് കൊങ്ങാട് മണ്ഡലത്തിൽ നിന്നും എത്ര പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ടെന്നും അതിൽ എത്രയെണ്ണത്തിന് റെസ്റ്റോറേഷൻ ചാർജ്ജ് അനുവദിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത തുക അനുവദിക്കുന്നതിൽ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യതക്തമാക്കുമോ;

(സി) റെസ്റ്റോറേഷൻ തുക അടയ്ക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## ഷിറിയ പുലിമുട്ട് നിർമ്മാണം

1014 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റീ ബിൽഡ് കേരളയിൽ ഉൾപ്പെടുത്തി ടെണ്ടർ നടപടികൾ പൂർത്തീകരിച്ച മഞ്ചേശ്വരം മണ്ഡലത്തിലെ ഷിറിയ പുലിമുട്ട് നിർമ്മാണ പ്രവൃത്തി തുടങ്ങാൻ വൈകുന്നത് എന്ത് കൊണ്ടാണെന്ന് വിശദമാക്കുമോ?

## ഇഞ്ചൂർ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

1015 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ വാരപ്പെട്ടി പഞ്ചായത്തിലെ ഇഞ്ചൂർ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പ്രവർത്തനം തുടർച്ചയായി തടസപ്പെടുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏറെ കുടിവെള്ളക്ഷാമം നേരിടുന്ന പ്രദേശം എന്ന നിലയ്ക്ക് പ്രസ്തുത പദ്ധതിയുടെ നവീകരണ പ്രവർത്തനങ്ങൾക്ക് അടിയന്തിര നടപടി സ്വീകരിക്കുമോ. വ്യക്തമാക്കാമോ?

## റെഗുലേറ്ററിന്റെ നവീകരണ പ്രവർത്തനം

1016 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ ഇടിയഞ്ചിറ റെഗുലേറ്ററിന്റെ നവീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി നിലവിലുണ്ടായിരുന്ന എല്ലാ ഷട്ടറുകളും അഴിച്ച് കൊണ്ട് പോയിട്ടുണ്ട് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഷട്ടറുകൾ എന്നാണ് അഴിച്ച് കൊണ്ടു പോയതെന്നും എന്നത്തേക്ക് പുനസ്ഥാപിക്കാനാകുമെന്നും അറിയിക്കാമോ;

(സി) ഷട്ടറുകളില്ലാത്തതിനാൽ കടലിൽ നിന്നും കനാലിലേക്കും തുടർന്ന് പാടശേഖരങ്ങളിലേക്കും ഉപ്പുവെള്ളം കയറാനുള്ള സാധ്യതയുള്ളതിനാൽ കർഷകർ ആശങ്കയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത റെഗുലേറ്ററിന്റെ നവീകരണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ഇ) പ്രസ്തുത റെഗുലേറ്ററിന്റെ നവീകരണ പ്രവൃത്തികൾ എന്ന് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കുമോ?

## നവകേരള സദസ്സിൽ ലഭിച്ച അപേക്ഷകളുടെ തുടർനടപടി

1017 **ശ്രീ. ലിന്റോ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള സദസ്സിൽ ലഭിച്ച അപേക്ഷകളെ തുടർന്ന് തിരുവമ്പാടി മണ്ഡലത്തിൽ ജലസേചന വകുപ്പ് നടത്തിയ പ്രവർത്തനം വിശദമാക്കുമോ;

(ബി) എത്ര പദ്ധതികൾക്ക് നിർദേശം വന്നുവെന്നും അവ ഏതൊക്കെയാണെന്നും ഉദ്ദേശ തുക എത്രയാണെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത നിർദ്ദേശങ്ങൾക്ക് മുൻഗണന നിശ്ചയിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

## കുറ്റില്ലം പാലം നിർമ്മാണം

1018 **ശ്രീ. മാണി. സി. കാപ്പൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുത്തോലി, മീനച്ചിൽ പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന കുറ്റില്ലം പാലം നിർമ്മാണം എന്ന പ്രോജക്റ്റിന് എൻ. ഒ. സി. ലഭിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്ന് അപേക്ഷ ലഭിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ അപേക്ഷയിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പാലത്തിന് എം. എൽ. എ. ഫണ്ടിൽ നിന്നും അനുവദിച്ച തുക സാങ്കേതികമായി അനുയോജ്യം അല്ലെങ്കിൽ മറ്റ് ഏതെങ്കിലും ഫണ്ടിൽ നിന്ന് തുക അനുവദിക്കുമോയെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പാലം നിർമ്മാണത്തിന് എൻ. ഒ. സി. നൽകിയിട്ടില്ലെങ്കിൽ സമാന സാഹചര്യമുള്ള എത്ര പാലത്തിന് എൻ. ഒ. സി നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ?

## കണ്ണൂർ പയ്യാമ്പലത്ത് ടൂറിസം

1019 **ശ്രീ. കെ.വി.സുമേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ പയ്യാമ്പലത്ത് ടൂറിസം വകുപ്പിന്റെ കീഴിൽ നടപ്പിലാക്കുന്ന പയ്യാമ്പലം ബീച്ച് നടപ്പാതയുടെ രണ്ടാം ഘട്ടത്തിന്റെ പ്രവൃത്തി നടത്തിപ്പുമായി ബന്ധപ്പെട്ട്

ഇറിഗേഷൻ വകുപ്പിന്റെ അനുമതിക്കായി ടൂറിസം വകുപ്പ് കത്ത് നൽകിയിട്ടുണ്ടോ; ആയതിന്റെ പകർപ്പ് നൽകാമോ;

(ബി) ടൂറിസം വകുപ്പിൽ നിന്നും ലഭിച്ച കത്തിന് ജലസേചന വകുപ്പ് മറുപടി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് നൽകാമോ;

(സി) പ്രസ്തുത കത്തുമായി ബന്ധപ്പെട്ട് വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

**എറണാകുളം ജില്ലയിലെ മൈനർ, മേജർ ഇറിഗേഷൻ പദ്ധതികളുടെ വിവരം**

1020 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24, 2024-25 സാമ്പത്തിക വർഷം എറണാകുളം ജില്ലയിൽ മൈനർ, മേജർ ഇറിഗേഷൻ വിഭാഗത്തിൽ പ്ലാൻ, നോൺ പ്ലാൻ ഇനത്തിൽ ഭരണാനുമതി നൽകിയ പദ്ധതികളുടെ വിവരം മണ്ഡലം തിരിച്ചുള്ള പട്ടികയായി ലഭ്യമാക്കുമോ;

(ബി) അങ്കമാലി മണ്ഡലത്തിൽ 2024-25 സാമ്പത്തിക വർഷം ചീഫ് എഞ്ചിനീയർക്ക് ഭരണാനുമതി നൽകുന്നതിന് അഭ്യർത്ഥിച്ച് നൽകിയ കത്ത് പ്രകാരം ഏതെല്ലാം പദ്ധതികൾക്കാണ് ഭരണാനുമതി നൽകിയതെന്ന് വ്യക്തമാക്കാമോ?

**കുന്ദമംഗലം മണ്ഡലത്തിലെ മൈനർ ഇറിഗേഷൻ പ്രവൃത്തികൾ**

1021 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം നിയോജകമണ്ഡലം പരിധിയിൽ മൈനർ ഇറിഗേഷൻ വകുപ്പ് മുഖേന അനുവദിച്ച ഏതെല്ലാം പ്രവൃത്തികളാണ് നടന്നുവരുന്നതെന്നും അവയോരോന്നും ഏതൊക്കെ ഘട്ടത്തിലാണെന്നും വിശദമാക്കുമോ;

(ബി) ഇവ ഓരോന്നിനും എന്നാണ് ഭരണാനുമതി ലഭ്യമാക്കിയത്; ഭരണാനുമതി ലഭ്യമാക്കിയിട്ടും പ്രവൃത്തികളിൽ പലതും പൂർത്തീകരിക്കുന്നതിൽ കാലതാമസം വരുന്നതിനിടയാക്കിയ കാരണങ്ങൾ വ്യക്തമാക്കാമോ?

**ചെല്ലൂൻകാവ് മിനിഡാം നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി**

1022 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 വർഷത്തെ സംസ്ഥാന ബജറ്റിൽ നാല് കോടി രൂപ അനുവദിച്ച മലമ്പുഴ മണ്ഡലത്തിൽ പുതുശ്ശേരി പഞ്ചായത്തിലെ ചെല്ലൂൻകാവ് മിനിഡാം നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ സോയിൽ ഇൻവസ്റ്റിഗേഷൻ, സോയിൽ ടെസ്റ്റിംഗ്, സർവെ എന്നിവ പൂർത്തിയാക്കി ഡിസൈൻ തയ്യാറാക്കുന്നതിനായി ഐ.ഡി.ആർ.ബി. (ഇറിഗേഷൻ ഡിസൈൻ ആന്റ് റിസർച്ച് ബോർഡ്) ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലേക്ക് ജലസേചന വകുപ്പ് ചീഫ് എഞ്ചിനീയർ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയത് സമർപ്പിച്ച തീയതി, കത്തിന്റെ പകർപ്പ് എന്നീ വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ ഡിസൈൻ തയ്യാറാക്കുന്നതിന് ഐ.ഡി.ആർ.ബി. ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ നിന്ന് നാളിതുവരെ സ്വീകരിച്ച് വന്നിട്ടുള്ള നടപടികൾ വിശദമാക്കാമോ; പദ്ധതിയുടെ ഡിസൈൻ തയ്യാറാക്കുന്ന പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ?

## ഉപ്പുവെള്ള-തടയണ നിർമ്മാണം

1023 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസേചന വകുപ്പ് പാപ്പിനിശ്ശേരി പഞ്ചായത്തിൽ കടവത്ത് വയലിൽ നിർമ്മിക്കുന്ന ഉപ്പുവെള്ള തടയണ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടോ, വിശദാംശം അറിയിക്കാമോ?

## കുറ്റ്യാടി മണ്ഡലത്തിൽ മൈനർ ഇറിഗേഷൻ വിഭാഗത്തിന്റെ പ്രവൃത്തികൾ

1024 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 ജൂൺ മാസം മുതൽ മൈനർ ഇറിഗേഷൻ വിഭാഗത്തിന്റെ നേതൃത്വത്തിൽ കുറ്റ്യാടി മണ്ഡലത്തിലെ എട്ട് പഞ്ചായത്തുകളിലായി നടപ്പിലാക്കിയ പ്രവൃത്തികൾ ഏതൊക്കെയെന്ന് പഞ്ചായത്ത് തിരിച്ചും തുക പരാമർശിച്ചു കൊണ്ടും പ്രവൃത്തിയുടെ പ്രത്യേകത ഉൾപ്പെടുത്തിയും അറിയിക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കിയത് വഴി കൃഷിക്ക് ആവശ്യമായ ജലവിതരണം മെച്ചപ്പെടുത്താൻ സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## ചിറ്റൂർ ഇറിഗേഷൻ ഡിവിഷന് കീഴിലെ കനാലുകൾ വൃത്തിയാക്കി ജലസേചനം നടത്താൻ നടപടി

1025 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറ്റൂർ ഇറിഗേഷൻ ഡിവിഷന് കീഴിലെ കനാലുകൾ വൃത്തിയാക്കി ജലസേചനം നടത്തുന്നതിന് നിലവിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) എത്ര കിലോമീറ്റർ ദൈർഘ്യത്തിലാണ് കനാലുകൾ വൃത്തിയാക്കാനുള്ളതെന്നും ആയത് നടത്തുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോയെന്നും വിശദമാക്കുമോ;

(സി) 2024 ഒക്ടോബർ മാസം മുതൽ കൃഷിക്കാവശ്യമായ ജലസേചനം നടത്തുന്നതിനു മുമ്പ് കനാലുകൾ വൃത്തിയാക്കാനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

## വിലങ്ങാട് ഉരുൾപൊട്ടൽ

1026 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ വിലങ്ങാട് ഉരുൾപൊട്ടലിൽ ഇറിഗേഷൻ വകുപ്പിന് എത്ര രൂപയുടെ നാശനഷ്ടം ഉണ്ടായിട്ടുണ്ട് എന്ന് വിലയിരുത്തിയിട്ടുണ്ടോ ; ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ ?

## വൈപ്പിൻ മണ്ഡലത്തിലെ കടലാക്രമണം തടയുന്നതിനുള്ള നടപടികൾ

1027 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കടലാക്രമണം രൂക്ഷമായ പ്രദേശങ്ങളിൽ നിന്നും ഹോട്ട്സ്പോട്ടുകളായി തിരഞ്ഞെടുത്ത പ്രദേശങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രദേശങ്ങളിൽ കടലാക്രമണം തടയുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(സി) ഹോട്ട്സ്പോട്ടുകൾ തിരഞ്ഞെടുത്തപ്പോൾ കടലാക്രമണം രൂക്ഷമായി അനുഭവപ്പെടുന്ന ദ്വീപ് മണ്ഡലമായ വൈപ്പിൻകരയിലെ എടവനക്കാട്, നായരമ്പലം, ഞാറക്കൽ, പള്ളിപ്പുറം, എളങ്കുന്നപ്പുഴ തുടങ്ങിയ പ്രദേശങ്ങൾ ഒഴിവാക്കപ്പെട്ടതിന് കാരണം വിശദമാക്കാമോ;

(ഡി) പ്രസ്തുത പ്രദേശങ്ങൾ ഹോട്ട്സ്പോട്ടുകളിൽ ഉൾപ്പെടുത്തി കടലാക്രമണം തടയുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുന്നതിനായി നൽകിയ നിവേദനത്തിന്മേൽ നടപടികൾ സ്വീകരിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വിശദമാക്കാമോ; ഇതു സംബന്ധിച്ച ജലസേചന വകുപ്പ് ഐ.ആർ. സെക്ഷനിലെ കമ്പ്യൂട്ടർ നം. 8587669 ഫയലിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ഇ) വൈപ്പിൻ നിയോജക മണ്ഡലത്തിലെ കടലാക്രമണം രൂക്ഷമായ എടവനക്കാട്, നായരമ്പലം, ഞാറക്കൽ, പള്ളിപ്പുറം തുടങ്ങിയ പ്രദേശങ്ങളിൽ അടുത്ത കാലവർഷത്തിന് മുൻപെങ്കിലും കടലാക്രമണം തടയുന്നതിനായി അനുയോജ്യമായ നടപടികൾ സ്വീകരിക്കുമോ; സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

## കാഞ്ഞിരപ്പുഴയിലെ ഇറിഗേഷൻ ടൂറിസം പദ്ധതി

1028 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പുഴയിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന ഇറിഗേഷൻ ടൂറിസം പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) നിലവിൽ പ്രസ്തുത പദ്ധതി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

## ജലവിഭവ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിലെ സി.എ.ജി. ഓഡിറ്റ്

1029 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ കഴിഞ്ഞ നാല് വർഷ കാലയളവിൽ സി.എ.ജി. (കൺട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ) നടത്തിയ ഓഡിറ്റിൽ എന്തൊക്കെ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഓഡിറ്റ് സംബന്ധിച്ച അന്തിമ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

## ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലങ്ങളെ സംബന്ധിച്ച്

1030 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിൽ ഇറിഗേഷൻ വകുപ്പിന് കീഴിൽ ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലങ്ങൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സ്ഥലങ്ങൾ വാടകയ്ക്ക് നൽകിയോ മറ്റ് രീതികളിൽ ഉപയോഗിച്ചോ വരുമാനമുണ്ടാക്കാനുള്ള പദ്ധതികളുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## കൊല്ലം ജില്ലയിലെ ഇറിഗേഷൻ പദ്ധതികൾ

1031 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലേയ്ക്കായി 2021-22 സാമ്പത്തിക വർഷം മുതൽ അനുവദിച്ചിട്ടുള്ള വകുപ്പിന്റെ വിവിധ പദ്ധതികൾ നിയോജകമണ്ഡലാടിസ്ഥാനത്തിൽ തരം തിരിച്ച് ലഭ്യമാക്കുമോ?

## കല്ല്യാശ്ശേരി മണ്ഡലത്തിലെ നട്ടിക്കടവ് റഗുലേറ്റർ കംബ്രിഡ്ജ്

1032 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ നട്ടിക്കടവ് റഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി ഡിസൈൻ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ;വിശദാംശം ലഭ്യമാക്കാമോ?

## കാപ്പാടിന്റെ സംരക്ഷണം

1033 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശക്തമായ കടലാക്രമണ ഭീഷണി നേരിടുന്ന കാപ്പാടിനെ ഹോട്ട്സ്പോട്ടിൽ ഉൾപ്പെടുത്തി NCCR പഠനം നടത്തി ഡിസൈൻ തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിട്ടുള്ളതിനാൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

## ആറ്റിങ്ങൽ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

1034 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭൂജല വകുപ്പ് ആറ്റിങ്ങൽ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണ്; വിശദമാക്കുമോ?

## ജലവിഭവ വകുപ്പിന്റെ പദ്ധതികൾ

1035 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെയും മുൻസർക്കാരിന്റെയും കാലയളവിൽ ബജറ്റിൽ ഇരുപത് ശതമാനം ഫണ്ട് വകയിരുത്തിയിട്ടുള്ള ജലവിഭവ വകുപ്പിന്റെ എത്ര പദ്ധതികൾ ഉണ്ടായിരുന്നുവെന്നും അതിൽ ഭരണാനുമതി നൽകിയിട്ടുള്ളവ എത്രയെന്നും വിശദമാക്കാമോ;

(ബി) വാട്ടർ അതോറിറ്റി നിർവ്വഹണ ഏജൻസിയായി ബജറ്റിൽ 20 ശതമാനം ഫണ്ട് വകയിരുത്തിയ എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്; ഇനി എത്രയെണ്ണത്തിന് നൽകുവാനുണ്ടെന്നും അവ ഏതെല്ലാമെന്നും വിശദമാക്കാമോ?

## ജലജീവൻ മിഷൻ പദ്ധതി

1036 **ശ്രീ. എം. എം. മണി**
**ശ്രീ വി കെ പ്രശാന്ത്**
**ശ്രീ. കെ. ജെ. മാക്സി**
**ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാവർക്കും ശുദ്ധമായ കുടിവെള്ളം ഉറപ്പുവരുത്തുന്നതിനായി നടന്നുവരുന്ന ജലജീവൻ മിഷൻ പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) ഓരോ ജില്ലയിലെയും ജലജീവൻ മിഷൻ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) കേരളത്തിലെ അറുപത് ശതമാനം ജനങ്ങളും കുടിവെള്ളത്തിനായി ആശ്രയിക്കുന്ന സ്രോതസ്സെന്ന നിലക്ക് കിണറുകളുടെ സംരക്ഷണത്തിനായി ജലവിഭവ വകുപ്പ് നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

## ജലജീവൻ മിഷന്റെ പ്രവർത്തനം

1037 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല ജീവൻ മിഷന്റെ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കുമോ;

(ബി) 2020-ൽ ആരംഭിച്ച പദ്ധതി എത്ര ശതമാനം പൂർത്തിയായിയെന്നും ബാക്കിയുള്ളത് എപ്പോൾ പൂർത്തീകരിക്കുമെന്നും വ്യക്തമാക്കുമോ;

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നടത്തുന്ന സംയുക്ത പദ്ധതിയുടെ വിഹിതം എത്രയെന്നും നാളിതുവരെ എത്ര തുക ചെലവാക്കിയെന്നും ഇതിൽ കേന്ദ്ര-സംസ്ഥാന വിഹിതങ്ങൾ എത്രയെന്ന് തരംതിരിച്ചും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി വഴി എത്ര ഗ്രാമീണ വീടുകളിൽ കുടിവെള്ളം എത്തിച്ചുവെന്നും ഇനി നൽകേണ്ടത് എത്രയെന്നും വ്യക്തമാക്കുമോ?

## പൈപ്പുകൾ സ്ഥാപിച്ച റോഡുകളുടെ നവീകരണം

1038 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലജീവൻ മിഷൻ പദ്ധതിയ്ക്കായി പൈപ്പുകൾ സ്ഥാപിക്കുന്നതിന് പ്രാദേശിക റോഡുകളുൾപ്പെടെയുള്ള എല്ലാ റോഡുകളും കുഴിച്ചതിന്റെ ഭാഗമായി പ്രസ്തുത റോഡുകളെല്ലാം സഞ്ചാരയോഗ്യമല്ലാതായി തീർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡുകൾ പൂർവ്വസ്ഥിതിയിലാക്കുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ഈ റോഡുകളുടെ നവീകരണം എപ്പോൾ പൂർത്തികരിക്കുമെന്ന് വ്യക്തമാക്കാമോ?

## <u>ജലജീവൻ പദ്ധതി</u>

1039 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലജീവൻ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി തദ്ദേശ സ്ഥാപനങ്ങളിലെ റോഡുകളിൽ എത്ര കിലോമീറ്റർ കുഴിച്ചിട്ടുണ്ടെന്ന് വിശദീകരിക്കുമോ;

(ബി) തദ്ദേശ സ്ഥാപനങ്ങളുടെ അനുമതി പ്രകാരമാണോ ജലവിഭവ വകുപ്പ് റോഡുകൾ കുഴിച്ചതെന്ന് അറിയിക്കാമോ; ഇതിൽ എത്ര കിലോമീറ്റർ റോഡുകൾ ജലവിഭവ വകുപ്പ് നേരിട്ട് പുനരുദ്ധരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) ബാക്കിയുള്ള റോഡുകൾ പുനരുദ്ധരിക്കുന്നത് എന്നത്തേക്ക് നടപ്പിലാക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) തദ്ദേശ സ്ഥാപനങ്ങൾക്ക് മതിയായ ഫണ്ടില്ലാത്തതിനാൽ വാട്ടർ അതോറിറ്റി കുഴിച്ച റോഡുകൾ സഞ്ചാരയോഗ്യമാക്കുവാൻ കഴിയാത്ത സ്ഥിതി സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ ജലവിഭവ വകുപ്പ് ശ്രമിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഇ) ചെറിയ വിസ്തീർണമുള്ള പൈപ്പുകൾ തൊഴിലാളികളെ ഉപയോഗിച്ച് സ്ഥാപിക്കാമെന്നിരിക്കെ ജെ.സി.ബി. ഉപയോഗിച്ച് റോഡുകൾ മൊത്തത്തിൽ തകർക്കുന്നതിനെകുറിച്ച് ജലവിഭവ വകുപ്പ് ഉന്നതതല അന്വേഷണം നടത്തുമോ;

(എഫ്) കോൺക്രീറ്റ് ചെയ്യുന്നത് അടക്കമുള്ള ജോലികൾ കരാറുകാർ വഴി നടത്തി 'വ്യക്തിപരമായി പ്രയോജനം' ഉണ്ടാക്കുവാനായിരുന്നു ചില ഉദ്യോഗസ്ഥരുടെ ലക്ഷ്യമെന്നുള്ള കാര്യം അന്വേഷിക്കുമോ;

(ജി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തകർത്ത റോഡുകൾ അടിയന്തിരമായി ശരിയാക്കുവാൻ ജലവിഭവ വകുപ്പ് നടപടി സ്വീകരിക്കുമോ?

## <u>ആനിക്കാട്-കോട്ടാങ്ങൽ കുടിവെള്ള പദ്ധതി</u>

1040 **ശ്രീ മാത്യു ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആനിക്കാട്, കോട്ടാങ്ങൽ പഞ്ചായത്തുകൾക്കായുള്ള കുടിവെള്ള പദ്ധതി എത്ര ഘട്ടമായി പൂർത്തായാക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾ സ്തംഭനാവസ്ഥയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പദ്ധതിയുടെ പൂർത്തീകരണത്തിനായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

**<u>ജൽ ജീവൻ പദ്ധതി</u>**

1041 **ശ്രീ. ചാണ്ടി ഉമ്മൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽ ജീവൻ പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാർക്ക് പണി പൂർത്തിയാക്കിയിട്ടും തുക കൈമാറാനാകാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഇപ്രകാരം എത്ര തുക കരാറുകാർക്ക് കുടിശ്ശികയായിട്ടുണ്ട്; പുതുപ്പള്ളി നിയോജക മണ്ഡലത്തിൽ ഇപ്രകാരം എത്ര പ്രവൃത്തികൾ പൂർത്തിയാക്കിയെന്നും ഇനി പൂർത്തീകരിക്കേണ്ട പ്രവൃത്തികൾ എത്രയാണെന്നും അറിയിക്കുമോ;

(സി) പുതുപ്പള്ളി മണ്ഡലത്തിൽ ജൽ ജീവൻ പദ്ധതി പ്രകാരം പ്രവൃത്തികൾ നടത്തുന്നതിനായി പൊതുമരാമത്ത് വിഭാഗം ജല അതോറിറ്റിക്ക് കൈമാറിയ റോഡുകളിൽ ഏതൊക്കെ റോഡുകളാണ് പ്രവൃത്തി പൂർത്തിയാക്കി തിരികെ പൊതുമരാമത്ത് വിഭാഗത്തിന് നൽകിയതെന്ന് അറിയിക്കുമോ; ഇനി കൈമാറാനുള്ള റോഡുകളുടെ എണ്ണം, ഓരോന്നിലും ജലജീവൻ പദ്ധതി പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്നിവ വിശദമാക്കുമോ;

(ഡി) സംസ്ഥാന ബജറ്റിൽ ബിറ്റുമിനസ് മക്കാഡം ബിറ്റുമിനസ് കോൺക്രീറ്റ് റോഡ് (ബി.എം.ബി.സി)ചെയ്യുന്നതിനായി കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി ഫണ്ട് അനുവദിച്ച് ഭരണാനുമതി ലഭിച്ച പുതുപ്പള്ളി മണ്ഡലത്തിലെ വിവിധ റോഡ് പ്രവൃത്തികളുമായി ബന്ധപ്പെട്ട് റോഡ് ജല അതോറിറ്റിക്ക് കൈമാറിയെന്നും പ്രവൃത്തി കഴിഞ്ഞ് തിരികെ നൽകിയില്ലെന്നുമുള്ള കാരണത്താൽ ബി.എം.ബി.സി മുടങ്ങിക്കിടക്കുന്നതും ഫണ്ട് ലാപ്സാകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം പ്രതിസന്ധി ഒഴിവാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

**<u>ജൽ ജീവൻ പദ്ധതി</u>**

1042 **ശ്രീ. എൻ. എ. നെല്ലിക്കുന്ന്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽ ജീവൻ പദ്ധതിയുമായി ബന്ധപ്പെട്ട് നടന്നു വരുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്ന് ജില്ല തിരിച്ച് വിശദമാക്കുമോ;

(ബി) ഈ പ്രവൃത്തികൾക്ക് അനുവദിച്ച തുക എത്രയാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) ഈ പ്രവൃത്തികളുടെ എത്ര ശതമാനം പൂർത്തീകരിച്ചുവെന്നും പൂർത്തീകരിക്കാൻ ബാക്കിയുള്ള പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കുമെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ഡി) ഈ പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാരുടെ പേരു വിവരം ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ഇ) പൂർത്തീകരിച്ച പ്രവൃത്തികളുടെ ബിൽ കരാറുകാർക്ക് നൽകിയോ എന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ അതിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ;

(എഫ്) ജൽ ജീവൻ പദ്ധതിയിൽ കേന്ദ്രത്തിന്റെയും സംസ്ഥാനത്തിന്റെയും വിഹിതം എന്താണെന്നും കേന്ദ്ര വിഹിതം ലഭിച്ചോയെന്നും വ്യക്തമാക്കാമോ?

**കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതി**

1043 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതിയുടെ പുരോഗതി എന്തെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് ഇനി എന്തെല്ലാം നടപടികളാണ് പൂർത്തീകരിക്കാനുള്ളത്; വിശദമാക്കുമോ?

**ജലജീവൻ പദ്ധതിയുടെ പൂർത്തീകരണം**

1044 **ശ്രീ. പി. നന്ദകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജല ജീവൻ പദ്ധതിയുടെ പൂർത്തീകരണത്തിന് വേണ്ടി വരുന്ന കാലയളവ് എത്രയെന്നു വ്യക്തമാക്കാമോ; ഈ പദ്ധതിക്കായി ഇതുവരെ സംസ്ഥാന സർക്കാർ ചെലവഴിച്ച തുകയുടെ കണക്ക് ലഭ്യമാക്കാമോ;

(ബി) നമ്മുടെ ജലസ്രോതസ്സുകൾ പല വിധേന മലിനീകരണത്തിന് വിധേയമാകുന്ന സാഹചര്യത്തിൽ ശുദ്ധജലം ലഭ്യമാക്കുന്നതിനായും ശുദ്ധജലസ്രോതസ്സുകൾ പരിരക്ഷിക്കുന്നതിനായും സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

**കുറ്റ്യാടി മണ്ഡലത്തിലെ ജലജീവൻ പദ്ധതി**

1045 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിലെ എട്ട് പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന ജല ജീവൻ പദ്ധതിയുടെ നിലവിലെ അവസ്ഥ അറിയിക്കാമോ;

(ബി) ജല ജീവൻ പദ്ധതി വഴി കുറ്റ്യാടി മണ്ഡലത്തിലെ എത്ര വീടുകൾക്ക് നിലവിൽ വെള്ളം ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ടെന്നും ബാക്കിയുള്ള വീടുകൾക്ക് എപ്പോഴാണ് കണക്ഷൻ നൽകാൻ സാധിക്കുന്നതെന്നും അറിയിക്കാമോ;

(സി) ജല ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി എത്ര റോഡുകൾ കുഴിച്ചിട്ടുണ്ടെന്നും ഈ റോഡുകൾ പൂർവ്വസ്ഥിതിയിലേക്ക് മാറ്റുന്ന പ്രവൃത്തി എപ്പോൾ പൂർത്തിയാക്കുമെന്നും റോഡിന്റെ നീളവും പേരും സഹിതം പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ?

**കൂത്തുപറമ്പ് മണ്ഡലത്തിലെ കുടിവെള്ള വിതരണ പദ്ധതികൾ**

1046 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് മണ്ഡലത്തിൽ നടപ്പാക്കിവരുന്ന കുടിവെള്ള വിതരണ പദ്ധതികളുടെ നിലവിലെ പുരോഗതി വിശദമാക്കുമോ;

(ബി) പാനൂർ നഗരസഭയിലെ അമൃത് പദ്ധതിയുടെ പുരോഗതി വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതികൾ എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് അറിയിക്കുമോ?

## <u>ജൽ ജീവൻ മിഷൻ</u>

1047 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽ ജീവൻ മിഷന്റെ കീഴിൽ പൂർത്തിയാക്കിയ പദ്ധതികളുടെ കരാറുകാർക്ക് പണം നൽകാത്തത് കാരണം പുതിയ പദ്ധതികളുടെ ടെൻഡറുകൾ എടുക്കാൻ കരാറുകാർ തയ്യാറാകാത്ത സാഹചര്യം നിലവിലുണ്ടോ;

(ബി) ജല അതോറിറ്റി ആകെ എത്ര രൂപയാണ് പൂർത്തിയായ പദ്ധതികളിലെ കരാറുകാർക്ക് നാളിതുവരെ കുടിശ്ശികയായി നൽകാനുള്ളതെന്ന് അറിയിക്കാമോ;

(സി) കഴിഞ്ഞവർഷത്തിലെ ജൽ ജീവൻ മിഷന്റെ സംസ്ഥാന വിഹിതം തദ്ദേശസ്ഥാപനങ്ങളുടെ നിക്ഷേപ തുകയിൽ നിന്നാണോ അടച്ചതെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് ആകെ എത്ര കോടി രൂപയുടെ പദ്ധതിയാണ് ജൽ ജീവൻ മിഷൻ മുഖേന നടപ്പാക്കുന്നത്; ഇതിൽ കേന്ദ്ര വിഹിതവും സംസ്ഥാന വിഹിതവും എത്രയാണെന്ന് അറിയിക്കുമോ;

(ഇ) 2024-25 സംസ്ഥാന ബഡ്ജറ്റിൽ പദ്ധതിക്കായി എത്ര തുകയാണ് നീക്കി വെച്ചിട്ടുള്ളത്; പദ്ധതി യഥാസമയം പൂർത്തീകരിക്കുന്നതിനായി ആവശ്യമായ ധനസഹായം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## <u>കുടിവെള്ള വിതരണ പദ്ധതികൾ പൂർത്തീകരിക്കുവാൻ നടപടി</u>

1048 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ നിയോജകമണ്ഡലത്തിൽ ജൽ ജീവൻ മിഷന്റെ ഭാഗമായി നടപ്പാക്കുന്ന വിവിധ കുടിവെള്ള വിതരണ പദ്ധതികൾ ഫണ്ടിന്റെ അപര്യാപ്തതമൂലം മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഫണ്ടുകൾ ലഭ്യമാക്കി പ്രസ്തുത കുടിവെള്ള വിതരണ പദ്ധതികൾ അടിയന്തര പ്രാധാന്യത്തോടെ പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) പ്രസ്തുത മിഷന്റെ ഭാഗമായി റോഡുകൾ കുഴിച്ച് നടപ്പാക്കുന്ന കുടിവെള്ള വിതരണ പദ്ധതികൾ യഥാസമയം പൂർത്തീകരിക്കാത്തതു മൂലം ജനജീവിതം ദുസഹമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ജനങ്ങളുടെ ദുരവസ്ഥയ്ക്ക് മാറ്റം വരുത്തുവാൻ ഈ പദ്ധതികൾ യഥാസമയം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## മലങ്കര കുടിവെള്ള പദ്ധതി

1049 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ, പൂഞ്ഞാർ നിയോജകമണ്ഡലങ്ങളിലെ പതിമൂന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി ആവിഷ്കരിച്ചിട്ടുള്ള മലങ്കര കുടിവെള്ള പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതിക്ക് എന്തെങ്കിലും തടസ്സങ്ങൾ ഉള്ളതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോയെന്ന് അറിയിക്കുമോ; ഉണ്ടെങ്കിൽ ഇവ പരിഹരിച്ച് പദ്ധതി അടിയന്തിരമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## കുന്നത്തുനാട് മണ്ഡലത്തിൽ ജലജീവൻ മിഷൻ

1050 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല ജീവൻ മിഷൻ വഴി കുന്നത്തുനാട് മണ്ഡലത്തിൽ വിവിധ പഞ്ചായത്തുകളിലായി എത്ര തുകയുടെ പദ്ധതികളാണ് നടന്നുവരുന്നതെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇതിൽ ഏതെല്ലാം പദ്ധതികൾ പൂർത്തീകരിച്ചെന്നും എത്ര പദ്ധതികൾ പൂർത്തീകരിക്കാനുണ്ടെന്നും അവ എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്നും പഞ്ചായത്ത് തിരിച്ച് വിശദമാക്കുമോ;

(സി) മണ്ഡലത്തിൽ ജല ജീവൻ മിഷൻ വഴി പുതുതായി എത്ര പേർക്ക് വാട്ടർ കണക്ഷൻ നൽകിയെന്നും ഇനി എത്ര പേർക്ക് കണക്ഷൻ നല്കാനുണ്ടെന്നും പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ;

(ഡി) മുഴുവൻ അപേക്ഷകർക്കും എത്രയും വേഗം വാട്ടർ കണക്ഷൻ ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## കായംകുളം മണ്ഡലത്തിലെ ജൽ ജീവൻ മിഷൻ

1051 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽ ജീവൻ മിഷൻ പദ്ധതിയിലൂടെ കായംകുളം മണ്ഡലത്തിൽ എത്ര കുടിവെള്ള കണക്ഷനുകൾ അനുവദിച്ചിട്ടുണ്ടെന്നും അതിനായി എത്ര രൂപ വിനിയോഗിച്ചുവെന്നും വ്യക്തമാക്കാമോ;

(ബി) കായംകുളം മണ്ഡലത്തിൽ പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ പുരോഗതി തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ തിരിച്ച് വിശദമാക്കാമോ?

## തിരുവല്ല മല്ലപ്പള്ളി കുടിവെള്ള പദ്ധതി

1052 **ശ്രീ മാത്യൂ ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ല–ചങ്ങനാശ്ശേരി നഗരസഭകൾക്കായി കിഫ്ബി ഫണ്ട് ഉപയോഗിച്ചുള്ള കുടിവെള്ള പദ്ധതിയിൽ ഇനിയും പൂർത്തീകരിക്കുവാനുള്ള ഘടകങ്ങൾ ഏതൊക്കെയെന്ന് വിശദമാക്കാമോ?

**ജലജീവൻ മിഷൻ പദ്ധതി**

1053 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലജീവൻ മിഷന്റെ ഭാഗമായി കീഴാറ്റൂർ ഗ്രാമപഞ്ചായത്തിലെ റോഡുകൾ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് വേണ്ടി ജലവിഭവ വകുപ്പ് കുഴിച്ചത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ റോഡുകൾ പുനരുദ്ധാരണ പ്രവർത്തികൾ നടത്തി ഗതാഗതയോഗ്യമാക്കുന്നതിനുള്ള നടപടികൾ ജലവിഭവ വകുപ്പ് അടിയന്തരമായി സ്വീകരിക്കുമോ;

(സി) തൃക്കലങ്ങോട്, പാണ്ടിക്കാട് ഗ്രാമപഞ്ചായത്തുകളിലെ ജലജീവൻ പദ്ധതിയുടെ നടപടിക്രമങ്ങൾ വിശദമാക്കാമോ; പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ;

(ഡി) മഞ്ചേരി നഗരസഭയിൽ നടപ്പിലാക്കുന്ന 'അമൃത്'' ജല പദ്ധതിയുടെ നടപടിക്രമങ്ങൾ വിശദമാക്കാമോ?

**ജൽജീവൻ മിഷൻ പ്രവൃത്തികൾ**

1054 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദുമ മണ്ഡലത്തിലെ ജൽ ജീവൻ മിഷൻ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് ജൽ ജീവൻ മിഷൻ എത്ര ഘട്ടങ്ങളിലായാണ് പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നതെന്ന് വിശദമാക്കാമോ?

**ഗുരുവായൂർ മണ്ഡലത്തിലെ കുളങ്ങളുടെ നവീകരണം**

1055 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിലെ കുളങ്ങളുടെ നവീകരണത്തിനായി തീരുമാനിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമെന്ന് അറിയിക്കാമോ;

(ബി) ഈ സർക്കാർ സംസ്ഥാനത്ത് കുളങ്ങളുടെ നവീകരണത്തിന് ഏതെല്ലാം പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ടെന്ന് മണ്ഡലം തിരിച്ച് വിശദമാക്കുമോ?

**കാരോട് കുടിവെള്ള പദ്ധതി**

1056 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരോട് കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

## കായംകുളം മണ്ഡലത്തിൽ ജലവിഭവ വകുപ്പ് നടപ്പാക്കിയ പദ്ധതികൾ

1057 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ ജലവിഭവ വകുപ്പ് മുഖേന കായംകുളം മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയെന്നും ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പുരോഗതി വിശദമാക്കാമോ?

## ജൽ ജീവൻ മിഷൻ പദ്ധതി

1058 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽ ജീവൻ മിഷൻ മുഖാന്തിരം സംസ്ഥാനത്ത് ഇതുവരെ എത്ര പേർക്ക് പുതുതായി കുടിവെള്ള കണക്ഷൻ ലഭിച്ചിട്ടുണ്ടെന്നും ഇനി എത്രപേർക്ക് ലഭിക്കാനുണ്ടെന്നും ജില്ല തിരിച്ച് വിശദമാക്കാമോ;

(ബി) ജൽ ജീവൻ മിഷൻ മുഖാന്തിരം ഇതിനോടകം എത്ര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സമ്പൂർണ്ണ കുടിവെള്ള കണക്ഷൻ ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി ലക്ഷ്യമിട്ടിട്ടുള്ള വാമനപുരം മണ്ഡലത്തിൽ എത്ര പേർക്ക് കുടിവെള്ള കണക്ഷൻ ലഭ്യമായിട്ടുണ്ടെന്നും എത്ര പേർക്ക് ഇനി ലഭിക്കാനുണ്ടെന്നും വിശദമാക്കാമോ;

(ഡി) മണ്ഡലത്തിൽ സമ്പൂർണ്ണ കുടിവെള്ള കണക്ഷൻ ലഭ്യമാക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ; വിശദമാക്കാമോ;

(ഇ) മണ്ഡലത്തിൽ പല സ്ഥലങ്ങളിലും പൈപ്പ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ഗ്രാമീണ റോഡുകൾ പൂർവ്വ സ്ഥിതിയിലാക്കാൻ കാലതാമസം ഉണ്ടാകുന്നത് പരിഹരിക്കാൻ നടപടി സ്വീകരിക്കാമോ; വ്യക്തമാക്കാമോ?

## ജലജീവൻ മിഷൻ പ്രവൃത്തികൾ

1059 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽപ്പെട്ട വിവിധ റോഡ് വികസന പ്രവൃത്തികൾക്കുമുമ്പ് ജലജീവൻ മിഷൻ പ്രവൃത്തികളുടെ ഉൾപ്പെടെയുള്ള വാട്ടർ അതോറിറ്റിയുടെ പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ നടപ്പാക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൊടകര-വെള്ളികുളങ്ങര റോഡ്, തലോർ-തൈക്കാട്ടുശ്ശേരി റോഡ്, പുതുക്കാട്-മുപ്ലിയം-കോടാലി റോഡ്, നന്തിപുലം-വരന്തരപ്പിള്ളി റോഡ്, കുറുമാലി-

തൊട്ടിപ്പാൾ-മുളങ്ങ് റോഡ് തുടങ്ങിയ നിരവധി റോഡുകളുടെ നവീകരണത്തിന് അനുമതി ലഭിച്ച് മാസങ്ങൾ പിന്നിട്ട സാഹചര്യത്തിൽ വാട്ടർ അതോറിറ്റിയുടെ പൈപ്പുകൾ അടിയന്തരമായി സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്നും ഇതിനാവശ്യമായ ഫണ്ട് ലഭ്യമാക്കുമോയെന്നും അറിയിക്കാമോ?

**ജപ്പാൻ കുടിവെള്ള പദ്ധതി**

1060 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിൽ ജപ്പാൻ കുടിവെള്ള പദ്ധതി പ്രദേശത്ത് പദ്ധതി നടത്തിപ്പിനായി ആവശ്യത്തിന് ജീവനക്കാർ ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ദേശീയപാത നിർമ്മാണം നടക്കുന്ന മേഖലകളിലും മറ്റും നിരന്തരം പൈപ്പുകൾ പൊട്ടുകയും അത് മൂലം ജനങ്ങൾക്ക് ആഴ്ചകളോളം കുടിവെള്ളം കിട്ടാതിരിക്കുകയും ചെയ്യുന്ന അവസ്ഥയിൽ പദ്ധതി നടത്തിപ്പിന് നിലവിലുണ്ടായിരുന്ന ജീവനക്കാരുടെ എണ്ണം കുറച്ചതിന്റെ കാരണം വിശദമാക്കാമോ?

**ചവറ പന്മന കുടിവെള്ള പദ്ധതി**

1061 **ഡോ. സുജിത് വിജയൻപിള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചവറ നിയോജക മണ്ഡലത്തിലെ ചവറ പന്മന കുടിവെള്ള പദ്ധതി (ജലനിധി)യുടെ പൈപ്പുകൾ ദേശീയപാത 66ന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് മാറ്റി സ്ഥാപിക്കാത്തതിനാൽ പൈപ്പുകൾ പൊട്ടി ജലം പാഴാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പൈപ്പുകൾ മാറ്റി സ്ഥാപിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് നാഷണൽ ഹൈവേ അതോറിറ്റിക്ക് നിർദ്ദേശം നൽകുമോ?

**പയ്യന്നൂർ മണ്ഡലത്തിലെ ജൽ ജീവൻ പദ്ധതി**

1062 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ പഞ്ചായത്തുകൾക്ക് ജൽ ജീവൻമിഷൻ പദ്ധതി നടപ്പിലാക്കാൻ എത്ര തുകയാണ് അനുവദിച്ചതെന്നും ഓരോ പഞ്ചായത്തിലെയും പ്രവൃത്തി പുരോഗതി ഏതു ഘട്ടത്തിലാണെന്നും അറിയിക്കാമോ;

(ബി) ഓരോ പഞ്ചായത്തുകളിലും പദ്ധതി പൂർത്തീകരിച്ച് എപ്പോൾ കുടിവെള്ള വിതരണം നടത്താൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കാമോ?

**ജലനിധി പദ്ധതിയിലെ ക്രമക്കേടുകൾ**

1063 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലനിധി പദ്ധതിയിൽ വ്യാപകമായ ക്രമക്കേടുകൾ നടക്കുന്നുവെന്ന വിജിലൻസ് കണ്ടെത്തലിനെ തുടർന്ന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ജല ലഭ്യത ഉറപ്പുവരുത്താതെ പദ്ധതികൾ ആരംഭിച്ചത് ഉൾപ്പെടെ എന്തൊക്കെ ക്രമക്കേടുകളാണ് കണ്ടെത്തിയിട്ടുള്ളത്; ഉത്തരവാദികളായവർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; എത്ര കോടി രൂപയുടെ നഷ്ടമുണ്ടായെന്നാണ് കണക്കാക്കിയിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ?

**<u>ജൽജീവൻ പദ്ധതി പ്രകാരം നൽകിയ വാട്ടർ കണക്ഷനുകൾ</u>**

1064 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽ ജീവൻ പദ്ധതി പ്രകാരം സംസ്ഥാനത്ത് എത്ര വാട്ടർ കണക്ഷനുകൾ നൽകിയിട്ടുണ്ടെന്നും അതിൽ ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്ന എത്ര ഉപഭോക്താക്കൾ ഉണ്ടെന്നും ഇവർക്ക് സൗജന്യമായി നിലവിൽ കുടിവെള്ളം ലഭ്യമാക്കുന്നുണ്ടോയെന്നും സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ;

(ബി) കുടിവെള്ളം സൗജന്യമായി നൽകുന്നതിനുള്ള തുക നിലവിൽ ആരാണ് ചെലവഴിക്കുന്നതെന്നും ഇക്കാര്യത്തിൽ സർക്കാർ ധനസഹായം ലഭിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

**<u>ജലവിതരണത്തിൽ ഉണ്ടാകുന്ന തടസം പരിഹരിക്കാൻ നടപടി</u>**

1065 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ എടവനക്കാട്, പള്ളിപ്പുറം, ഞാറക്കൽ, നായരമ്പലം ഗ്രാമപഞ്ചായത്തുകളിൽ ജലവിതരണത്തിൽ നേരിടുന്ന തടസങ്ങൾക്ക് കാരണം വിശദമാക്കാമോ;

(ബി) വിവിധ തലങ്ങളിൽ യോഗങ്ങൾ വിളിച്ചു ചേർത്തിട്ടും പ്രസ്തുത പ്രശ്നം പരിഹരിക്കപ്പെടാത്തതിന് കാരണം വിശദമാക്കാമോ;

(സി) പ്രസ്തുത യോഗതീരുമാനങ്ങൾ പ്രകാരം സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെന്നും അവയുടെ നിലവിലെ സ്ഥിതി എന്തെന്നും വിശദമാക്കാമോ;

(ഡി) ജലവിതരണ സമയത്ത് ചൊവ്വര ജലശുദ്ധീകരണ ശാലയിൽ ഉണ്ടാകുന്ന വൈദ്യുതി തടസം മൂലം ജലവിതരണത്തിൽ ഉണ്ടാകുന്ന തടസം ശാശ്വതമായി പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടി സംബന്ധിച്ച് വിശദമാക്കാമോ?

**<u>റോഡുകളിൽ പൈപ്പ്ലൈനുകൾ ഇടുന്നത് സംബന്ധിച്ച്</u>**

1066 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത്/കേരളാറോഡ് ഫണ്ട് ബോർഡ് മുഖേന പ്രവൃത്തി നടന്നു വരുന്ന റോഡുകളിൽ പൈപ്പ്ലൈനുകൾ സമയബന്ധിതമായി ഇടുന്നതിൽ കാലതാമസം

വരുന്നത് റോഡ് പ്രവൃത്തികൾ നീണ്ടുപോകുന്നതിന് കാരണമാവുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ;

(ബി) കോഴിക്കോട് ജില്ലയിലെ കളൻകോട് - കുളിമാട് റോഡ്, ആർ.ഇ.സി. - മലയമം - കൂടത്തായി റോഡ് എന്നിവയിൽ നിശ്ചിത സമയത്തിനകം പൈപ്പ്ലൈൻ പ്രവൃത്തി പൂർത്തിയാക്കാത്തപക്ഷം പിന്നീട് അനുമതി നൽകുന്നതല്ലെന്നും റോഡിന്റെ ടാറിംഗ് പ്രവൃത്തി ആരംഭിക്കുന്നതാണെന്നും അറിയിച്ചുകൊണ്ട് കേരളാ റോഡ് ഫണ്ട് ബോർഡ് നോട്ടീസ് നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

## <u>ഇരിമ്പിളിയം-എടയൂർ-വളാഞ്ചേരി കുടിവെള്ള പദ്ധതി</u>

1067 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ ഇരിമ്പിളിയം-എടയൂർ-വളാഞ്ചേരി കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ;.;

(ബി) പ്രസ്തുത പദ്ധതിയുടെ പാക്കേജ് 2, പാക്കേജ് 3 പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ടോ; ഇരിമ്പിളിയം പഞ്ചായത്തിൽ രണ്ടാം ഘട്ട പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ പുരോഗതി വിശദമാക്കുമോ; പ്രസ്തുത പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(സി) എടയൂർ, ഇരിമ്പിളിയം, മാറാക്കര, പൊന്മള, കുറ്റിപ്പുറം എന്നിവിടങ്ങളിൽ കുടിവെള്ള പദ്ധതികൾക്കായി കട്ടിംഗ് നടത്തിയ റോഡുകളുടെ റീസ്റ്റോറേഷൻ സംബന്ധിച്ച പ്രവൃത്തിയുടെ പുരോഗതി വിശദമാക്കുമോ?

## <u>എല്ലാവർക്കും കുടിവെള്ളം ലഭ്യമാക്കുന്നതിന് നടപടി</u>

1068 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ മാത്യു ടി. തോമസ്**
**ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാവർക്കും കുടിവെള്ള കണക്ഷൻ നൽകുന്നതിന് ഈ സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിലുള്ള കുടിവെള്ള പദ്ധതികൾ നവീകരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ?

## <u>കാട്ടാക്കട മണ്ഡലത്തിൽ അനുമതി ലഭ്യമായ പദ്ധതികൾ</u>

1069 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിൽ 2016 മെയ് മുതൽ 2024 മെയ് വരെ ജലവിഭവ വകുപ്പ് മുഖേന അനുമതി ലഭ്യമായ പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഓരോ പ്രവൃത്തികൾക്കും അനുവദിച്ച തുക, പഞ്ചായത്ത്, നിലവിലെ സ്ഥിതി എന്നിവ തരംതിരിച്ച് വ്യക്തമാക്കാമോ?

**<u>ജലജീവൻ പദ്ധതിയുടെ പൂർത്തീകരണം</u>**

1070 **ശ്രീ. ടി. വി. ഇബ്രാഹിം** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ വീടുകളിൽ ശുദ്ധജലം ഉറപ്പാക്കുന്നതിന് നടപ്പിലാക്കുന്ന ജല ജീവൻ മിഷൻ പ്രവൃത്തികളുടെ പുരോഗതി അവലോകനം ന ടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതി മുഖേന സംസ്ഥാനത്ത് എത്ര കണക്ഷൻ നൽകുന്നതിനാണ് ഉദ്ദേശിച്ചിരുന്നതെന്നും എത്ര കണക്ഷനുകൾ നാളിതുവരെ പൂർത്തീകരിച്ചുവെന്നും ഇതിൽ എത്ര കണക്ഷനുകളിൽ കുടിവെള്ളം ലഭിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) ഈ പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരുന്നതെന്നും എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്നും വിശദമാക്കുമോ;

(ഡി) ഈ പദ്ധതി പൂർത്തീകരിക്കുവാൻ ചെലവ് വരുന്ന തുക എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ ഇതിൽ കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ എത്ര തുക വീതം അനുവദിക്കേണ്ടതുണ്ടെന്നും നാളിതുവരെ എത്ര തുക അനുവദിച്ചുവെന്നും വിശദമാക്കുമോ;

(ഇ) പ്രസ്തുത പദ്ധതി പൂർത്തീകരണത്തിന് നിലവിലെ തടസ്സങ്ങൾ എന്തെല്ലാമാണെന്നും ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ;

(എഫ്) എൻ.എച്ച്. 966 കോഴിക്കോട് - പാലക്കാട് ദേശീയപാതയിൽ പൈപ്പ് ഇടുന്നതിന് അനുമതി ലഭിക്കാത്തതും അനുമതി ലഭിച്ചവയിൽ തന്നെ ദേശീയപാത അധികൃതർ ആവശ്യപ്പെട്ട റസ്റ്റോറേഷൻ ചാർജ്, ബാങ്ക് ഗ്യാരണ്ടി എന്നിവ നൽകാൻ കഴിയാത്തതുമായ കാരണം കൊണ്ട് പ്രവൃത്തി തടസ്സപ്പെട്ടിരിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(ജി) ഈ പ്രവൃത്തിയുടെ ഒന്നാം ഘട്ടത്തിൽ ഗ്രാമപഞ്ചായത്തുകളുടെ റോഡുകൾ വെട്ടിപ്പൊളിച്ചത് നന്നാക്കുന്നതിന് ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**<u>ജലജീവൻ മിഷൻ</u>**

1071 **ശ്രീ. എച്ച്. സലാം** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ ഏതൊക്കെ ഗ്രാമപഞ്ചായത്തുകളാണ് ടാങ്ക് നിർമ്മാണത്തിനും മറ്റുമായി സ്ഥലം ഏറ്റെടുത്ത് വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) ഇതിൽ ഏതൊക്കെ പഞ്ചായത്തുകളിലാണ് ടാങ്ക് നിർമ്മിക്കുന്നതിനുള്ള ഫണ്ട് അനുവദിച്ചിട്ടുള്ളത്; എവിടെയൊക്കെയാണ് നിർമ്മാണം ആരംഭിച്ചിട്ടുള്ളതെന്ന്

അറിയിക്കാമോ;

(സി) സ്ഥലം നൽകിയിട്ടും ചില പഞ്ചായത്തുകളിൽ നിർമ്മാണ പ്രവൃത്തി ഇതേവരെ ആരംഭിക്കാത്തതിനുള്ള കാരണം വിശദമാക്കാമോ;

(ഡി) പഞ്ചായത്തുകൾ പല പ്രോജക്ടുകളും മാറ്റി വച്ച് പ്രസ്തുത പദ്ധതിക്കായി സ്ഥലം വാങ്ങി നൽകിയിട്ടും നിർമ്മാണ നടപടികൾ ആരംഭിക്കാഞ്ഞതുമൂലം പഞ്ചായത്ത് ഭരണസമിതികളെ പ്രതിസന്ധിയിലാഴ്ത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രശ്നപരിഹാരത്തിന് എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

**മലപ്പുറം മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ**

1072 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിലെ മേൽമുറി കുടിവെള്ള പദ്ധതി, ഇരുമ്പുഴി കരുമാഞ്ചേരി പറമ്പ് കുടിവെള്ള പദ്ധതി എന്നിവയുടെ നിർമ്മാണ പുരോഗതികൾ വെളിപ്പെടുത്തുമോ ;

(ബി) അമൃത് 2.0 പദ്ധതിയിൽ ഉൾപ്പെട്ട മേൽമുറി പദ്ധതിയുടെ ടെൻഡർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(സി) വർക്ക് ഓർഡർ നൽകിയ കരുമാഞ്ചേരി കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) രൂക്ഷമായ കുടിവെള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

**ജലജീവൻ മിഷന്റെ പ്രവർത്തന പുരോഗതി**

1073 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന ജലജീവൻ മിഷൻ പദ്ധതിയുടെ നിലവിലെ പ്രവർത്തന പുരോഗതി വിശദമാക്കാമോ;

(ബി) നടപ്പുസാമ്പത്തിക വർഷം എത്ര കണക്ഷനുകളാണ് നൽകിയതെന്ന് വിശദമാക്കാമോ;

(സി) കരാറുകാർക്ക് നൽകാനുള്ള കുടിശിക തുക എത്ര ശതമാനം വിതരണം ചെയ്തുവെന്ന് അറിയിക്കാമോ;

(ഡി) ജലജീവൻ മിഷൻ പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്രത്തിൽ നിന്നും പുതിയ നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഇ) കേന്ദ്രത്തിൽ നിന്നും ഇനി എത്ര തുകയാണ് വിഹിതമായി ലഭിക്കാനുള്ളത്; ആയതിന്റെ മാച്ചിംഗ് ഗ്രാൻഡ് സംസ്ഥാന സർക്കാർ ബഡ്ജറ്റിൽ വകയിരുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ ഹെഡ് ഓഫ് അക്കൗണ്ട് ഏതാണെന്ന് അറിയിക്കാമോ;

(എഫ്) നടപ്പുസാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുമ്പായി ജലജീവൻ മിഷൻ പദ്ധതി പൂർത്തീകരിക്കാൻ കഴിയുമോ; ഇല്ലെങ്കിൽ ആയതിന്റെ കാരണങ്ങൾ

വിശദമാക്കാമോ?

## കൊറ്റങ്കര കുടിവെള്ള ടാങ്ക് നിർമ്മാണം

1074 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ മണ്ഡലത്തിലെ കൊറ്റങ്കര ആയുർവേദ ആശുപത്രി പരിസരത്ത് സ്ഥാപിക്കാൻ ഉദ്ദേശിച്ചിട്ടുള്ള കുടിവെള്ള ടാങ്ക് നിർമ്മാണത്തിന്റെ നിലവിലെ പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

## കുടിവെള്ള ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിർമ്മാണ പ്രവൃത്തി

1075 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻക്കര നഗരസഭ പ്രദേശത്ത് കുടിവെള്ളം എത്തിക്കുന്നതിനുവേണ്ടി ടെണ്ടർ നടപടി പൂർത്തീകരിച്ച പുതിയ ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

## കാഞ്ഞൂർ പഞ്ചായത്തിലെ കുടിവെള്ളസംഭരണിയിലേയ്ക്ക് പൊതുവഴി നിർമ്മാണം

1076 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ മണ്ഡലത്തിലെ കാഞ്ഞൂർ പഞ്ചായത്തിൽ ജലജീവൻ പദ്ധതിയുടെ ഭാഗമായുള്ള കുടിവെള്ളസംഭരണി നിർമ്മിക്കാനുദ്ദേശിക്കുന്ന സ്ഥലത്തേക്ക് വാഹന ഗതാഗത സൗകര്യമുള്ള പൊതുവഴിയുണ്ടോയെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത കുടിവെള്ളസംഭരണി നിർമ്മാണം സംബന്ധിച്ച നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(സി) ജലജീവൻ പദ്ധതിയിലുൾപ്പെടുത്തിയ കുടിവെള്ളസംഭരണി നിർമ്മാണ സ്ഥലത്തേക്ക് റോഡ് നിർമ്മിക്കാനുള്ള എന്തെങ്കിലും പ്രൊപ്പോസൽ പരിഗണനയിലുണ്ടോയെന്നും ഉണ്ടെങ്കിൽ ആയത് ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ;

(ഡി) ഈ വിഷയത്തിൽ ജലവിഭവ വകുപ്പിന്റെ പരിഗണനയിലുള്ള 230219/2024/ സിആർയു/കെ.ഡബ്ല്യൂ.എ. എന്ന ഫയലിലെ നിലവിലെ നടപടികൾ വ്യക്തമാക്കാമോ; ഇതിലെന്തെങ്കിലും കത്തിടപാടുകൾ നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പുകൾ ലഭ്യമാക്കുമോ?

## ജൽ ജീവൻ പദ്ധതി പ്രവൃത്തികൾ

1077 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിൽ പ്രധാൻ മന്ത്രി ഗ്രാമ സഡക് യോജന റോഡുകളിൽ ജൽ ജീവൻ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ പറ്റാത്തത് കൊണ്ട്

റോഡ് ടാറിംഗ് പ്രവൃത്തികൾ ആരംഭിക്കാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ പി.എം.ജി.എസ്.വൈ. ഫണ്ട് ഉപയോഗിച്ച് നവീകരിക്കുന്ന റോഡുകളിലെ റീസ്റ്റോറേഷൻ പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

**<u>തൃക്കാക്കരയിലെ കുടിവെള്ളക്ഷാമം</u>**

1078 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കാക്കര മണ്ഡലത്തിലെ പ്രദേശങ്ങൾ ഉൾപ്പെടെയുള്ള എറണാകുളം ജില്ലയിലെ വിവിധ മേഖലകളിൽ ഉണ്ടാകുന്ന രൂക്ഷമായ കുടിവെള്ളക്ഷാമത്തിന് പരിഹാരം കാണുന്നതിന് വേണ്ടി അമ്മനത്ത് പള്ളത്ത് സ്ഥാപിക്കുന്ന ക്രോസ് റെഗുലേറ്റർ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) തൃക്കാക്കര മുനിസിപ്പാലിറ്റി, കൊച്ചിൻ കോർപ്പറേഷൻ ഉൾപ്പെടെയുള്ള സമീപപ്രദേശങ്ങളിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനായി 190 എം.എൽ.ഡി. (മില്ല്യൺസ് ഓഫ് ലിറ്റർ പെർ ഡേ) ജലശുദ്ധീകരണശാല സ്ഥാപിക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്തെന്ന് വിശദമാക്കാമോ?

**<u>ജലവിഭവകുപ്പിന് കീഴിൽ കാഞ്ഞങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ</u>**

1079 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജലവിഭവകുപ്പിന് കീഴിൽ കാഞ്ഞങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കിയതും നടപ്പിലാക്കി കൊണ്ടിരിക്കുന്നതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികളുടെ വിശദവിവരങ്ങൾ പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ;

(ബി) ഓരോ പദ്ധതിയുടെയും പ്രവർത്തന പുരോഗതി വിശദമാക്കാമോ?

**<u>കണ്ണൂർ ജില്ലയിലെ കണ്ണവം മേഖലയിലെ ഉരുൾപൊട്ടൽ</u>**

1080 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കണ്ണവം മേഖലയിൽ ഉരുൾപൊട്ടിയ സാഹചര്യത്തിൽ മട്ടന്നൂർ നിയോജകമണ്ഡലത്തിൽ പുഴകളുടെ വശങ്ങൾ അപകടകരമാംവിധം മണ്ണിടിഞ്ഞു പോയതിനാൽ വശം കെട്ടാനുള്ള നടപടി ഉൾപ്പെടെ വകുപ്പ് എടുത്ത നടപടികൾ വിശദമാക്കാമോ;

(ബി) പുഴകളുടെ ഒഴുക്കിനെ ബാധിക്കുന്ന രീതിയിൽ മൺകൂനകളും വൻമരങ്ങളും ഉൾപ്പെടെ പുഴയിൽ നിൽക്കുന്നത് നീക്കം ചെയ്യുന്നതിനും വീടുകളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനും നടപടികൾ സ്വീകരിക്കുമോ?

**<u>ജല അതോറിറ്റിയുടെ ജലേതര വരുമാനം വർദ്ധിപ്പിക്കാൻ നടപടി</u>**

1081 **ഡോ. എൻ. ജയരാജ്**
**ശ്രീ. ജോബ് മൈക്കിൾ**
**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ**
**ശ്രീ. പ്രമോദ് നാരായൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല അതോറിറ്റിയുടെ ജലേതര വരുമാനം ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ജല അതോറിറ്റിയുടെ എഞ്ചിനീയറിങ്ങ്, ലാബ് സംവിധാനങ്ങൾ ഉപയോഗിച്ച് തൊഴിൽ പരിശീലനങ്ങൾ നല്കുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കാമോ;

(സി) ജല അതോറിറ്റിയുടെ കീഴിലുള്ള റസ്റ്റ് ഹൗസുകൾ, മറ്റ് കെട്ടിടങ്ങൾ എന്നിവ വാടകയ്ക്ക് നല്കി വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## വാട്ടർ അതോറിറ്റി കരാറുകാരുടെ കുടിശിക

1082 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റി കരാറുകാർക്ക് നിലവിൽ എന്ത് തുക കുടിശിക നൽകാനുണ്ട്; വിശദാംശം ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) കുടിശ്ശിക നൽകാത്തതിനാൽ പൈപ്പ് ലൈനിലെ അറ്റകുറ്റപ്പണികൾ ഉൾപ്പെടെ മുടങ്ങുന്ന പ്രതിസന്ധി ഒഴിവാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## ജല അതോറിറ്റിയുടെ സൗജന്യ ജലവിതരണം

1083 **ശ്രീ. നജീബ് കാന്തപുരം**
**ശ്രീ. പി. അബ്ദുൽ ഹമീദ്**
**ശ്രീ. പി. ഉബൈദുള്ള**
**ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം വിഭാഗത്തിൽപ്പെട്ടവർക്കാണ് ജല അതോറിറ്റി സൗജന്യമായി ജലവിതരണം നടത്തുന്നത്;

(ബി) ഇപ്രകാരം ജലവിതരണം നടത്തുന്നതിന്റെ സാമ്പത്തിക ബാധ്യത സർക്കാർ ഏറ്റെടുത്തിട്ടുണ്ടോ;

(സി) സാമ്പത്തിക പ്രതിസന്ധി നേരിടുന്ന ജല അതോറിറ്റിക്ക് ഈ ബാധ്യത ഏറ്റെടുക്കാൻ കഴിയാത്തതിനാൽ സൗജന്യ ജലവിതരണം തുടർന്ന് നടത്താൻ കഴിയില്ലെന്ന് അറിയിച്ചിട്ടുണ്ടോ;

(ഡി) ഗ്രാമീണ മേഖലയിലെ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളുടെ വാട്ടർ കണക്ഷൻ വിഛേദിക്കപ്പെടാതിരിക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

## പൊൻകുന്നം സബ്ഡിവിഷന് പുതിയ കെട്ടിടം

1084 **ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊൻകുന്നം വാട്ടർ അതോറിറ്റി സബ്ഡിവിഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) ഇതിനായി തയാറാക്കിയിരിക്കുന്ന എസ്റ്റിമേറ്റ് തുക എത്രയെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത തുക അനുവദിച്ച് നിർമ്മാണപ്രവൃത്തികൾ ടെണ്ടർ ചെയ്യാനുള്ള നടപടികൾ ത്വരിതപ്പെടുത്താമോ; വിശദമാക്കുമോ?

## കുടിവെള്ള വിതരണം തടസ്സപ്പെടാതിരിക്കാൻ നടപടി

1085 **ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. എം. വിൻസെന്റ്**
**ശ്രീ. റോജി എം. ജോൺ**
**ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗരപ്രദേശങ്ങളിൽ ഉൾപ്പെടെ പൈപ്പ് പൊട്ടലും അറ്റകുറ്റപ്പണികളും മൂലം കുടിവെള്ള വിതരണം തുടർച്ചയായി മുടങ്ങുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പൈപ്പ് ലൈനിലെ അറ്റകുറ്റപ്പണികൾ പരിഹരിക്കുന്നതിലുണ്ടായ വീഴ്ച മൂലം തിരുവനന്തപുരം നഗരത്തിൽ മൂന്ന് ദിവസത്തിൽ കൂടുതൽ കുടിവെള്ളം മുടങ്ങുകയും ജനജീവിതം ദുരിതത്തിലാകുകയും ചെയ്ത സംഭവത്തിൽ ഉത്തരവാദികളായവർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തൊക്കെ മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ടെന്നും അറിയിക്കുമോ;

(സി) നഗരത്തിലെ പ്രധാന റോഡുകളിലൂടെ കടന്നുപോകുന്ന പഴക്കമുള്ള പൈപ്പ് ലൈനുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## വെള്ളക്കരം വർദ്ധിപ്പിച്ചതിലൂടെ അധിക വരുമാനം

1086 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ എത്ര തവണ വാട്ടർ ചാർജ് ഉയർത്തിയിട്ടുണ്ട്; ഓരോ തവണയും എത്ര തുക വീതമാണ് വർദ്ധിപ്പിച്ചത്;

(ബി) വെള്ളക്കരം വർദ്ധിപ്പിച്ചതിലൂടെ ഓരോ തവണയും ലഭിച്ച അധിക വരുമാനം എത്രയാണെന്ന് വ്യക്തമാക്കുമോ?

## ജല അതോറിറ്റിയുടെ വരുമാനം വർദ്ധിപ്പിക്കാൻ നടപടി

1087 **ഡോ. എം. കെ. മുനീർ**
**ശ്രീ. കെ. പി. എ. മജീദ്**

**ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജല അതോറിറ്റിയുടെ നഷ്ടം നികത്തുന്നതിനായി കുടിവെള്ളേതര പദ്ധതികൾ ആവിഷ്കരിക്കാൻ ആലോചിക്കുന്നുണ്ടോ;

(ബി) ജല അതോറിറ്റിയുടെ ഉപയോഗശൂന്യമായ ഭൂമിയിൽ വ്യാപാര വാണിജ്യകേന്ദ്രങ്ങൾ തുടങ്ങാനും വിനോദസഞ്ചാര മേഖലകളിൽ അടക്കമുള്ള ഗസ്റ്റ് ഹൗസുകൾ നവീകരിച്ച് പൊതുജനങ്ങൾക്ക് നൽകുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) ഈ പദ്ധതികളിലൂടെ പ്രതീക്ഷിക്കുന്ന വരുമാന വർദ്ധനവ് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

## വാട്ടർ അതോറിറ്റിയിലെ ജീവനക്കാര്യം

1088 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിലെ ഓരോ തസ്തികയിലും നിലവിൽ ജോലി ചെയ്യുന്ന ആളുകളുടെ എണ്ണം സ്ഥിരം ജീവനക്കാർ, താൽക്കാലിക ജീവനക്കാർ, കരാർ ജീവനക്കാർ എന്നിങ്ങനെ തരംതിരിച്ച് ലഭ്യമാക്കാമോ;

(ബി) കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിലവിൽ ഏതെല്ലാം തസ്തികകളിൽ നിയമനം നടത്താതെ മാറ്റിവെച്ചിട്ടുണ്ട്; വിശദമാക്കാമോ?

## ബി.പി.എൽ. കുടുംബങ്ങൾക്ക് സൗജന്യ ജലവിതരണത്തിനുള്ള തുക

1089 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ജല അതോറിറ്റി ബി.പി.എൽ. കുടുംബങ്ങൾക്ക് സൗജന്യമായി ജലവിതരണം നടത്തുന്നുണ്ടോയെന്ന് അറിയിക്കുമോ;

(ബി) ഈ പദ്ധതിക്ക് സർക്കാർ സഹായം നൽകുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ ഈ ഇനത്തിൽ എത്ര തുക ജല അതോറിറ്റിയ്ക്ക് നൽകാനുണ്ടെന്ന് അറിയിക്കുമോ; ഈ തുക എപ്പോൾ നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

## ജല അതോറിറ്റിക്ക് ലഭ്യമാകുവാനുള്ള കുടിശ്ശിക

1090 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ, സർക്കാർ ഓഫീസുകൾ, വൻകിട സ്വകാര്യസ്ഥാപനങ്ങൾ, ഗാർഹിക ഉപയോക്താക്കൾ തുടങ്ങിയവ ജല അതോറിറ്റിക്ക് നൽകുവാനുള്ള കുടിശ്ശികയുടെ വിശദാംശം തരംതിരിച്ച് ലഭ്യമാക്കുമോ;

(ബി) ഇത്തരത്തിൽ വന്നിട്ടുള്ള കുടിശ്ശിക പിരിച്ചെടുക്കുവാൻ ജല അതോറിറ്റി എന്തൊക്കെ നൂതനമായ മാർഗങ്ങൾ സ്വീകരിച്ചു വരുന്നുവെന്ന് വിശദമാക്കുമോ;

(സി) കേരള വാട്ടർ അതോറിറ്റി നിലവിൽ എത്ര കോടി രൂപയുടെ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ?

**ജപ്പാൻ കുടിവെള്ള പദ്ധതി**

1091 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിലെ കോട്ടൂർ ഗ്രാമപഞ്ചായത്തിലൂടെ കടന്നു പോകുന്ന ജപ്പാൻ കുടിവെള്ള പദ്ധതിയുടെ മെയിൻ പൈപ്പ് ലൈനിന് യാതൊരു കേടുപാടുകളും സംഭവിക്കാതെ വേട്ടുണ്ടമല വരപ്പുറത്ത് കണ്ടി റോഡ് ടാറിംഗ് ചെയ്യുന്നതിന് വാട്ടർ അതോറിറ്റി ഇതുവരെ അനുമതി ലഭ്യമാക്കിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡ് വാട്ടർ അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ളതായതിനാൽ എം.എൽ.എ. ഫണ്ട് അനുവദിച്ചിട്ടും റോഡ് നവീകരിക്കാൻ കഴിയാത്തത് കാരണം പ്രദേശവാസികൾക്ക് ഉണ്ടാകുന്ന യാത്രാക്ലേശം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കാമോ;

(സി) കോട്ടൂർ ഗ്രാമപഞ്ചായത്തിലെ വേട്ടുണ്ടമല വരപ്പുറത്ത് കണ്ടി റോഡ് നവീകരിക്കുന്നതിന് അനുമതിയ്ക്കായി സമർപ്പിച്ച അപേക്ഷയിൽ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

**അപകടാവസ്ഥയിലുള്ള അക്വാഡക്റ്റ് പൊളിച്ചുമാറ്റുന്നതിന് നടപടി**

1092 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം, പുറമേരി ഗ്രാമപഞ്ചായത്തുകളുടെ അതിർത്തി പങ്കിടുന്ന കക്കംവള്ളിയിലെ അക്വാഡക്റ്റ് കാലപ്പഴക്കത്താൽ ജീർണിച്ച് അപകട ഭീഷണി ഉയർത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വളരെക്കാലമായി ജലവിതരണം നടത്താൻ സാധിക്കാത്തതും ജനങ്ങളുടെയും വിദ്യാർത്ഥികളുടെയും ജീവന് ഭീഷണി ഉയർത്തുന്നതുമായ പ്രസ്തുത അക്വാഡക്റ്റ് പൊളിച്ചു മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**ജല അതോറിറ്റി ഏറ്റെടുത്ത റോഡുകളുടെ സ്ഥിതി**

1093 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജല ജീവൻ മിഷൻ പ്രകാരമുള്ള പ്രവൃത്തികൾ നടത്തുന്നതിനായി പൊതുമരാമത്ത് വിഭാഗം ജല അതോറിറ്റിക്ക് കൈമാറുന്ന റോഡുകൾ തിരികെ നൽകുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ, വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാകാതെ ജല അതോറിറ്റിയുടെ കൈവശം റോഡ് നിലനിൽക്കുമ്പോൾ റോഡ് ഗതാഗതയോഗ്യമായ നിലയിൽ തന്നെ നിലനിർത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്നും ഇതിനായി ഫണ്ട് വകയിരുത്തുന്നുണ്ടോയെന്നും അറിയിക്കുമോ; പ്രവൃത്തി ഏറ്റെടുത്ത

കരാറുകാകാരുമായി റോഡ് ഗതാഗതയോഗ്യമായ നിലയിൽ തന്നെ നിലനിർത്തണമെന്നുള്ള എഗ്രിമെന്റ് ചെയ്യാറുണ്ടോ;

(സി) പൊതുമരാമത്തിന്റെ റണ്ണിംഗ് മെയിന്റനൻസ് കരാറിൽ ഉൾപ്പെടുന്ന റോഡുകൾ പോലും ജല ജീവൻ പ്രവൃത്തികൾക്കായി ഏറ്റെടുത്ത് ജല അതോറിറ്റി വർക്കുകൾ അനന്തമായി നീണ്ടു പോകുന്നതു മൂലം റോഡ് സഞ്ചാരയോഗ്യമല്ലാതാകുന്നതും അപകടങ്ങൾ ഉണ്ടാകുന്നതുമായ അവസ്ഥ പരിഹരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## എറണാകുളത്തെ വ്യവസായിക ജലവിതരണ പദ്ധതി

1094 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിൻഫ്രയുടെ എറണാകുളത്തെ 45 എം.എൽ.ഡി. വ്യവസായിക ജലവിതരണ പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് പെരിയാറിലെ ജലലഭ്യത സംബന്ധിച്ച് വകുപ്പ് നടത്തിയ പഠന റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

## ഇരിങ്ങാംചിറ നവീകരണം

1095 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ മഴുവന്നൂർ ഗ്രാമ പഞ്ചായത്തിലെ ജലവിഭവ വകുപ്പിന്റെ തട്ടാമുകൾ പമ്പ് ഹൗസ് സ്ഥിതി ചെയ്യുന്ന ഇരിങ്ങാംചിറയുടെ നവീകരണത്തിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഫയലിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നവീകരണ പദ്ധതിയുടെ എസ്റ്റിമേറ്റ് തുക എത്രയെന്ന് അറിയിക്കാമോ;

(സി) സാങ്കേതിക തടസങ്ങൾ ഒഴിവാക്കി ചിറ നവീകരണത്തിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## രൂക്ഷമായ ജലക്ഷാമം പരിഹരിക്കാൻ നടപടി

1096 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ പള്ളിപ്പുറം ഗ്രാമപഞ്ചായത്തിൽ ചെറായി ജംഗ്ഷൻ മുതൽ മുനമ്പം വരെ അനുഭവപ്പെടുന്ന രൂക്ഷമായ ജലക്ഷാമം പരിഹരിക്കുന്നതിനായി ഫീഡർ ലൈൻ സ്ഥാപിക്കുന്നതിനായുള്ള പ്രൊപ്പോസലിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) ഇതു സംബന്ധിച്ച സാധ്യതാ പഠനം പൂർത്തിയായോ; എങ്കിൽ തുടർനടപടി എന്തെന്ന് വ്യക്തമാക്കാമോ?

## പറമ്പുതളി വെസ്റ്റ് പഞ്ചായത്ത് റോഡ്

1097 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാന മന്ത്രി ഗ്രാമ സഡക് യോജന 2013-14 പ്രകാരം പ്രവൃത്തി പൂർത്തികരിച്ച മുല്ലശ്ശേരി ഗ്രാമ പഞ്ചായത്തിലൂടെ കടന്നുപോകുന്ന പറമ്പന്തളി വെസ്റ്റ് പഞ്ചായത്ത് റോഡ് കുടിവെള്ള പൈപ്പ് സ്ഥാപിക്കുന്നതിന്റെ ഭാഗമായി തകർന്ന നിലയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡ് പുനരുദ്ധാരണത്തിനായി കേരള വാട്ടർ അതോറിറ്റി അടയ്ക്കേണ്ട തുക മുഴുവനായും അടച്ചിട്ടില്ലാത്തതിനാൽ പുനരുദ്ധാരണ പ്രവൃത്തികൾ നടന്നിട്ടില്ലായെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ എത്രയും വേഗം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ?

## <u>ആറ്റപ്പിള്ളി റെഗുലേറ്റർ കം ബ്രിഡ്ജ്</u>

1098 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽപ്പെട്ട മറ്റത്തൂർ, വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട്, കുറുമാലിപ്പുഴയിൽ നിർമ്മിച്ച ആറ്റപ്പിള്ളി റെഗുലേറ്റർ കം ബ്രിഡ്ജിന്റെ അപ്രോച്ച് റോഡ് തകർന്നതിനെ തുടർന്ന് ഗതാഗതം തടസ്സപ്പെട്ട് വർഷങ്ങൾ പിന്നിട്ട സാഹചര്യത്തിൽ അടിയന്തരമായി സർവ്വീസ് റോഡിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നും നടപടികൾ ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ;

(ബി) ആറ്റപ്പിള്ളി റെഗുലേറ്റർ കം ബ്രിഡ്ജിന്റെ അപ്രോച്ച് റോഡിന്റെ അപകടാവസ്ഥ പരിഹരിച്ച് നിർമ്മാണം പൂർത്തിയാക്കുന്നതിനും റെഗുലേറ്റർ പ്രവർത്തനക്ഷമമാക്കുന്നതിനും ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

## <u>മാവേലിക്കര മണ്ഡലത്തിലെ ശുദ്ധജലവിതരണ പദ്ധതികൾ</u>

1099 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ ഉൾപ്പെട്ട തെക്കേക്കര ഗ്രാമപഞ്ചായത്തിലെ തെക്കേക്കര ശുദ്ധജലവിതരണ പദ്ധതിയുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) തെക്കേക്കര ഗ്രാമപഞ്ചായത്തിലെ കുറച്ചുക്കാട് കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് കല്ലുമല റയിൽവേ ലൈൻ ക്രോസിംഗിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) മാവേലിക്കര തഴക്കര ഗ്രാമപഞ്ചായത്തിൽ വാർഡ്-7 ൽ കല്ലുവളയം പള്ളിക്കു സമീപം അച്ചൻകോവിലാർ ആറ്റുതീരം സംരക്ഷണഭിത്തി കെട്ടുവാൻ ബജറ്റിൽ അനുവദിച്ച മൂന്ന് കോടിയുടെ പദ്ധതി നടപ്പിലാക്കുവാൻ മേജർ ഇറിഗേഷൻ

സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; പ്രസ്തുത പ്രവൃത്തി വേഗത്തിൽ ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

## കുറ്റൂർ പള്ളിമലയിൽ കുടിവെള്ള ടാങ്ക്

1100 **ശ്രീ മാത്യു ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റൂർ പള്ളിമലയിൽ കുടിവെള്ള ടാങ്ക് നിർമ്മിക്കുന്ന നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; ഇതിന്റെ നിർമ്മാണം എപ്പോൾ ആരംഭിക്കുവാൻ സാധിക്കുമെന്ന് അറിയിക്കാമോ?

## മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കുള്ള തൊഴിൽ തീരം പദ്ധതി

1101 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ ഉന്നമനത്തിനായി നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ ഒരംഗത്തിനെങ്കിലും മത്സ്യബന്ധന മേഖലയിലല്ലാതെ മറ്റൊരു തൊഴിൽ ഉറപ്പാക്കുന്നതിനായി നടപ്പാക്കിയ തൊഴിൽ തീരം പദ്ധതി പ്രകാരം എത്രപേർക്ക് തൊഴിൽ നൽകാൻ സാധിച്ച എന്ന് വ്യക്തമാക്കാമോ; ഈ പദ്ധതി തുടരുന്നുണ്ടോ;

(സി) ഈ കുടുംബങ്ങളിലെ യുവാക്കൾക്ക് ആഴക്കടൽ മത്സ്യബന്ധനത്തിൽ പരിശീലനം നൽകുവാനും ആവശ്യമെങ്കിൽ മത്സ്യബന്ധന ബോട്ടുകളും ഉപകരണങ്ങളും നൽകുവാനും നടപടി സ്വീകരിക്കുമോ?

## ഫിഷറീസ് വകുപ്പിലെ താൽക്കാലിക ജീവനക്കാരെ വാട്സ്ആപ്പ് സന്ദേശം മുഖേന പിരിച്ചുവിടൽ

1102 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് വകുപ്പിലെ താൽക്കാലിക ജീവനക്കാരെ പിരിച്ചുവിടുന്നതിന് ജില്ലാ ഓഫീസർമാരായ ഡെപ്യൂട്ടി ഡയറക്ടർമാർ വാട്സ്ആപ്പ് സന്ദേശം വഴി നിർദേശം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ ഇപ്രകാരം നിർദേശം നൽകിയതിന്റെ കാരണങ്ങൾ വിശദമാക്കുമോ;

(ബി) ഏതൊക്കെ തസ്തികകളിൽ ജോലി ചെയ്തിരുന്ന എത്ര താൽക്കാലിക ജീവനക്കാരെയാണ് ഇപ്രകാരം പിരിച്ചുവിട്ടതെന്ന് വിശദമാക്കാമോ;

(സി) പിരിച്ചുവിട്ട ജീവനക്കാർക്ക് ശമ്പളവും മറ്റു ബത്തകളും പൂർണമായും വിതരണം ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ ?

## മത്സ്യത്തൊഴിലാളികളുടെ ക്ഷേമ പ്രവർത്തനങ്ങൾക്കുള്ള തുക

1103 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി 2024-25 സാമ്പത്തിക വർഷത്തെ ബജറ്റിൽ നീക്കിവെച്ചിട്ടുള്ള ആകെ തുക എത്രയാണ്; ഇതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദാംശം ഇനം തിരിച്ച് വ്യക്തമാക്കുമോ?

## പ്രാദേശിക മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപടി

1104 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ വന്ന ശേഷം പ്രാദേശിക മത്സ്യകൃഷി പ്രോത്സാഹിപ്പിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി തദ്ദേശീയ മത്സ്യകർഷകർക്ക് മത്സ്യക്കുഞ്ഞുങ്ങളെ വിതരണം ചെയ്തുവരുന്നുണ്ടോ; എങ്കിൽ ഏതൊക്കെയിനം മത്സ്യക്കുഞ്ഞുങ്ങളെയാണ് വിതരണം ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രാദേശികമായി ഉല്പാദിപ്പിക്കുന്ന മത്സ്യങ്ങളുടെ വിപണന സാധ്യത വർദ്ധിപ്പിക്കുന്നതിന് വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

## മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ

1105 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ഏതൊക്കെയാണെന്നും പ്രസ്തുത ആനുകൂല്യങ്ങളിൽ ഓരോന്നിലും നിലവിൽ എത്ര കുടിശിക ഉണ്ടെന്നും ഇനം തിരിച്ച് വിശദമാക്കുമോ;

(ബി) കുടിശ്ശിക തീർത്ത് ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് ആനുകൂല്യങ്ങളുടെ വിതരണത്തിലെ തടസ്സം

1106 **ശ്രീ. എം. വിൻസെന്റ്**
**ശ്രീ. സി. ആർ. മഹേഷ്**
**ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നുള്ള വിവിധ ആനുകൂല്യങ്ങളുടെ വിതരണം തടസ്സപ്പെട്ടിരിക്കുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിൽ കാലതാമസം ഉണ്ടാവുന്നതിന്റെ കാരണം വ്യക്തമാക്കുമോ; മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി സംബന്ധിച്ച് വിശദമാക്കാമോ;

(സി) മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമനിധി അംശദായം ഉയർത്തിയ നടപടി പ്രസ്തുത മേഖലയിലെ തൊഴിലാളികൾക്ക് കൂടുതൽ പ്രതിസന്ധി സൃഷ്ടിച്ചിട്ടുള്ളത് ഗൗരവത്തോടെ കാണുന്നുണ്ടോ; അംശദായമുയർത്തിയ നടപടി അടിയന്തരമായി പിൻവലിക്കുമോ; വ്യക്തമാക്കുമോ?

**<u>തീരദേശ വികസന കോർപ്പറേഷൻ എന്തൊക്കെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്നതിനെക്കുറിച്ച്.</u>**

1107 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ വികസന കോർപ്പറേഷൻ മുഖേന 2016 മുതൽ ഇതുവരെ സംസ്ഥാനത്ത് ഏതൊക്കെ പദ്ധതികളാണ് നടപ്പാക്കിയതെന്നും ആരോഗ്യമേഖലയിൽ എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

**<u>കാഞ്ഞങ്ങാട് മണ്ഡലത്തിലെ ഫിഷറീസ് വകുപ്പ് പദ്ധതികൾ</u>**

1108 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാഞ്ഞങ്ങാട് മണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കിയതും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) ഓരോ പ്രവൃത്തിയുടെയും പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ?

**<u>മത്സ്യബന്ധന മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടി</u>**

1109 **ശ്രീ. എം. വിൻസെന്റ്**
**ശ്രീ. സി. ആർ. മഹേഷ്**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനഞ്ച് വർഷം പൂർത്തിയായ ബോട്ടുകൾ പൊളിച്ചു മാറ്റണമെന്ന നയം മത്സ്യബന്ധന മേഖലയിൽ പ്രതിസന്ധി സൃഷ്ടിക്കുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ;

(ബി) പ്രസ്തുത കാലാവധി പൂർത്തിയാക്കിയ ബോട്ടുകൾ ഒഴിവാക്കി പുതിയതു വാങ്ങുന്നതിന് വൻതുക ചെലവാകുന്ന സാഹചര്യത്തിൽ, ഇതിനായി പ്രത്യേക വായ്പാ പദ്ധതികളും സബ്സിഡിയും നൽകാൻ തയ്യാറാകുമോ; വിശദമാക്കുമോ;

(സി) യന്ത്രവൽകൃത മത്സ്യബന്ധന യാനങ്ങളിൽ ഫിഷറീസ് വകുപ്പ് ഉദ്യോഗസ്ഥർ പരിശോധന നടത്തുന്ന വേളയിൽ ബോട്ടുടമകളെയും മത്സ്യത്തൊഴിലാളികളെയും ചൂഷണം ചെയ്യുന്ന രീതിയിൽ വലിയ പിഴ ഈടാക്കുന്നതായും മത്സ്യം കണ്ടുകെട്ടുന്നതായും ഉള്ള ആക്ഷേപം ഗൗരവത്തോടെ കാണുന്നുണ്ടോ; എങ്കിൽ പരിഹാര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ ?

**<u>മത്സ്യത്തൊഴിലാളികളുടെ കടബാധ്യത</u>**

1110 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളെ കടബാധ്യതയിൽ നിന്നും മോചിപ്പിക്കുന്നതിനുവേണ്ടി രൂപീകരിച്ച കടാശ്വാസ കമ്മീഷന്റെ കാലാവധി ദീർഘിപ്പിച്ചിട്ടുണ്ടോ;

(ബി) മത്സ്യഫെഡിന്റെ വായ്പയ്ക്കുമേൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിക്കായി ഈ വർഷം എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

## <u>മത്സ്യത്തൊഴിലാളികൾക്ക് നൽകുന്ന പരിരക്ഷകൾ</u>

1111 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ മത്സ്യത്തൊഴിലാളികൾക്ക് തൊഴിലിനിടയിൽ സംഭവിക്കുന്ന അപകടങ്ങൾക്ക് നൽകിവരുന്ന പരിരക്ഷകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഇപ്രകാരം 2021, 2022, 2023 വർഷങ്ങളിൽ എത്ര മത്സ്യത്തൊഴിലാളികൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ?

## <u>ചെറുമത്സ്യങ്ങളെ പിടിക്കുന്നത് തടയാൻ നടപടി</u>

1112 **ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. യു. എ. ലത്തീഫ്**
**ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വളർച്ചയെത്താത്ത മത്തി ഉൾപ്പെടെയുള്ള ചെറുമത്സ്യങ്ങളെ വ്യാപകമായി പിടിച്ച് കോഴിത്തീറ്റ, വളം എന്നിവ നിർമ്മിക്കുന്നതിന് ഉപയോഗിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) നിശ്ചിത വലിപ്പമുള്ള മത്സ്യങ്ങളെ പിടിക്കരുതെന്ന നിയമം ലംഘിക്കുന്നവർക്കെതിരെ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടി വ്യക്തമാക്കുമോ;

(സി) ട്രോൾ ബോട്ടുകളുടെ ആഴക്കടൽ മത്സ്യബന്ധനവും പെലാജിക്, പെയർ ട്രോളിംഗും നിയന്ത്രിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## <u>മത്സ്യത്തൊഴിലാളികൾക്കുള്ള മണ്ണെണ്ണ സബ്സിഡി</u>

1113 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ (2016 മുതൽ )നാളിതുവരെ മത്സ്യത്തൊഴിലാളികൾക്കുള്ള മണ്ണെണ്ണ സബ്സിഡി ഉയർത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇന്ധന വിലവർധനവ് മൂലം മത്സ്യത്തൊഴിലാളികൾ കടുത്ത പ്രതിസന്ധി അഭിമുഖീകരിക്കുന്ന സാഹചര്യത്തിൽ സബ്സിഡി തുക ഉയർത്തുന്നതിന് നടപടി

സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**സമുദ്ര ആവാസവ്യവസ്ഥ സംരക്ഷിക്കുന്നതിന് നടപടി**

1114 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സമുദ്ര ജീവികളെ സംരക്ഷിക്കാനും പാരിസ്ഥിതിക വെല്ലുവിളികൾ കുറയ്ക്കാനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി പ്രത്യേക പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

**കല്ല്യാശ്ശേരി മണ്ഡലത്തിൽ കല്ലുമ്മക്കായ-കടൽ മത്സ്യ വിത്തുല്പാദന കേന്ദ്രത്തിന്റെ നിർമ്മാണം**

1115 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ പുതിയങ്ങാടിയിൽ 5 കോടി രൂപ ചെലവഴിച്ച് തീരദേശ വികസന കോപ്പറേഷൻ മുഖേന ആരംഭിച്ച കല്ലുമ്മക്കായ-കടൽ മത്സ്യ വിത്തുല്പാദന കേന്ദ്രത്തിന്റെ നിർമ്മാണ പ്രവൃത്തി പൂർത്തിയായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

**കുട്ടനാട്ടിലെ ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി**

1116 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ ഉൾനാടൻ മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) കുട്ടനാട്ടിൽ നാടൻ മത്സ്യക്കുഞ്ഞുങ്ങളെ കൂടുതലായി നിക്ഷേപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**പൂക്കുളം സുനാമി ഫ്ലാറ്റ് നവീകരണം**

1117 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിലുൾപ്പെട്ട പരവൂർ നഗരസഭയിലെ പൂക്കുളം സുനാമി ഫ്ലാറ്റുകളിൽ ഉൾപ്പെട്ട പതിനാറ് ഫ്ലാറ്റുകളിലെ നൂറ്റി ഇരുപത്തിയെട്ടു വീടുകൾ 160 ലക്ഷം രൂപ വിനിയോഗിച്ച് ഷീറ്റ് റൂഫിങ് നടത്തുന്നതിനുള്ള നടപടിയുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഫ്ലാറ്റുകളിൽ ഉൾപ്പെട്ട പതിനഞ്ചു ഫ്ലാറ്റുകളിലെ നൂറ്റി ഇരുപത് വീടുകൾക്ക് ഷീറ്റ് റൂഫിങ് നടത്തുന്നതിനായി തീരദേശ വികസന കോർപ്പറേഷൻ 2287/ ഇ/2023/കെ. എസ്.സി.എ.ഡി.സി. എന്ന നമ്പറിൽ 12 -06 -2024 ൽ ഫിഷറീസ് ഡയറക്ടർക്ക് സമർപ്പിച്ചിരുന്ന 149 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

## മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് ഉന്നതവിദ്യാഭ്യാസത്തിന് ധനസഹായം

1118 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് ഉന്നതവിഭ്യാഭ്യാസത്തിന് ധനസഹായത്തിനുള്ള പദ്ധതി എന്നാണ് നടപ്പാക്കിയിട്ടുള്ളത്;

(ബി) എത്ര ഗുണഭോക്താക്കൾക്കാണ് ഈ പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടുള്ളത്;

(സി) പദ്ധതിയിൽ നൽകിവരുന്ന സഹായധനം വർദ്ധിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

## മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിന് ഫ്ലാറ്റ് നിർമ്മാണം

1119 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് എത്ര ഫ്ലാറ്റുകൾ ഇതുവരെ നിർമ്മിച്ചിട്ടുണ്ടെന്നും ഇതുവഴി എത്ര കുടുംബങ്ങൾക്ക് വീട് ലഭിച്ചിട്ടുണ്ടെന്നും അറിയിക്കാമോ; മത്സ്യത്തൊഴിലാളികളിൽ എത്രപേർ ഇനിയും ഭവനരഹിതരായിട്ടുണ്ടെന്ന വിവരം ലഭ്യമാക്കാമോ?

## ഫിഷറീസ് കോളനിയിലെ കുടുംബങ്ങൾക്ക് പട്ടയം നൽകുന്നത്

1120 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിലെ ആനങ്ങാടി-കടലുണ്ടി നഗരത്തിലെ ഫിഷറീസ് കോളനിയിലെ കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിന് കോളനിയിലെ ഓരോ അംഗങ്ങൾക്കും പ്രത്യേകം എൻ.ഒ.സി. നൽകുന്നത് സംബന്ധിച്ച് വകുപ്പ് തലത്തിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ബി) പ്രസ്തുത കുടുംബങ്ങൾക്ക് ഫിഷറീസ് വകുപ്പ് നിർമ്മിച്ച് നൽകിയ വീട് നിലനിൽക്കുന്ന പരപ്പനങ്ങാടി മത്സ്യഭവന് കീഴിലെ സ്ഥലത്ത് വകുപ്പിന്റെ ഭാവി പ്രവർത്തനങ്ങൾക്ക് പദ്ധതി പ്രപ്പോസലുകൾ ഒന്നും നിലവിലില്ലെന്നും, കുടുംബങ്ങൾക്ക് പട്ടയം അനുവദിക്കാമെന്നും മലപ്പുറം ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ നൽകിയ ശിപാർശയിൽ ഫിഷറീസ് വകുപ്പ് സ്വീകരിച്ച നടപടിയുടെ പൂർണ്ണവിവരം ലഭ്യമാക്കാമോ?

## അമേരിക്ക ചെമ്മീൻ കയറ്റുമതിക്ക് ഏർപ്പെടുത്തിയ നിയന്ത്രണം

1121 **ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ**
**ഡോ. സുജിത് വിജയൻപിള്ള**
**ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലാമ സംരക്ഷണത്തിന്റെ പേരിൽ അമേരിക്ക ഇന്ത്യയിൽ നിന്നുള്ള ചെമ്മീൻ ഇറക്കുമതിക്ക് നിയന്ത്രണം ഏർപ്പെടുത്തിയത് സംസ്ഥാനത്തെ

മത്സ്യത്തൊഴിലാളികൾക്കും മത്സ്യവ്യവസായത്തിനും കടുത്ത പ്രഹരം ഏല്പിച്ചിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കേരളത്തിന് എത്ര കോടി രൂപയുടെ നഷ്ടമാണ് നിയന്ത്രണംമൂലം ഉണ്ടാകുക എന്ന് കണക്കാക്കിയിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ;

(സി) ഇതിന് പരിഹാരം കാണുന്നതിന് വേണ്ടി കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ട് അടിയന്തര തീരുമാനമെടുക്കാൻ സർക്കാർ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

## മത്സ്യത്തൊഴിലാളികളുടെ അതിജീവനത്തിന് പദ്ധതികൾ

1122 **ശ്രീ. പി. നന്ദകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ അതിജീവനത്തിനായി നടപ്പാക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) കേരള മറൈൻ ഫിഷിംഗ് റെഗുലേഷൻ ആക്ട് പ്രകാരം നിരോധിച്ച വലകൾ ഉപയോഗിച്ചുള്ള മത്സ്യബന്ധനം വ്യാപകമാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

## മഞ്ചേശ്വരം മണ്ഡലത്തിലെ തീരദേശ റോഡുകൾക്ക് ഭരണാനുമതി

1123 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ മൂസോടി-അദീക്ക റോഡ്, ആരിക്കാടി-കടവത്ത്പാറ റോഡ്, മൊഗ്രാൽ-കടവത്ത് ലിങ്ക് റോഡ് എന്നീ തീരദേശ റോഡുകൾക്ക് ഭരണാനുമതി നൽകുന്നത് സംബന്ധിച്ച നടപടിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

## ഉൾനാടൻ മത്സ്യകൃഷിയിലെ പ്രതിസന്ധികൾ

1124 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉൾനാടൻ മത്സ്യത്തിന്റെ പ്രധാന സ്രോതസ്സായ പുഴകളിലെയും കായലുകളിലെയും ആവാസ വ്യവസ്ഥയിലുണ്ടായിട്ടുള്ള തകർച്ച പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(ബി) ഉൾനാടൻ മത്സ്യകൃഷി നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധിയായ മത്സ്യരോഗങ്ങളുടെ ദ്രുതഗതിയിലുള്ള വ്യാപനം തടയുന്നതിനുവേണ്ടിയുള്ള ജലജീവി ആരോഗ്യകേന്ദ്രങ്ങളുടെ പ്രവർത്തനം വിശകലന വിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ആലപ്പുഴ മണ്ഡലത്തിൽ ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി മത്സ്യകർഷകർക്ക് ഏതെല്ലാം സേവനങ്ങളാണ് നൽകുന്നതെന്ന് തദ്ദേശസ്ഥാപന അടിസ്ഥാനത്തിൽ വിശദമാക്കാമോ?

## അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽ പുനർഗേഹം പദ്ധതി

1125 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനർഗേഹം പദ്ധതിയിൽ അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽ എത്ര ഗുണഭോക്താക്കളാണ് ഉള്ളത്; ഇവരിൽ ആനുകൂല്യം ലഭിച്ചവർ എത്രപേരുണ്ട്; വിശദമാക്കാമോ;

(ബി) ഇവർക്കായി നിർമ്മിക്കുന്ന ഫ്ലാറ്റിന്റെ നിർമ്മാണം പൂർത്തിയാക്കി ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്താണ് കാരണം; ഫ്ലാറ്റിൽ എത്ര ഗുണഭോക്താക്കൾക്കാണ് സൗകര്യം ലഭിക്കുക; എന്നത്തേക്ക് ഇത് കൈമാറാൻ കഴിയുമെന്ന് അറിയിക്കാമോ; വിശദമാക്കാമോ ?

## <u>പുനർഗേഹം പദ്ധതി</u>

1126 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനർഗേഹം പദ്ധതി പ്രകാരം കോഴിക്കോട് നോർത്ത് നിയോജക മണ്ഡലത്തിൽ നിർമ്മിക്കുന്ന ഭവനപദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

## <u>പരമ്പരാഗത മത്സ്യത്തൊഴിലാളികളെ സംരക്ഷിക്കാൻ നടപടി</u>

1127 **ശ്രീ. എം. വിൻസെന്റ്**
**ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാ മുന്നറിയിപ്പ് മൂലമുള്ള തൊഴിൽ നഷ്ടം, ഇന്ധന വിലവർദ്ധന, മത്സ്യത്തിന് ന്യായവില ലഭിക്കാത്തത് തുടങ്ങിയ പ്രതികൂല സാഹചര്യങ്ങൾമൂലം മത്സ്യത്തൊഴിലാളികൾ കടുത്ത പ്രതിസന്ധി നേരിടുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) ഇന്ധന വിലവർദ്ധന മൂലം മത്സ്യത്തൊഴിലാളികൾ വലിയ പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ സബ്സിഡി തുക വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(സി) പെയർട്രോളിംഗ്, ലൈറ്റ് ഫിഷിംഗ്, പെലാജിക് ട്രോളിംഗ് തുടങ്ങിയ നിരോധിത മത്സ്യബന്ധന മാർഗങ്ങൾ ഫലപ്രദമായി തടഞ്ഞുകൊണ്ട് പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## <u>അലങ്കാര മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതി</u>

1128 **ശ്രീ. കെ. ജെ. മാക്സി**
**ശ്രീമതി ദെലീമ**

**ശ്രീ എം എസ് അരുൺ കുമാർ**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അലങ്കാര മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) അലങ്കാരമത്സ്യത്തിന്റെ വിപണനം പ്രോത്സാഹിപ്പിക്കാൻ എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ; വിശദമാക്കുമോ;

(സി) കേരള അക്വാ വെഞ്ച്വേഴ്സ് ഇന്റർനാഷണൽ ലിമിറ്റഡിനെ പുനരുജ്ജീവിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ഡി) അലങ്കാരമത്സ്യ കർഷകരുടെ എഫ്.പി.ഒ. രൂപീകരിക്കുന്നതിന് സർക്കാർ സന്നദ്ധമാകുമോ;?

## മത്സ്യത്തൊഴിലാളികളുടെ ജീവിത മാർഗം മെച്ചപ്പെടുത്താൻ നടപടി

1129 **ശ്രീ. കെ. പി. എ. മജീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാ മുന്നറിയിപ്പ് കാരണം കടലിൽ പോകുന്നത് നിരോധിക്കുന്നതിനാൽ മത്സ്യത്തൊഴിലാളികളുടെ ജീവിത മാർഗം തടസ്സപ്പെടുന്നതു സർക്കാർ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ എന്തെങ്കിലും പരിഹാര മാർഗ്ഗം സർക്കാർ കണ്ടെത്തിയിട്ടുണ്ടോ;

(ബി) കടലിൽ പോകുന്നതു നിരോധിക്കുന്ന ദിവസങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് മിനിമം വേതനം നൽകണമെന്ന ആവശ്യത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ?

## മുഖദാർ ഫിഷ് ലാന്റിംഗ് സെന്റർ

1130 **ശ്രീ. അഹമ്മദ് ദേവർകോവിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സൗത്ത് മണ്ഡലത്തിലെ മുഖദാർ ഫിഷ് ലാന്റിംഗ് സെന്ററിന്റെ പ്രവൃത്തിയുടെ നിലവിലെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

## പൊഴിയൂർ മത്സ്യത്തൊഴിലാളികൾക്കുള്ള പുനർഗേഹം പദ്ധതി

1131 **ശ്രീ. കെ. ആൻസലൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊഴിയൂർ മത്സ്യത്തൊഴിലാളികൾക്കുള്ള പുനർഗേഹം പദ്ധതിയിൽ പുതുതായി എത്ര ഗുണഭോക്താക്കളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത് എന്ന് വിശദമാക്കാമോ;

(ബി) പുതിയ പുനർഗേഹം പദ്ധതിയുടെ ഡി.പി.ആർ.(വിശദമായ പദ്ധതി രേഖ) പൂർത്തീകരിച്ചിട്ടുണ്ടോ; എത്ര കോടി രൂപയാണ് ഡി.പി.ആർ. പ്രകാരം അനുവദിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

## മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിലെ ആനുകൂല്യങ്ങൾ

1132 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽനിന്നും വിതരണം ചെയ്യപ്പെടുന്ന ആനുകൂല്യങ്ങൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ; ഓരോ ആനുകൂല്യത്തിലും നിലവിൽ എത്ര തുക കുടിശ്ശികയുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ ?

## വെള്ളയിൽ മത്സ്യഭവൻ നിർമ്മാണം

1133 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നോർത്ത് മണ്ഡലത്തിലെ വെള്ളയിൽ മത്സ്യഭവൻ നിർമ്മാണത്തിനായി തയ്യാറാക്കിയ പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി വേഗത്തിൽ നടപ്പിൽവരുത്തുവാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

## മത്സ്യ ഭവനുകൾ

1134 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഉത്തരവ് നമ്പർ ജി.ഒ.(എം.എസ്.) 33/98/മ.ഉ.വ. തീയതി 31.07.1998 പ്രകാരം മത്സ്യബന്ധന വകുപ്പിന് കീഴിൽ സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന നൂറ് മത്സ്യഭവനുകളിൽ എത്രയെണ്ണം സ്ഥാപിച്ചിട്ടുണ്ട്; അവ ഏതെല്ലാമാണ്; വിശദമാക്കാമോ;

(ബി) പ്രസ്തുത ഉത്തരവ് പ്രകാരം സ്ഥാപിതമാകാൻ ബാക്കിയുള്ള മത്സ്യ ഭവനുകൾ എവിടെയെല്ലാമാണ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതെന്നും അത് സ്ഥാപിക്കുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കാമോ;

(സി) ഈ സർക്കാരിന്റെ കാലയളവിൽ പുതുതായി ആരംഭിച്ചിട്ടുള്ള മത്സ്യ ഭവനുകൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ;

(ഡി) നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന മത്സ്യ ഭവനുകളിൽ ഓരോന്നിലും ഉള്ള തസ്തികകളുടെ വിശദവിവരവും എണ്ണവും അവയിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകളുടെ എണ്ണം തസ്തിക തിരിച്ചും വ്യക്തമാക്കാമോ?

## തീരദേശ പാക്കേജുകൾ

1135 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ തീരദേശ പാക്കേജുകളിലായി ഈ സാമ്പത്തിക വർഷം എത്ര തുക വകയിരുത്തിയിട്ടുണ്ട്; എത്ര തുക ചെലവഴിച്ചിട്ടുണ്ട്; ഇനംതിരിച്ച് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ ഓരോ സാമ്പത്തിക വർഷവും ഈ ഇനത്തിൽ

വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും എത്രയെന്ന് വ്യക്തമാക്കുമോ?

## കയറ്റുമതി ലക്ഷ്യമിട്ട് ആധുനിക രീതിയിലുള്ള മത്സ്യബന്ധന തുറമുഖം

1136 **ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീ ഡി കെ മുരളി**
**ശ്രീ. കെ. ആൻസലൻ**
**ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്തി കയറ്റുമതി ലക്ഷ്യമിട്ട് ആധുനിക രീതിയിലുള്ള മത്സ്യബന്ധന തുറമുഖം നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ രൂപരേഖ തയ്യാറായിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി ഏത് ഏജൻസി മുഖേനയാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്നു വ്യക്തമാക്കുമോ?

## വിഴിഞ്ഞം പുനരധിവാസ പദ്ധതിയും കട്ടമരത്തൊഴിലാളികളും

1137 **ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ വി ജോയി**
**ശ്രീ. കെ. ആൻസലൻ**
**ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം പുനരധിവാസ പദ്ധതിയുടെ ഭാഗമായി മത്സ്യ തൊഴിലാളികളുടെ പുനരധിവാസത്തിനായി നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(ബി) കട്ടമരത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) എത്ര കട്ടമരത്തൊഴിലാളികൾക്ക് ഇതിനകം ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) കട്ടമരത്തൊഴിലാളികളുടെ പരാതിയുമായി ബന്ധപ്പെട്ട വിഷയങ്ങളിലെ അന്വേഷണ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## അജാനൂർ മത്സ്യബന്ധന തുറമുഖം സ്ഥാപിക്കൽ

1138 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ അജാനൂർ മത്സ്യബന്ധന തുറമുഖം സ്ഥാപിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

## ഹാർബർ മാനേജ്മെന്റ് സൊസൈറ്റി

1139 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിഷിംഗ് ഹാർബറുകളുടെ പരിപാലനത്തിനായി മത്സ്യത്തൊഴിലാളികൾക്കുകൂടി പങ്കാളിത്തമുള്ള ഹാർബർ മാനേജ്മെന്റ് സൊസൈറ്റിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പദ്ധതി വഴി മത്സ്യത്തൊഴിലാളികൾക്കും ഹാർബർ പരിപാലനത്തിനും വേണ്ടി എന്തൊക്കെ പ്രവർത്തനങ്ങളാണ് നടന്നുവരുന്നതെന്ന് വിശദമാക്കാമോ?

**<u>മത്സ്യഫെഡിന്റെ അന്തിപ്പച്ച മത്സ്യ വിപണനം പദ്ധതി</u>**

1140 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യഫെഡിന്റെ അന്തിപ്പച്ച മത്സ്യ വിപണനം എന്ന പദ്ധതിയുടെ വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം മത്സ്യഫെഡിന് വാഹനം വാങ്ങുന്നതിന് മണലൂർ എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 18 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത വാഹനം വാങ്ങുന്നതിന് ഭരണാനുമതി ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; ആയതു സംബന്ധിച്ച വിശദാംശം നൽകാമോ ?

**<u>മത്സ്യലഭ്യതയിലെ ഇടിവ്</u>**

1141 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രതിവർഷം മത്സ്യലഭ്യതയിൽ ഇടിവുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ പ്രതിവർഷം എത്ര ടൺ മത്സ്യമാണ് ലഭിച്ചത്; നിലവിലെ സ്ഥിതി എന്താണ്; വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് ദൈനംദിനം ആവശ്യമായ മത്സ്യത്തിന്റെ അളവെത്ര; നിലവിൽ മത്സ്യലഭ്യതയുടെ അളവെത്ര; ദൈനംദിനം ഇതര സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലെത്തുന്ന മത്സ്യത്തിന്റെ അളവെത്ര; വിശദാംശം ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്തിന് മത്സ്യലഭ്യതയിൽ എന്നത്തേക്ക് സ്വയംപര്യാപ്തത കൈവരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ; വിശദമാക്കുമോ?

**<u>മത്സ്യത്തിന്റെ ഗുണമേന്മ പരിശോധനാ സ്ട്രിപ്പുകൾ</u>**

1142 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തിന്റെ ഗുണമേന്മയും മായം ചേർന്നിട്ടുണ്ടോയെന്നതും ഗുണഭോക്താവിന് നേരിട്ട് പരിശോധിക്കുന്നതിന് സഹായിക്കുന്ന സ്ട്രിപ്പുകൾ പൊതു വിപണിയിൽ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ?

## <u>മാങ്കാംകുഴി, താമരക്കുളം മത്സ്യമാർക്കറ്റുകളുടെ നിർമ്മാണം</u>

1143 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ മാങ്കാംകുഴി, താമരക്കുളം മത്സ്യമാർക്കറ്റുകളുടെ നിർമ്മാണത്തിന് സ്വീകരിച്ച നടപടി വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ എത്രയുംവേഗം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

## <u>കൂടൽ ആധുനിക ഫിഷ് മാർക്കറ്റ്</u>

1144 **ശ്രീ കെ യു ജനീഷ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ നിന്നും തുക അനുവദിച്ച് നിർമ്മാണം ആരംഭിച്ച കോന്നി മണ്ഡലത്തിലെ കൂടൽ ആധുനിക ഫിഷ് മാർക്കറ്റിന്റെ നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി വിശദമാക്കാമോ?

## <u>കടൽ ചെമ്മീൻ ഇറക്കുമതി വിലക്ക് മൂലമുള്ള പ്രതിസന്ധി പരിഹരിക്കാൻ നടപടി</u>

1145 **ശ്രീ. ഇ കെ വിജയൻ**
**ശ്രീ പി എസ് സുപാൽ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീ. പി. ബാലചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നമ്മുടെ രാജ്യത്തിൽനിന്നുള്ള കടൽ ചെമ്മീൻ ഇറക്കുമതിക്ക് അമേരിക്ക വിലക്ക് തുടരുന്ന സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ കടൽമത്സ്യ കയറ്റുമതി നേരിടുന്ന പ്രതിസന്ധി വിശകലന വിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) അമേരിക്കയുടെ ചെമ്മീൻ ഇറക്കുമതി നിരോധനത്തെ തുടർന്ന് മറ്റ് രാജ്യങ്ങളും നമ്മുടെ രാജ്യത്തിൽ നിന്നുള്ള കടൽ ചെമ്മീൻ ഇറക്കുമതിയിൽ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) അമേരിക്കയുടെ ചെമ്മീൻ ഇറക്കുമതി നിരോധനം തുടരുന്ന സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ മത്സ്യബന്ധന-വിപണന മേഖലയിലുണ്ടായിട്ടുള്ള പ്രതിസന്ധി പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ഡി) ചെമ്മീൻ വിലയിടിവുമൂലം ഉണ്ടായിട്ടുള്ള പ്രതിസന്ധി നേരിടുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ അത് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## <u>ആലപ്പുഴ മത്സ്യമാർക്കറ്റ് നവീകരണം</u>

1146 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഫിഷറീസ് വകുപ്പ് മുഖേന ആലപ്പുഴ മണ്ഡലത്തിൽ നടപ്പാക്കിയതും നടപ്പാക്കാൻ ഉദ്ദേശിക്കുന്നതുമായ

പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ആലപ്പുഴ മണ്ഡലത്തിലെ മത്സ്യമാർക്കറ്റുകളുടെ നവീകരണത്തിനായി പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## കാസർകോട് ജില്ലയിലെ തീരദേശ റോഡുകൾ

1147 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ കാസർകോട് ജില്ലയിൽ അനുവദിച്ച തീരദേശ റോഡുകൾ ഏതൊക്കെയെന്ന്അവയുടെ ഭരണാനുമതിതുക സഹിതം മണ്ഡലം തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റോഡുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അവയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ;

(സി) 2024-25 വർഷത്തിൽ കാസർകോട് ജില്ലയിൽ തീരദേശ റോഡ് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ മണ്ഡലം തിരിച്ച് അവയുടെ പേരു വിവരം നൽകുമോ?

## അരൂർ മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ

1148 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിൽ 2021 മുതൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടപ്പിലാക്കിയ പ്രവൃത്തികൾ ഏതെല്ലാമാണെന്നും അവയുടെ നിലവിലെ സ്ഥിതി എന്തെന്നും വിശദമാക്കാമോ?

## കുണ്ടറ നിയോജകമണ്ഡലത്തിലെ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ റോഡുകൾ

1149 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ നിയോജകമണ്ഡലത്തിന്റെ പരിധിയിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ മേൽനോട്ടത്തിൽ നടന്നുവരുന്ന റോഡ് പ്രവൃത്തികളുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത റോഡുകളുടെ പൂർത്തീകരണത്തിന് കാലതാമസം നേരിടുന്നുണ്ടെങ്കിൽ അതിൽ ഓരോന്നിന്റെയും കാരണം എന്തെന്ന് വിശദമാക്കാമോ?

## തീരദേശ റോഡ് പുനരുദ്ധാരണ പദ്ധതി

1150 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന തീരദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി കോഴിക്കോട് ജില്ലയിൽ ഏതെല്ലാം പദ്ധതികൾക്ക് എത്ര രൂപ വീതം അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഓരോ പദ്ധതിയുടെയും നിലവിലുള്ള സ്ഥിതി വ്യക്തമാക്കുമോ?

## പൊഴിയൂരിൽ മത്സ്യബന്ധന തുറമുഖം

1151 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര പൊഴിയൂരിൽ അനുവദിച്ച മത്സ്യബന്ധന തുറമുഖത്തിന്റെ എന്തൊക്കെ നടപടികൾ പൂർത്തീകരിച്ചു; നിർമ്മാണ പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയും; വിശദമാക്കാമോ?

## ഫിഷറീസ് വകുപ്പ് അനുവദിച്ച റോഡ് പ്രവൃത്തികൾ

1152 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് അനുവദിച്ച റോഡ് പ്രവൃത്തികളുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ?

## കുണ്ടറയിലെ കുഫോസിന്റെ പ്രാദേശിക കേന്ദ്രം

1153 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറയിൽ കുഫോസിന്റെ പ്രാദേശിക കേന്ദ്രം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് പേരയം ഗ്രാമപഞ്ചായത്ത് പരിധിയിൽ താല്ക്കാലികമായി ആരംഭിക്കുന്നതിനായി ഫിഷറീസ് സർവ്വകലാശാല അധികൃതർ കെട്ടിട പരിശോധന നടത്തിയതിനു ശേഷം എന്തു നടപടിയാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രാദേശിക കേന്ദ്രം നിർമ്മിക്കുന്നതിന് എം.എൽ.എ.യുടെ ആസ്തിവികസന ഫണ്ടിൽ നിന്നും തുക അനുവദിച്ചു നൽകാം എന്ന് 02/08/2024 ൽ സാക്ഷ്യപത്രം നൽകിയതിനു ശേഷം എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

## പയ്യന്നൂർ ഫിഷറീസ് കോളേജിന് കെട്ടിടം

1154 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ ഫിഷറീസ് കോളേജിന് കെട്ടിടം നിർമ്മിക്കുന്നതിന് എത്ര ഏക്കർ ഭൂമിയാണ് അനുവദിച്ചത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) അനുവദിച്ച ഭൂമിയിൽ കെട്ടിടം നിർമ്മിക്കുന്ന നടപടി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(സി) കെട്ടിട നിർമ്മാണത്തിനായി 2023-24, 2024-25 എന്നീ സാമ്പത്തിക വർഷങ്ങളിലെ ബഡ്ജറ്റിൽ തുക നീക്കിവെച്ചിട്ടുണ്ടോ; എങ്കിൽ എത്രയാണെന്ന് വിശദമാക്കാമോ?

## ഓഡിയോ വിഷ്വൽ തിയേറ്റർ നിർമ്മാണം

1155 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരത്തെ മോയിൻ കുട്ടി വൈദ്യർ മാപ്പിള കലാ അക്കാദമിയുടെ ഉപകേന്ദ്രത്തിൽ അനുവദിച്ച ഓഡിയോ വിഷ്വൽ തിയേറ്റർ നിർമ്മാണത്തിന്റെ പുരോഗതി അറിയിക്കാമോ;

(ബി) പ്രസ്തുത തിയേറ്റർ നിർമ്മാണത്തിന്റെ എസ്റ്റിമേറ്റ് എത്രയെന്ന് വെളിപ്പെടുത്തുമോ;

(സി) തിയേറ്റർ നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കുമെന്ന് അറിയിക്കാമോ?

## സാംസ്കാരിക ക്ഷേമ നിധി ബോർഡ് മുഖേന നൽകുന്ന ആനുകൂല്യങ്ങൾ

1156 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംസ്കാരിക വകുപ്പിന്റെ കീഴിൽ രൂപീകരിച്ചിട്ടുള്ള സാംസ്കാരിക ക്ഷേമ നിധി ബോർഡിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നും എന്തെല്ലാം ആനുകൂല്യങ്ങളാണ് പ്രസ്തുത ബോർഡിൽ അംഗമായിട്ടുള്ളവർക്ക് ലഭിക്കുകയെന്നും വിശദമാക്കാമോ?

## ചിറക്കലിൽ മഹാകവി ചെറുശ്ശേരിക്ക് സ്മാരകം

1157 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറക്കലിൽ മഹാകവി ചെറുശ്ശേരിക്ക് സ്മാരകം നിർമ്മിക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തിയുടെ ഡി.പി.ആർ. പൂർത്തിയായിട്ടുണ്ടോയെന്നും ഭരണാനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

(സി) എങ്കിൽ പ്രസ്തുത പ്രവൃത്തി സംബന്ധിച്ച ഫയലിലെ വിശദാംശം ലഭ്യമാക്കാമോ?

## പാരമ്പര്യകലകളുടെ സംരക്ഷണവും പ്രോത്സാഹനവും

1158 **ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാരമ്പര്യകലകളുടെ സംരക്ഷണവും പ്രോത്സാഹനവും ലക്ഷ്യമിട്ട് നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശവും അവയുടെ നിലവിലെ സ്ഥിതിയും അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾ ഏതൊക്കെ സ്ഥാപനങ്ങൾ മുഖേനയാണ് നടപ്പാക്കിവരുന്നതെന്നും എല്ലാ ജില്ലകളിലും പ്രാദേശിക കേന്ദ്രങ്ങൾ സ്ഥാപിച്ച് പാരമ്പര്യകലകളുടെ വ്യാപനം സാധ്യമാകുമോയെന്ന് പരിശോധിച്ചിട്ടുണ്ടോയെന്നും അറിയിക്കുമോ; നിലവിൽ പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള സാംസ്കാരിക സമുച്ചയങ്ങൾ ഈ ആവശ്യത്തിനുകൂടി ഉപയോഗിക്കുന്നതിന് നടപടി സ്വീകരിക്കാമോ;

(സി) ദേശീയ, അന്തർദേശീയ വേദികളിൽ കേരളത്തിന്റെ പാരമ്പര്യകലകൾ അവതരിപ്പിക്കുന്നതിന് പ്രാപ്തമാക്കുന്ന വിധത്തിൽ യുവതീയുവാക്കൾക്ക് പരിശീലനം നൽകുന്നതിന് പദ്ധതി രൂപീകരിക്കുമോ;

(ഡി) പാരമ്പര്യകലകളുടെ പ്രോത്സാഹനത്തിനായി പ്രവർത്തിച്ചുവരുന്ന സാംസ്കാരിക സ്ഥാപനങ്ങൾക്ക് നൽകിവരുന്ന ധനസഹായം കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) പാരമ്പര്യകലകളുടെയും ശാസ്ത്രീയകലകളുടെയും സ്വീകാര്യത അന്താരാഷ്ട്രതലത്തിൽ ഉറപ്പിക്കുന്നതിന്റെ ഭാഗമായി കേരളത്തിൽ ഒരു സാംസ്കാരിക സർവകലാശാലയ്ക്ക് രൂപം കൊടുക്കുന്ന നടപടികളുടെ പുരോഗതി അറിയിക്കാമോ?

## തൃക്കാക്കര മണ്ഡലത്തിലെ സാംസ്കാരിക വകുപ്പിന്റെ സ്ഥാപനങ്ങൾ

1159 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംസ്കാരിക വകുപ്പിന് കീഴിൽ തൃക്കാക്കര മണ്ഡലത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ/കേന്ദ്രങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഇതിൽ ഏതെല്ലാം സാംസ്കാരിക സ്ഥാപനങ്ങൾക്ക്/കേന്ദ്രങ്ങൾക്ക് 2016-2017 മുതൽ 2023-2024 സാമ്പത്തിക വർഷം വരെ എന്തെല്ലാം ധനസഹായങ്ങൾ നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

## ഹേമ കമ്മിറ്റി റിപ്പോർട്ട്

1160 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയാള സിനിമാ മേഖലയിൽ സ്ത്രീകളുടെ സുരക്ഷയും അവകാശങ്ങളും ഉറപ്പാക്കാൻ സർക്കാർ നിയോഗിച്ച ഹേമ കമ്മിറ്റിയുടെ റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ വിശദീകരിക്കാമോ;

(ബി) ഹേമ കമ്മിറ്റി റിപ്പോർട്ട് കൈപ്പറ്റിയിട്ടും അതിന്റെ ശിപാർശകൾ നടപ്പാക്കുന്നതിൽ നിന്നും സർക്കാർ പിന്നോട്ട് പോകാനുണ്ടായ സാഹചര്യം എന്താണ്; വിശദാംശം നൽകുമോ;

(സി) മലയാള സിനിമാ മേഖലയിൽ സ്ത്രീകൾ നേരിടുന്ന വെല്ലുവിളികൾക്ക് പരിഹാരം കാണാൻ ഹേമ കമ്മിറ്റി നൽകിയ ശിപാർശകൾ എത്രയും വേഗം നടപ്പിലാക്കുമോ;

(ഡി) റിപ്പോർട്ടിന്റെ വെളിച്ചത്തിൽ സ്ത്രീകളുടെ സുരക്ഷയും അവസരങ്ങളും ഉറപ്പുവരുത്താനും അവരിൽ നിയമപരമായ അവബോധം സൃഷ്ടിക്കാനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## നവോത്ഥാന കമ്മിറ്റി

1161 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ നവോത്ഥാന കമ്മിറ്റി നിലവിൽ ഉണ്ടോ; എങ്കിൽ ആരൊക്കെയാണ് കമ്മിറ്റിയുടെ ഭാരവാഹികൾ; വ്യക്തമാക്കാമോ;

(ബി) നവോത്ഥാന കമ്മിറ്റിയിലെ മെമ്പർമാർ ആരെല്ലാമാണ്;

(സി) ഈ വർഷം നവോത്ഥാന കമ്മിറ്റി എന്തൊക്കെ പരിപാടികളാണ് ആസൂത്രണം ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) നവോത്ഥാന കമ്മിറ്റി മെമ്പർമാർക്ക് ഓണറേറിയം നൽകാറുണ്ടോ; എങ്കിൽ ഈ വർഷം ടി ഇനത്തിൽ എത്ര രൂപ ചെലവഴിച്ചു; വിശദമാക്കാമോ?

## കേരള തുളു അക്കാദമിയുടെ പ്രവർത്തനങ്ങൾ

1162 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള തുളു അക്കാദമിയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് വേണ്ടി ഫണ്ട് അനുവദിക്കുന്നതിനായി അപേക്ഷ നൽകിയിട്ടുണ്ടോ ;

(ബി) സാംസ്കാരിക വകുപ്പിന് കീഴിൽ കാസർഗോഡ് ജില്ലയിൽ ഏതൊക്കെ സ്ഥാപനങ്ങളാണുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഈ സ്ഥാപനങ്ങൾക്കെല്ലാം സർക്കാർ ഗ്രാന്റ് നൽകാറുണ്ടോ?

## നാട്ടരങ്ങ് പദ്ധതി

1163 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിൽ മൂന്നിയൂർ ഗ്രാമപഞ്ചായത്തിലെ പതിമൂന്നാം വാർഡിൽ കടലുണ്ടി പുഴയോരത്ത് ചുഴലി മണാല പ്രദേശത്ത് ഗ്രാമപഞ്ചായത്തിന്റെ പരിപാലനത്തിലുള്ള 20 സെന്റ് സ്ഥലം നാട്ടരങ്ങ് പദ്ധതിക്ക് വിട്ടുനൽകാൻ അനുമതി നൽകുമോ; വ്യക്തമാക്കാമോ;

(ബി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത പദ്ധതിക്കായി എത്ര തുക ചെലവഴിച്ചുവെന്ന് വിശദമാക്കാമോ?

## വാഗ്ഭടാനന്ദ സാംസ്കാരിക സമുച്ചയം

1164 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംസ്കാരിക നിലയങ്ങളുടെ നിർമ്മാണത്തിനായി നൽകിവരുന്ന ധന സഹായപദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) സാമൂഹ്യ പരിഷ്കർത്താവായ വാഗ്ഭടാനന്ദ ഗുരുദേവരുടെ ജന്മദേശത്ത് നിർമ്മിക്കുന്ന സാംസ്കാരിക സമുച്ചയത്തിന്റെ നിർമ്മാണ പുരോഗതി വിശദമാക്കുമോ;

(സി) പ്രസ്തുത സാംസ്കാരിക സമുച്ചയത്തിന്റെ നിർമ്മാണത്തിനാവശ്യമായ തുക ത്വരിതഗതിയിൽ ലഭ്യമാക്കി പ്രവൃത്തി പൂർത്തീകരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത് എന്ന് വിശദീകരിക്കുമോ?

## മട്ടന്നൂർ ഡിഫറന്റ് ആർട്സ് സെന്റർ ആൻഡ് കൾച്ചറൽ കോംപ്ലക്സ് നിർമ്മാണം

1165 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ മണ്ഡലത്തിലെ ഡിഫറന്റ് ആർട്സ് സെന്റർ ആൻഡ് കൾച്ചറൽ കോംപ്ലക്സിന്റെ നിർമ്മാണത്തിന്റെ പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി ദ്രുതഗതിയിൽ പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കുമോ?

## വിളവൂർക്കൽ പഞ്ചായത്തിൽ നാട്ടരങ്ങ് പദ്ധതി

1166 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിലെ വിളവൂർക്കൽ പഞ്ചായത്തിൽ നടപ്പിലാക്കാൻ നിർദ്ദേശിച്ചിരുന്ന നാട്ടരങ്ങ് പദ്ധതി പരിഗണനയിലുണ്ടോ; തുടർ നടപടി സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

## കലാഭവൻ മണി സ്മാരക നിർമ്മാണം

1167 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിൽ കലാഭവൻ മണി സ്മാരകം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ്; വിശദമാക്കുമോ;

(ബി) പ്രസ്തുത സ്മാരകത്തിന്റെ നിർമ്മാണം എപ്പോൾ ആരംഭിച്ച് എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കുമോ?

## രാമു കാര്യാട്ട് സിനിമ തിയേറ്റർ

1168 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിലെ ചേറ്റുവയിൽ സാംസ്കാരികകാര്യ വകുപ്പ് മുഖേന നിർമ്മിക്കുന്ന രാമു കാര്യാട്ട് സിനിമ തിയേറ്ററിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

## കായംകുളം മൾട്ടിപ്ലക്സ് തീയേറ്റർ

1169 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ മുഖേന നിർമ്മിക്കുന്ന കായംകുളം മൾട്ടിപ്ലക്സ് തീയേറ്ററിന്റെ നിർമ്മാണപുരോഗതി വിശദമാക്കാമോ;

(ബി) ഇനിയും നടത്താനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ എന്തൊക്കെയെന്നും എന്നേക്ക് നിർമ്മാണം പൂർത്തീകരിക്കാൻ കഴിയുമെന്നും വിശദമാക്കാമോ?

## ഹേമ കമ്മിറ്റി റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികൾ

1170 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. ടി. ജെ. വിനോദ്**
**ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹേമ കമ്മിറ്റി റിപ്പോർട്ടിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിൽ കാലതാമസം ഉണ്ടായത് സംബന്ധിച്ച് ഹൈക്കോടതി സർക്കാരിനെ വിമർശിച്ചത് ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഹേമ കമ്മിറ്റി റിപ്പോർട്ട് ലഭിച്ചതിനെ തുടർന്ന് വകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത റിപ്പോർട്ട് രഹസ്യരേഖയായി സൂക്ഷിക്കണമെന്ന് ജസ്റ്റിസ് ഹേമ സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നോ; വിശദാംശം വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത റിപ്പോർട്ടിൽ ലൈംഗിക പീഡനം, പോക്സോ നിയമ പ്രകാരമുള്ള കുറ്റകൃത്യങ്ങൾ തുടങ്ങിയവ സംബന്ധിച്ച് പരാമർശം ഉള്ളതായി സർക്കാരിന് ബോധ്യപ്പെട്ടിരുന്നോ; എങ്കിൽ റിപ്പോർട്ടിന്മേൽ തുടർനടപടികൾ സ്വീകരിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ?

**<u>മാമാങ്കവുമായി ബന്ധപ്പെട്ട് നടത്തുന്ന പ്രവർത്തനങ്ങൾ</u>**

1171 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാമാങ്കവുമായി ബന്ധപ്പെട്ട് തിരുനാവായയിൽ സാംസ്കാരിക വകുപ്പ് ഏറ്റെടുത്ത് നടത്തുന്ന പദ്ധതികളും പ്രവർത്തനങ്ങളും വിശദമാക്കാമോ;

(ബി) മാമാങ്കവുമായി ബന്ധപ്പെട്ട് നടക്കുന്ന വിവിധ പരിപാടികൾക്ക് വകുപ്പിന്റെ പിന്തുണയും സാമ്പത്തിക സഹായവും ലഭ്യമാക്കുന്നുണ്ടോ;

(സി) മാമാങ്കവുമായി ബന്ധപ്പെട്ട് നടക്കുന്ന മാമാങ്ക മഹോത്സവവും മാമാങ്കത്തിന്റെ മറ്റ് ചരിത്രശേഷിപ്പുകളും ഏറ്റെടുത്ത് നടത്തുന്നതിന് വകുപ്പിന്റെ ആഭിമുഖ്യത്തിൽ തുഞ്ചൻ സ്മാരക ട്രസ്റ്റ് മാതൃകയിൽ ട്രസ്റ്റ് രൂപീകരിക്കണം എന്നുള്ള വിവിധ സംഘടനകളുടെ അഭ്യർത്ഥന ഏറ്റെടുക്കുന്നതിൽ എന്തെങ്കിലും തടസമുണ്ടോയെന്ന് അറിയിക്കാമോ?

**<u>കെ.എസ്.എഫ്.ഡി.സി. തീയേറ്റർ കോംപ്ലക്സ് നിർമ്മാണ പദ്ധതി</u>**

1172 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഡി.സി. തിയേറ്റർ കോംപ്ലക്സ് നിർമ്മാണ പുരോഗതി ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) നിർമ്മാണ പ്രവൃത്തികൾ വിലയിരുത്തുന്നതിനായി ബഹു. വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ യോഗം ചേർന്നിരുന്നോ; ഉണ്ടെങ്കിൽ യോഗതീരുമാനം എന്തൊക്കെയാണെന്ന വിവരം അറിയിക്കുമോ;

(സി) നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ച് എപ്പോൾ ഉദ്ഘാടനം ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കാമോ?

**<u>യുവജനകാര്യ വകുപ്പ് നടപ്പാക്കിയ പദ്ധതികൾ</u>**

1173 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം യുവജനകാര്യ വകുപ്പ് മുഖേന നടപ്പാക്കിയ പദ്ധതികളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം യുവജനകാര്യ വകുപ്പ് നടപ്പിലാക്കിയതും നടപ്പിലാക്കി വരുന്നതുമായ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**<u>പാലക്കാട് ജില്ലയിലെ യുവജനക്ഷേമ പദ്ധതികൾ</u>**

1174 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാലക്കാട് ജില്ലയിൽ യുവജനകാര്യ വകുപ്പും യുവജനക്ഷേമ ബോർഡും നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ആലത്തൂർ മണ്ഡലത്തിൽ യുവജനകാര്യ വകുപ്പും യുവജനക്ഷേമ ബോർഡും നടപ്പിലാക്കിയതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

**<u>കേരളോത്സവം ആകർഷകമാക്കുന്നതിനുള്ള നടപടി</u>**

1175 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേരളോത്സവം കൂടുതൽ ആകർഷകമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വിശദമാക്കുമോ;

(ബി) സംസ്ഥാന തലത്തിൽ മത്സര വിജയികൾക്ക് ഗ്രേസ് മാർക്ക് ഉൾപ്പെടെയുള്ള പ്രോത്സാഹനം ലഭിക്കുന്ന തരത്തിലുള്ള പദ്ധതി ആവിഷ്കരിക്കുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കുമോ;

(സി) കേരളോത്സവത്തിൽ കൂടുതൽ യുവജനങ്ങളെ പങ്കെടുപ്പിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ?

**<u>കേരള വോളന്റിയർ യൂത്ത് ആക്ഷൻ ഫോഴ്സിന്റെ പ്രവർത്തികൾ</u>**

1176 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന യുവജനക്ഷേമ ബോർഡ് രൂപീകരിച്ച സന്നദ്ധ സേവന സേനയായ കേരള വോളന്റിയർ യൂത്ത് ആക്ഷൻ ഫോഴ്സ് മുഖേന ഇപ്പോൾ നടത്തുന്ന

പ്രവർത്തനങ്ങൾ വിശദമാക്കുമോ; ഈ സന്നദ്ധസേനയിൽ നിലവിൽ എത്ര അംഗങ്ങളുണ്ടെന്ന് അറിയിക്കുമോ;

(ബി) കേരള വോളന്ററി യൂത്ത് ആക്ഷൻ ഫോഴ്സിലെ അംഗങ്ങൾക്ക് യൂണിഫോമും അനുബന്ധ സാമഗ്രികളും വാങ്ങിയതിൽ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ; ഇത്തരത്തിൽ ഓഡിറ്റ് പരാമർശമുണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(സി) ഈ വിഷയത്തിൽ ഓഡിറ്റ് വിഭാഗം കണ്ടെത്തിയ ന്യൂനതകൾ എന്തെന്നും ഈയിനത്തിൽ എത്ര തുക നഷ്ടം വന്നിട്ടുണ്ടെന്നും അറിയിക്കുമോ;

(ഡി) പ്രസ്തുത നഷ്ടം ഈടാക്കുന്നതിനും, ക്രമക്കേടുകൾക്കു കാരണമായവരുടെമേൽ നടപടി സ്വീകരിക്കുന്നതിനും എന്തൊക്കെ നടപടികൾ കൈക്കൊണ്ടുവെന്ന് വ്യക്തമാക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,
01-10-2024

ഡോ. എൻ. കൃഷ്ണ കുമാർ ,
സെക്രട്ടറി

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u>

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].